www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

2023 നവംബർ ₹12 പുസ്തകം 10 ലക്കം 4

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

കേരളീയം Keraleeyam

## മലയാളത്തിൽ എത്ര മലയാളങ്ങൾ





ഭാഷാസ്നേഹം
തീവ്രവികാരമാകുന്നിടത്തോളം
മലയാളം നിലനിൽക്കും

ഡോ. എം. ലീലാവതി

ടി.വി ചന്ദ്രൻ

മലയാള
സിനിമയുടെ
അവസ്ഥ
ശുഭസൂചകമാണ്





# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേക്ഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം / 2023 നവംബർ / പുസ്തകം 10 / ലക്കം 4

എഡിറ്റർ
**ടി.വി. സുഭാഷ് ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**വി. സലിൻ**
ഡെപ്യൂട്ടി എഡിറ്റർ
**കെ.പി. സരിത**
എഡിറ്റർ - ഇൻ - ചാർജ്
**കെ. എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**പ്രഭാത് നായർ**
സർക്കുലേഷൻ ഓഫീസർ
**മെർലിൻ ജെ.എൻ**
കവർ & ലേഔട്ട്
**ജോമോൻ പി.ജെ**
ടൈപ്പ് സെറ്റിങ്ങ്
**വിനിത വി. എസ്**

November 1 2023, Volume10, Issue 4
E-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ
അയയ്ക്കേണ്ട വിലാസം
**എഡിറ്റർ, സമകാലിക ജനപഥം**
**സെക്രട്ടറിയേറ്റ് അനക്സ്, ഒന്നാംനില**
**തിരുവനന്തപുരം–695001**
**0471- 2518171**
**prdmalayalam@gmail.com**

വരിക്കാരാകാൻ
**120 രൂപയുടെ മണി ഓർഡർ**
**ഡയറക്ടർ,**
**ഇൻഫർമേഷൻ**
**പബ്ലിക് റിലേഷൻ വകുപ്പ്**
**എഡിറ്റോറിയൽ വിഭാഗം, 1–ാം നില**
**സെക്രട്ടറിയേറ്റ് അനക്സ്–1**
**തിരുവനന്തപുരം–1**
എന്ന വിലാസത്തിൽ അയയ്ക്കുക
**0471- 2517036**
**iocirculation@gmail.com**

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല
അവയുടെ പൂർണ്ണ ഉത്തരവാദിത്വം
ലേഖകർക്കു മാത്രമായിരിക്കും

# പല മലയാളങ്ങളും ഭാവിയും



ആറു മലയാളിക്ക് നൂറുമലയാളം എന്നത് പതിഞ്ഞുപോയ ഒരു ചൊല്ലാണ്. മലയാളത്തിന്റെ ഭാഷാവൈവിധ്യങ്ങളെ സൂചിപ്പിക്കുന്ന അത്. എന്തായാലും 1965-ലെ ഭാഷാഭേദസർവേ പ്രകാരം കേരളത്തിൽ 12 ഭാഷാഭേദമേഖലകളുണ്ട്. വിദ്യാഭ്യാസത്തിലൂടെയും മാധ്യമങ്ങളിലൂടെയും പൊതു ഇടപെടലുകളിലൂടെയും മാനകഭാഷ എല്ലായിടവും എത്തിയെങ്കിലും ഈ മൊഴിഭേദങ്ങൾ കേരളത്തിനുള്ളിലെ പ്രാദേശിക സംസ്കൃതികളുടെ തനിമയായി നിലനില്ക്കുന്നു. ഒപ്പം മലയാളികളുടെ ഈ മാതൃഭൂമി ഭാഷാ അധീശത്വത്തിന് പകരം ഭാഷാ സഹവർത്തിത്വം പുലർത്തുന്നതിനാണ് നിലകൊള്ളുന്നതെന്നതും അഭിമാനകരമാണ്.

പ്രധാനമായും മലയാളത്തിന്റെ ചില പ്രാദേശികഭേദങ്ങളിലൂടെയുള്ള സഞ്ചാരമാണ് നവംബർ ലക്കം ഭാഷാപതിപ്പ്.

ഭരണഭാഷയെ ജനാധിപത്യവൽക്കരിക്കാൻ കൂടി ലക്ഷ്യമിടുകയാണ് ഈ സർക്കാർ. അപേക്ഷകളിൽ ജനങ്ങൾ താഴ്മയായി അപേക്ഷിക്കുന്നു പോലുള്ള പ്രയോഗങ്ങൾ ഒഴിവാക്കണമെന്ന് സർക്കാർ ഉത്തരവ് ഒരു ഉദാഹരണം. ഇങ്ങനെ ഭരണഭാഷയിൽ വഴിമാറുന്ന വാക്കുകളെക്കുറിച്ചുള്ള ലേഖനവും ഉൾപ്പെടുത്തിയിരിക്കുന്നു.

ഒപ്പം മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരി ഡോ.എം.ലീലാവതി, ചലച്ചിത്രമേഖലയ്ക്കു നൽകിയ സമഗ്രസംഭാവനയ്ക്ക് സംസ്ഥാനസർക്കാർ നല്കുന്ന ജെ.സി.ഡാനിയേൽ പുരസ്കാരം നേടിയ പ്രമുഖ സംവിധായകൻ ടി.വി.ചന്ദ്രൻ എന്നിവരുമായുള്ള അഭിമുഖങ്ങളും വായിക്കാം.

**ടി. വി. സുഭാഷ് ഐ.എ.എസ്**
എഡിറ്റർ

# ഉള്ളടക്കം


13 കേരളം വ്യത്യസ്ത ഭാഷകളുടെയും ഭാഷാഭേദങ്ങളുടെയും സംഗമഭൂമിയാണ്

ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ
പ്രൊഫ. എം. ശ്രീനാഥൻ
പി.വി. ഷാജികുമാർ
ഡോ. സ്മിത കെ. നായർ
ഡോ. പ്രമോദ് ഇരുമ്പുഴി
ഡോ. രമ്യ പി.പി
സി. റഹിം
എൻ.എസ്. സുമേഷ് കൃഷ്ണൻ
റെപ്സി മറിയം മാത്യു

36 സിനിമയിലെ പല മലയാളങ്ങൾ
ഡോ. രാജേഷ് എം.ആർ.

39 മാധ്യമഭാഷയുടെ രൂപാന്തരീകരണം
എസ്.ആർ സഞ്ജീവ്

41 വഴിമാറുന്ന വാക്കുകൾ
ഡോ. ആർ. ശിവകുമാർ

43 ഭരണഭാഷാനയവും സാക്ഷാൽക്കാരവും
കൃഷ്ണകുമാർ വി.ആർ

8 ഭാഷാസ്നേഹം തീവ്രവികാരമാകുന്നിടത്തോളം മലയാളം നിലനിൽക്കും
അഭിമുഖം/
ഡോ. എം. ലീലാവതി









# ഭാഷാ പതിപ്പ്



6 ഒരു രാജ്യം, ഒരു ഭാഷാവാദം വൈവിധ്യത്തിനു ഭീഷണി
പിണറായി വിജയൻ, മുഖ്യമന്ത്രി

46 മലയാള സിനിമയുടെ അവസ്ഥ ശുഭസൂചകമാണ്
അഭിമുഖം/ടി.വി ചന്ദ്രൻ



| വര: കെ.പി. വിൽഫ്രഡ് |



പിണറായി വിജയൻ
മുഖ്യമന്ത്രി

സംസ്കാരത്തെയും ചരിത്രത്തെയും മുന്നോട്ടു കൊണ്ടുപോകുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഒറ്റ ഭാഷയെന്ന വാദം വൈവിധ്യസമൃദ്ധമായ രാജ്യത്തിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാണ്.

ഭാഷയുടെ വളർച്ചയ്ക്കു ജനാധിപത്യപരമായ പദസ്വീകാര്യതാനയം പിന്തുടരണം. ദൈനംദിനജീവിതത്തിൽ മലയാളികൾ ഉപയോഗിക്കുന്ന അന്യഭാഷാ

# ഒരു രാജ്യം, ഒരു ഭാഷാവാദം വൈവിധ്യത്തിനു ഭീഷണി

മലയാളം ഉൾപ്പെടെയുള്ള മാതൃഭാഷകളെ അരികുവത്കരിച്ചുകൊണ്ട് ഒരു രാജ്യം ഒരു ഭാഷ എന്ന തരത്തിലുള്ള മുദ്രാവാക്യം ഉയർത്തുന്നതു രാജ്യത്തിന്റെ സംസ്കാരത്തിനും ചരിത്രത്തിനും വിരുദ്ധമാണ്. വിവിധ ഭാഷകളിൽ എഴുതപ്പെട്ടതെങ്കിലും ഒരേ ആശയം മുന്നോട്ടുവയ്ക്കുന്ന സാമ്രാജ്യത്വവിരുദ്ധഗാനങ്ങൾ ആ ചരിത്രത്തെയും സംസ്കാരത്തെയും വ്യക്തമാക്കുന്നതാണ്. ഒരു കാര്യം പലയിടങ്ങളിലേക്കു പല ഭാഷകളിൽ എത്തി. ഇത്തരത്തിൽ പല ഭാഷകളിൽനിന്ന് ഉയർന്ന മുദ്രാവാക്യങ്ങൾ സമന്വയിപ്പിച്ചാണു രാജ്യത്തിന്റെ അധിനിവേശവിരുദ്ധ ദേശീയത രൂപപ്പെട്ടത്. വിവിധ ഭാഷകൾ നാടിന്റെ



പദങ്ങളെയടക്കം നമ്മുടെ ഭാഷാപദങ്ങളായിക്കണ്ടു സ്വീകരിക്കാനും ഉപയോഗത്തിൽ കൊണ്ടുവരാനുമാകണം. ആഗോളതലത്തിൽ വളർന്ന ഭാഷകളെല്ലാം ഇത്തരം രീതികൾ അവലംബിച്ചിട്ടുണ്ട്. ദൈനംദിന വ്യവഹാരത്തിൽ ഉപയോഗിക്കപ്പെടുമ്പോഴാണ ഭാഷയ്ക്കു വളർച്ചയും നിലനിൽപ്പും ഉണ്ടാകുന്നത്.

അക്കാദമികതലത്തിൽ മാത്രമായി ഇതു ചുരുങ്ങിപ്പോയാൽ ഭാഷ കേവലം പ്രദർശന വസ്തുവായി പരിണമിക്കും. മാറുന്ന കാലത്തിന്റെ നൂതന സാധ്യതകൾ ഉപയോഗിച്ചു ഭാഷയെ പരിപോഷിപ്പിക്കണം. സാങ്കേതികവിദ്യാ സൗഹൃദമായ മലയാള ഭാഷാസോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കണം.

ശാസ്ത്ര മേഖലയുമായി ബന്ധപ്പെട്ട് ദിവസവുമെന്നോണം പുതിയ വാക്കുകൾ ഉണ്ടാകുന്നുണ്ട്. അവയെല്ലാം ഇംഗ്ലിഷിലാണ്. അവയ്ക്കു സമാന പദങ്ങൾ മലയാളത്തിൽ ഉണ്ടാക്കാനാകുമോയെന്നു നോക്കണം. മലയാളം ഒരു വൈജ്ഞാനിക ഭാഷ കൂടിയാകണം.❑

കൊച്ചിമെട്രോയുടെ ഒരു സ്റ്റേഷൻ കവാടം



## ഭാഷാസ്നേഹം തീവ്രവികാരമാകുന്നിടത്തോളം

# മലയാളം നിലനിൽക്കും

**മലയാളത്തിന്റെ പ്രിയപ്പെട്ട നിരൂപകയും അധ്യാപികയുമായ ഡോ.എം. ലീലാവതി സാഹിത്യത്തെയും ഭാഷയെയുംകുറിച്ച് സംസാരിക്കുന്നു. ഗവേഷണരംഗത്തെ സംഭാവനകൾ മുൻനിർത്തി സംസ്ഥാനസർക്കാരിന്റെ കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് 2021 ഡോ.എം. ലീലാവതിക്ക് സമ്മാനിച്ചിരുന്നു.**

ഡോ. എം. ലീലാവതി/എം. എൻ. സുനിൽകുമാർ



**സാഹിത്യ നിരൂപണ ചരിത്രത്തിൽ നിരൂപികമാർക്ക് നൽകപ്പെടുന്ന പരിഗണനയെ പറ്റി?**

പരിഗണന ആരിൽനിന്ന് എന്നതിനെ ആസ്പദമാക്കുമ്പോൾ അന്യോന്യവിരുദ്ധമായ രണ്ടു സമീപനമുള്ളതിനാൽ ഈ ചോദ്യത്തിനുള്ള ഉത്തരത്തിലും അവ പ്രതിഫലിക്കാതെ തരമില്ല. വായനക്കാരിൽ സർഗാത്മകസാഹിത്യവിഭാഗത്തിലെ എഴുത്തുകാർ, നിരൂപണമേഖലയിൽ വ്യാപരിക്കുന്നവർ, രണ്ടു വിഭാഗത്തിലും പെടാത്ത സാഹിത്യാസ്വാദകർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുണ്ടല്ലോ. ഒന്നാമത്തേതിൽ ചിലർ നിരൂപികമാരെ നിരൂപകൻമാരെയെന്നപോലെ നിഷ്പക്ഷമായി കാണുന്നു. മറ്റുചിലർ സ്വന്തം കൃതികളെ എപ്രകാരം നിരൂപകർ വീക്ഷിക്കുന്നു എന്നതിനനുസരിച്ച് അവരെ സ്വീകരിക്കുകയും തിരസ്കരിക്കുകയോ ചെയ്യുന്നു. രണ്ടാം വിഭാഗത്തിൽ (നിരൂപകഭാഗത്തിൽ) പെട്ടവർ പ്രായേണ നിരൂപികമാർക്കു അവരർഹിക്കുന്ന പരിഗണന നൽകുന്നില്ല. മൂന്നാം വിഭാഗത്തിലുള്ളവർ (വായനക്കാർ) നിരൂപികമാർക്ക് നിഷേധാത്മകമായ വിവേചനം കൂടാതെ പരിഗണനയും അംഗീകാരവും നൽകുന്നുണ്ട്.

**ഇഷ്ടപ്പെട്ട നിരൂപകർ, എഴുത്തുകാർ?**

രണ്ടു വിഭാഗത്തിലും പലരും പല കാരണങ്ങളാൽ ഇഷ്ടപ്പെട്ടവരായതുകൊണ്ട്, സൂപ്പർലേറ്റീവ് ഡിഗ്രിയിൽ ഒന്നോരണ്ടോ പേരെ പ്രതിഷ്ഠിക്കുന്നത് എനിക്ക് സ്വീകാര്യമായ രീതിയല്ല. മുൻതലമുറയിലെ നിരൂപകരെ ഞാൻ എപ്രകാരം സ്മരിക്കുന്നു എന്ന് 'സത്യം, ശിവം, സുന്ദരം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ കവികൾ, നോവൽ- ചെറുകഥാരചയിതാക്കൾ എന്നീ വിഭാഗങ്ങളിലെ എഴുത്തുകാരെ എപ്രകാരം വീക്ഷിക്കുന്നു എന്നതിന്റെ നിദർശനങ്ങളാണ് എന്റെ മറ്റു പുസ്തകങ്ങളെല്ലാം. ഒന്നോരണ്ടോ പേർ എന്ന തിരഞ്ഞെടുപ്പ് ആ വിഭാഗത്തിലും സാധ്യമല്ല.

**മലയാളത്തിലെ സാഹിത്യകൃതികൾക്ക് വേണ്ടത്ര അംഗീകാരം കിട്ടുന്നുണ്ടോ?**

ലോകത്തൊട്ടാകെ പ്രചാരമുള്ള ഭാഷകളിലെ കൃതികളോട് മത്സരിച്ചു മുന്നിലെത്താൻ തന്നെ ചെറിയ ഒരു പ്രദേശത്തെ ഭാഷയിലെ കൃതികൾക്ക് കഴിയാത്തതിന്റെ കാരണം വിവർത്തനത്തിന്റെ അപര്യാപ്തതയും വിവർത്തനങ്ങളെ വ്യാപകമായി പ്രചരിപ്പിക്കുന്നതിൽ അവയുടെ പ്രസാധകർ വേണ്ടുംവിധം വിജയിക്കാത്തതുമാവാമെന്നു തോന്നുന്നു. അന്താരാഷ്ട്രതലത്തിൽ അംഗീകാരം ലഭിച്ച ഗോഡ് ഓഫ് സ്മാൾ തിങ്ങ്സ്, ഒ.വി വിജയൻ, എം.ടി വാസുദേവൻ നായർ, ആനന്ദ്, സി.രാധാകൃഷ്ണൻ മുതലായ മലയാളത്തിലെ നോവലിസ്റ്റുകളുടെ പ്രമുഖ കൃതികളിൽ ചിലതിനേക്കാൾ സാഹിത്യ മൂല്യത്തിൽ ഏറെ മികച്ചതാണെന്നും പറയാവതല്ല. കമലാദാസിന്റെ ഇംഗ്ലീഷ് കവിതകൾക്ക് വിദേശങ്ങളിൽ വലിയ അംഗീകാരം കിട്ടി. (പുരസ്കാരരൂപത്തിലല്ല) എന്നാൽ ബാലാമണിയമ്മയുടെ മികച്ച കവിതകളോട് തുലനം ചെയ്യാവുന്ന മേൻമ അവയ്ക്കില്ല. മാധവിക്കുട്ടിയുടെ തന്നെ കഥകൾ കവിതകളേക്കാൾ പ്രശസ്തിയർഹിക്കുന്നു. ഖസാക്കിന്റെ ഇതിഹാസത്തിനുള്ള സാഹിത്യസൗന്ദര്യമൂല്യം വിജയന്റെ തന്നെ ഇംഗ്ലീഷ് വിവർത്തനത്തിൽ പ്രതിഫലിച്ചിട്ടില്ല.

**മലയാളഭാഷയുടെ നിലനിൽപ്പിനെക്കുറിച്ച്?**

മാതൃഭാഷ ഉപയോഗിക്കുന്നതും എഴുത്തിന് മാധ്യമമാക്കുന്നതും പ്രധാനമാണ്. മലയാളത്തോടുള്ള സ്നേഹം മലയാളിയുടെ തീവ്രവികാരമായി നിലനിൽക്കുന്നിടത്തോളം കാലം മലയാളം നിലനിൽക്കും. വൈകാരികമായ മമത മാഞ്ഞുമാഞ്ഞില്ലാതാവുകയാണെങ്കിൽ അതോ

ടൊപ്പം ഭാഷയും മാഞ്ഞുപോകും. അത് സംഭവിക്കാതിരിക്കാൻ നൂറു ശതമാനം ബാലപ്രായക്കാരെയും മാതൃഭാഷ തല്ലിപഠിപ്പിക്കുന്നതാണ് പോംവഴി എന്ന് ഞാൻ കരുതുന്നില്ല. അമ്പതുശതമാനം പേർക്കെങ്കിലും ആ തീവ്ര വൈകാരികമമതയുണ്ടായാൽ ഭാഷയും സാഹിത്യവും നിലനിൽക്കും. എഴുത്തച്ഛന്റെ കാലത്ത് സാക്ഷരത എത്ര ശതമാനം പേർക്ക് ഉണ്ടായിരുന്നിരിക്കും. സ്ത്രീകളിൽ പത്തുശതമാനത്തോളവും പുരുഷൻമാരിൽ ഇരുപതോ മുപ്പതോ ശതമാനവും ആയിരിക്കാനിടയുണ്ട്. എന്നിട്ടും എഴുത്തച്ഛന്റെ കവിതയുണ്ടായി, വളർന്നു. എഴുത്തച്ഛനെടുത്ത കണക്കിൽ സംസ്കൃതപദ



ങ്ങളും കലർന്ന് അത് നിലനിന്നു. സാഹചര്യവശാൽ അന്യഭാഷാപ്രദേശങ്ങളിൽ ജനിച്ചുവളർന്നവരെയും അവരുടെ മക്കളെയും മലയാളം പഠിപ്പിക്കാൻ ക്ലേശിപ്പിക്കുന്നത് ഭാഷയുടെ നിലനിൽപ്പിന് അത്യാവശ്യമല്ല. ഭാഷയോടു സ്നേഹമുളവാക്കാൻ സഹായിക്കുന്ന നല്ല കവിതകളും ഗദ്യകൃതികളും പാഠ്യഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തുന്നതും ഭാഷാസ്നേഹമുള്ള അധ്യാപകരുണ്ടാവുന്നതും ആണ് പ്രധാനം. രണ്ടിന്റെയും അഭാവമാണ് കുട്ടികൾക്ക് ഭാഷാസ്നേഹമില്ലാതാവാൻ മുഖ്യകാരണം.

## അധ്യാപനത്തിലെ മധുരസ്മരണകൾ

**അധ്യാപിക എന്ന നിലയിൽ സംതൃപ്തി നൽകുന്ന ഓർമ്മ?**

പഴയ വിദ്യാർഥികളിൽ ഭൂരിപക്ഷവും ഇന്ന് വൃദ്ധരായിക്കഴിഞ്ഞിരിക്കുന്നു എന്നിട്ടും അവർ സന്ദർശിക്കാനും ആദരിക്കാനും എത്തുന്നുവെന്നത് അവരുടെ സ്നേഹത്തിന് തെളിവാണല്ലോ. ശിഷ്യർ വലിയ നിലയിലെത്തുന്നതും സ്നേഹിക്കുന്ന ശിഷ്യരുണ്ടാവുന്നതുമാണ് അധ്യാപകരുടെ ഏറ്റവും വലിയ ചാരിതാർഥ്യം. പഠിപ്പിക്കാനെന്നപോലെ സ്നേഹത്തോടെ ശിഷ്യരുടെ ക്ഷേമമന്വേഷിക്കാനും ശ്രദ്ധിച്ചിരുന്നു എന്നതിന്റെ ഫലമായി ചിലർ പരീക്ഷയിൽ മാത്രമല്ല ജീവിതത്തിലും വിജയിച്ചു എന്നത് സംതൃപ്തി തരുന്നു. അമേരിക്കയിൽ വസിക്കുന്ന ചാക്കോ പഠിക്കുന്ന കാലത്ത് വളരെ കഷ്ടപ്പെട്ട ആളാണ്. അതറിഞ്ഞ് സഹായിച്ചതിന്റെ ഫലമായി പരീക്ഷയിൽ ഉന്നതവിജയം നേടി. അയാളെ കോളേജ് അധ്യാപകനായി നിയമിക്കുന്നതിന് സാഹചര്യവശാൽ ഒരു ഉപകരണമായി. പിന്നീട് അമേരിക്കയിൽ പോയി അയാൾ സമ്പത്തുണ്ടാക്കി. സഹോദരങ്ങളെയൊക്കെ വളർത്തി. ഉയർത്തി. അയാൾ നാട്ടിലെത്തുമ്പോഴൊക്കെ എന്നെ സന്ദർശിക്കാനെത്തുന്നു. കഴിഞ്ഞ ആഴ്ചയിൽ ഒരു ദിവസം പെട്ടെന്ന് വന്നുചേർന്നപ്പോൾ ഉണ്ടായ ആഹ്ലാദം അമേരിക്കയിൽ നിന്ന് മകൻ എത്തിച്ചേരുമ്പോൾ എന്നപോലെ വലുതാണ്.

പി.ഒ പുരുഷോത്തമനാണ് ഇതുപോലെ ഓർമ്മയിൽ പ്രിയപ്പെട്ടവനായി ജീവിക്കുന്ന മറ്റൊരാൾ. ഇന്ന് ഭൂമിയിലില്ല, എന്റെ മനസ്സിലുണ്ട്. ചാക്കോവിനെന്നപോലെ ചെറിയ സഹായം കൊടുക്കാൻ ഭാഗ്യം ഉണ്ടായതുകൊണ്ട് പഠിപ്പ് നിർത്തി പോയില്ല. അധ്യാപകനായി. സാമ്പത്തികമായി ഉയർന്ന നിലയിൽ എത്തി. കൂടെക്കൂടെ സന്ദർശനത്തിന് എത്തുമായിരുന്നു.

ഇതുപോലെയുള്ള മധുരസ്മരണകൾ ധാരാളമുള്ളതാണ് അധ്യാപികയെന്ന നിലയിലുള്ള കൃതാർഥത.

**പ്രസ്ഥാനങ്ങളെ ബോധപൂർവം പിന്തുടരാൻ മെനക്കെടാതെ സാഹിത്യത്തിന്റെ മൗലികമൂല്യത്തിൽ കണ്ണുനട്ട എഴുത്തുകാരിൽ ഒരാളെന്ന നിലയിലുള്ള പങ്കുവയ്ക്കലുകൾ?**

അപ്രകാരം ഒരാളല്ല പലരുണ്ട്. സർഗാത്മക സാഹിത്യത്തിൽ, ഏറ്റവും ശ്രദ്ധിക്കപ്പെട്ട കവികളും നോവൽകർത്താക്കളും ഈ വകുപ്പിൽപ്പെടുന്നവരാണ്. ആധുനികതാപ്രസ്ഥാനം പടർന്നുപിടിച്ചകാലത്ത് പ്രസ്ഥാനത്തിന്റെ രീതിശാസ്ത്രമോ വ്യാപ്തമോ പരിഗണി

ക്കാതെ സ്വന്തമായ രീതിശാസ്ത്രം പുലർത്തിയ അന്നത്തെ ചെറുപ്പക്കാരായിരുന്ന എൻ.വി, അക്കിത്തം, എം.ടി, ആനന്ദ്, സി.രാധാകൃഷ്ണൻ മുതലായവർ. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ഉദയവികാസഘട്ടങ്ങളിൽ ചേർന്നുനിന്നവരാണ് മുണ്ടശ്ശേരിയും എം.പി പോളും. നിലനിൽക്കുന്ന മൂല്യവത്തായ കവിതകളും നോവലുകളും രചിച്ചവരാകും തന്നെ കാല്പനികത, ആധുനികത, ഉത്തരാധുനികത മുതലായവയുടെ ചട്ടക്കൂടുകളിലൊതുങ്ങുന്നവരല്ല.

## കേരളം, കേരളീയം, മലയാളി

**മലയാളി എന്ന നിലയിൽ അഭിമാനിക്കുന്നതിന് ആധാരം എന്ത്?**

കേരളീയം എന്നു തീർത്തും വിശേഷിപ്പിക്കാവുന്ന സാംസ്കാരിക പാരമ്പര്യമുണ്ട്. അത് നടനകല, ചിത്രകല, വാദ്യകല, സാഹിത്യകല, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, മഹാപുരുഷൻമാർ മുതൽ ആയോധനവിദ്യയും കൃഷിരീതി കളും ആഹാരപദാർഥങ്ങളും വ്യാപിച്ചുകിടക്കുന്ന ഒന്നാണ്. നമ്മുടെ പൈതൃകം എന്ന പുസ്തകത്തിൽ ഇവയെല്ലാം വിവരിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. പഞ്ചവാദ്യം പോലെ ഒരു വാദ്യകല, വിഷുക്കണി, എഴുത്തിനിരുത്തൽ പോലെയുള്ള ആചാരങ്ങൾ, കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം പോലുള്ള നടന കലകൾ, ചുവർ ചിത്രകല, പ്രകൃതിയിൽ നിന്ന് രൂപപ്പെടുത്തിയെടുത്ത വർണ്ണപ്പൊടികൾ കൊണ്ടു നിലത്ത് രൂപപ്പെടുത്തുന്ന ദേവതാചിത്രങ്ങൾ, സംസ്കൃത ത്തിലൂടെ അദ്വൈതം പ്രചരിപ്പിച്ച ശങ്കരാചാര്യർ, മലയാള ത്തിലൂടെ മാനവവംശത്തിന്റെ ഒരുമ പ്രചരിപ്പിച്ച നാരായണഗുരു.. മലയാളിക്ക് അഭിമാനിക്കാൻ ഇങ്ങനെ പലതുണ്ട്.



**കേരളം ആർജിച്ച നേട്ടങ്ങൾ?**

സാക്ഷരത, തൊഴിലില്ലാത്തവർക്കുള്ള ധനസഹാ യം, ദാരിദ്ര്യനിവാരണം,സഞ്ചാരികളെ ആകർഷിക്കുന്ന പദ്ധതികൾ എന്നിവയിലുള്ള നേട്ടം ശ്രദ്ധേയമാണ്. പ്രാഥമിക വിദ്യാഭ്യാസം സർവാഭിഗമ്യമാക്കുന്നതിനുള്ള ഉദ്യമങ്ങൾ പ്രശംസനീയമാണ്.

**ഭാവികേരളത്തെപ്പറ്റിയുള്ള സ്വപ്നം?**

എല്ലാവർക്കും വേണ്ടുന്നത്ര ഭക്ഷണവും രോഗിക ൾക്കെല്ലാം മരുന്നും ശുശ്രൂഷയും സമസ്തജനത്തിനും വിദ്യാഭ്യാസവും എല്ലാവർക്കും പാർപ്പിടവും ഉള്ള ഒരു ക്ഷേമദേശമായി കേരളം വളരണം എന്നത് ഏറ്റവും പ്രധാനമായ സ്വപ്നം. ലിംഗസമത്വം, മതേതരത, ജാതിയുടെ പേരിലുള്ള ഉച്ചനീചസങ്കല്പങ്ങളുടെ തിരോധാനം, ബാലവേല നിർമ്മാർജനം ചെയ്തുവെന്ന സംതൃപ്തി എന്നിവയും തുല്യപ്രധാനമായ സ്വപ്നങ്ങൾ. 'എൻ നാടിന്റെ നാവനങ്ങിയാൽ ലോകം ശ്രദ്ധിക്കും കാലം' വരുന്ന രീതിയിലുള്ള സാംസ്കാരിക പുരോഗതി സ്വപ്ന ത്തിൽ ഉൾപ്പെടുന്നു.

കേരളീയം പരിപാടിയുടെ ലക്ഷ്യങ്ങളെല്ലാം ആശാ സ്യങ്ങൾ തന്നെ. കുടിൽ വ്യവസായങ്ങൾക്ക് സംരക്ഷണ വും പ്രോത്സാഹനവും (വിശേഷിച്ചും കൈത്തറി വ്യവസാ യം) നൽകുന്ന പരിപാടികൾ കേരളീയത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു കരുതുന്നു. ഭക്ഷ്യമേള എന്നപോലെ വസ്ത്രമേളയും ഉണ്ടായിരിക്കും എന്നും. കേരളീയം പരിപാടി ക്ക് പൂർണവിജയം നേരുന്നു. ❑

> സാക്ഷരത, തൊഴിലില്ലാത്തവർക്കുള്ള ധനസഹായം, ദാരിദ്ര്യനിവാരണം, സഞ്ചാരികളെ ആകർഷിക്കുന്ന പദ്ധതികൾ എന്നിവയിലുള്ള കേരളത്തിന്റെ നേട്ടം ശ്രദ്ധേയമാണ്

# മലയാളത്തിനുണ്ട് ശോഭനമായ ഭാവി



**സാങ്കേതികവിദ്യാരംഗത്തും ഔദ്യോഗികരംഗത്തും വിവരസാങ്കേതിക വിദ്യാമേഖലയിലും മാതൃഭാഷയുടെ ഉപയോഗം സുഗമമാക്കാനുള്ള ശ്രമങ്ങൾ പ്രതീക്ഷ നിറയുന്ന കാലത്തിലേക്കാണ് വിരൽചൂണ്ടുന്നത്**

**പ്രൊഫ. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ** /ഓണററി പ്രൊഫസർ, ഇന്റർനാഷണൽ സ്കൂൾ ഓഫ് ദ്രാവിഡിയൻ ലിംഗ്വിസ്റ്റിക്സ്




**മാ**തൃഭാഷകളുടെ തിരോധാനം മാനവരാശി നേരിടുന്ന വിപത്തുകളിൽ ഒന്നാണ്. അവസാനത്തെ ഭാഷകനോടൊപ്പം ഭാഷ മരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഏഴായിരത്തിനടുത്ത് ഭാഷകൾ ലോകത്തുണ്ടായിരുന്നു. ഇന്നത് 5500 - 6000 ലേക്ക് ഒതുങ്ങിയിരിക്കുന്നു. ഇക്കണോമിക്സ് ജേർണൽ റിപ്പോർട്ടനുസരിച്ച് ലോകഭാഷകളിൽ 40 ശതമാനം ഈ നൂറ്റാണ്ടിൽ തന്നെ അപ്രത്യക്ഷമാകും. പഠനപ്രകാരം 35000-ത്തിൽ കുറവ് ഭാഷകരുള്ള ഭാഷകൾക്ക് നൂറുവർഷത്തെ ആയുസ്സേ കാണുന്നുള്ളൂ. ഭാഷകളുടെ ബഹുമുഖത്വം കാലത്തിനൊപ്പം മുങ്ങിപ്പോകുന്നു. ലോകജനസംഖ്യയിൽ അമ്പതു ശതമാനത്തിന്റെ സംസാരഭാഷകളെ പത്തു പ്രമുഖ ഭാഷകളുടെ പൂളിൽപ്പെടുത്താം (സംഘടിതവ്യവസ്ഥാപനം). ഈ ഭാഷണഗ്രൂപ്പിന്റെ ഭാഷാശാസ്ത്ര ബഹുമുഖത്വം മറ്റു ഭാഷണ വിഭാഗങ്ങൾക്കു ഭീഷണിയായി വർത്തിക്കുന്നു. ദേശാന്തരവും രാജ്യാന്തരവുമായ കുടിയേറ്റങ്ങൾ, പുതിയ സ്ഥലത്തെ ഭാഷാസമ്മർദം, സാമൂഹിക സാമ്പത്തിക വ്യവസ്ഥിതികളുടെ അധീശത്വം എന്നിവയ്ക്ക് വിധേയമായ ഭാഷണസമൂഹത്തിലെ ആദ്യതലമുറ സ്വാഭാവികമായും ദ്വിഭാഷികളായി മാറുന്നു. തുടർന്ന് രണ്ടാംതലമുറ മാതാപിതാക്കളുടെ മാതൃഭാഷയിൽ നിന്നകന്നുതുടങ്ങും. മൂന്നാംതലമുറ മാതാപിതാക്കളുടെ ഭാഷയെ പൂർണ്ണമായും കൈവിടുന്നു. ഇന്ത്യയിൽനിന്ന് ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിലേക്കുള്ള കുടിയേറ്റങ്ങൾ ഇപ്പറഞ്ഞ ഭാഷണ ഭ്രംശത്തിന് ഉത്തമദൃഷ്ടാന്തമാണ്. കൊളോണിയൽ വാഴ്ചയിലൂടെയാണ് ഇംഗ്ലീഷ് ലോകഭാഷയും സമ്പർക്കഭാഷയുമായത്. 340 ദശലക്ഷം ഭാഷകരാണ് ഇംഗ്ലീഷ് ഭാഷയ്ക്കുള്ളത്. രണ്ടാം ഭാഷയായി ഇംഗ്ലീഷ് ഉപയോഗിക്കുന്നവരുടെ എണ്ണം 1.2 ബില്യൻ എന്നാണ് ഏകദേശ കണക്ക്. ജോലി, കച്ചവടം, രാഷ്ട്രീയാഭയം, വിദ്യാഭ്യാസം തുടങ്ങിയവയ്ക്കായി വികസിതാവികസിത രാഷ്ട്രങ്ങളിലേക്കു നടക്കുന്ന ജനപ്രവാഹം മൂലം ഭാഷാബഹുമുഖത്വം 1970 - 2005 കാലയളവിൽ ഇരുപതു ശതമാനം കുറഞ്ഞതായി റിപ്പോർട്ടുകളുണ്ട്. അമേരിക്കയിൽ ഇത് 60 ശതമാനവും ആസ്ട്രേലിയയിൽ 30 ശതമാനവും ആഫ്രിക്കയിൽ 20 ശതമാനവുമാണ്.

2018-ലെ യുനസ്കോ റിപ്പോർട്ടുപ്രകാരം 42 ഇന്ത്യൻ ഭാഷകൾ തിരോധാനത്തിന്റെ വക്കിലാണ്.

> **തനതുവൈദ്യം, നാട്ടറിവുകൾ, സാംസ്കാരികമൂല്യങ്ങൾ എന്നിവ മാനവരാശിക്കു നഷ്ടപ്പെടുത്തുന്നുണ്ട് ഓരോ ഭാഷാമരണവും**

പതിനായിരത്തിൽ കുറവ് ഭാഷകരുള്ള ഭാഷകൾ മരിക്കുകയോ മരിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നു. 2011-ലെ കാനേഷുമാരിയിൽ പതിനായിരത്തിൽ കുറവ് ഭാഷകരുള്ള ഭാഷകളെ ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ട് ഇന്ത്യയിലെ ഭാഷാമരണങ്ങളെ സംബന്ധിച്ച വ്യക്തമായ ചിത്രം ലഭ്യമല്ല. ആദിവാസി ഭാഷകളാണ് നാശം നേരിടുന്നവയിൽ ഭൂരിപക്ഷവും. ആദിവാസി ഭാഷകളോടൊപ്പം വർഗനാശവും സംഭവിക്കുന്നു. ഭാഷാപരവും വർഗപരവുമായ നാശം ജൈവബഹുമുഖത്വത്തിനും (bio-diversity) ഭീഷണിയാണ്. ഭാഷ മരിക്കുന്നതിലൂടെ ആ ഭാഷ സൃഷ്ടിച്ച സംസ്കാരവും മരിക്കുന്നു. ഒരു വർഗത്തിന്റെ അനന്യതയും (identity) സംസ്കാരവും അപ്രത്യക്ഷമാവും. ആശയസംവേദനത്തോടൊപ്പം തനതറിവുകളുടെ സംരക്ഷകൻ കൂടിയാണ് ഓരോ ഭാഷയും. തനതുവൈദ്യം, നാട്ടറിവുകൾ, സാംസ്കാരികമൂല്യങ്ങൾ എന്നിവ മാനവരാശിക്കു നഷ്ടപ്പെടുത്തുന്നുണ്ട് ഓരോ ഭാഷാമരണവും.

## കേരളം ഭാഷാസഹവർത്തിത്വമേഖല

കേരളം വ്യത്യസ്ത ഭാഷകളുടെ ഒരു സംഗമഭൂമിയാണ്. കാസർകോട്, പതിനെട്ടോളം ഭാഷകൾ വ്യവഹാരതലത്തിൽ ഉപയോഗത്തിലുണ്ട്. തൊഴിൽ, കച്ചവടം, ഉദ്യോഗം, വിദ്യാഭ്യാസം തുടങ്ങിയവയുമായി ബന്ധപ്പെട്ട് വന്ന അന്യദേശീയരുടെ ഭാഷാസമ്മിശ്രണമേഖലകൾ കേരളത്തിലെ എല്ലാ ജില്ലകളിലുമുണ്ട്. കേരളം മലയാളികളുടെ ജൻമഭൂമിയാണെങ്കിലും ആരോഗ്യകരമായ ഒരു ഭാഷാസഹവർത്തിത്വം ഇവിടെ പുലരുന്നു. ഇന്ത്യയിലെ പ്രമുഖ ഭാഷകളെല്ലാം ഇവിടെ പ്രചാരത്തിലുണ്ട്. ദ്രാവിഡഭാഷകളിൽ മലയാളമാണ് മാതൃഭാഷയെന്ന നിലയ്ക്ക് കൂടുതൽ പേർ സംസാരിക്കുന്നത്. മലയാളം മാതൃഭാഷയായി 97 ശതമാനം മലയാളികൾ ഉപയോഗിക്കുമ്പോൾ 84, 67, 64 ശതമാനം പേരാണ് തമിഴ്, തെലുങ്ക്, കന്നട ഭാഷ യഥാക്രം മാതൃഭാഷയായി ഉപയോഗിക്കുന്നത്. വ്യവഹാരതലത്തിൽ കേരളത്തിൽ പ്രചരിച്ചിട്ടുള്ള ഭാഷകൾ പല ഗ്രൂപ്പുകളിൽപ്പെടുന്നു. ആദിവാസി വിഭാഗങ്ങളിൽ 17 എണ്ണം മലയാളം മാതൃഭാഷയായിട്ടുള്ളവരാണ്.

മലയാളത്തിനുപുറമേ 36 ഭാഷകൾ കേരളത്തിലുണ്ട്. ഭാഷാന്യൂനപക്ഷപദവി രണ്ടു ഭാഷകൾക്കേയുള്ളൂ - തമിഴ്, കന്നഡ. തുളുഭാഷക്കാരെങ്കിലും തുളു ന്യൂനപക്ഷഭാഷയല്ല. കാരണം തുളു 8-ാം ഷെഡ്യൂളിൽ സ്ഥാനം പിടിച്ചില്ലെന്നതുതന്നെ.

സ്വന്തം ലിപിയും സംസ്കാരവും സാഹിത്യവുമുള്ള ഭാഷയാണ് മലയാളം. ക്ലാസിക് പദവിയുള്ള ഇന്ത്യൻ ഭാഷകളിലൊന്നാണിത്. എടയ്ക്കൽ ഗുഹാലിഖിതങ്ങളോളം പഴക്കം ഈ ഭാഷയ്ക്കുണ്ട്. 1965-ലെ ഭാഷാഭേദസർവേ പ്രകാരം കേരളത്തിൽ 12 ഭാഷാഭേദമേഖലകളുണ്ട്. സ്വാതന്ത്ര്യാനന്തരകാലത്താണ് മൂന്നു ഭരണമേഖലകളിൽ പുലർന്നിരുന്ന മലയാളികൾ ഒരൊറ്റ സംസ്ഥാനക്കാരായി മാറിയത്.

സ്കൂൾ തലത്തിലും ഉന്നത വിദ്യാഭ്യാസതലത്തിലും പഠനസൗകര്യങ്ങൾ വർധിച്ചതും അച്ചടിമാധ്യമങ്ങളുടെ പ്രചാരണവുംകൊണ്ട് മലയാളഭാഷയ്ക്ക് ദേശ്യഭേദങ്ങൾ കുറഞ്ഞുവരുന്ന പ്രവണത ദൃശ്യമാണ്. സംസാരഭാഷയുടെ സവിശേഷമായ ഈണങ്ങളും പദങ്ങളും പുതുതലമുറയ്ക്ക് കൈമോശം വന്നിരിക്കുന്നു. അഭ്യസ്തവിദ്യരായ മലയാളിയുടെ വായ്മൊഴി വരമൊഴിയായെന്നു പറയാം. സാങ്കേതികമായി പറഞ്ഞാൽ സംസാരഭാഷ അച്ചടിഭാഷയുടെ നീരാളിപ്പിടുത്തത്തിലാണ്. കേരളത്തിനുപുറത്ത് മാഹി, ദക്ഷിണ കർണ്ണാടകം, കൊടക്, കന്യാകുമാരി ജില്ല എന്നിവിടങ്ങളിൽ മലയാളമുണ്ടെങ്കിലും ന്യൂനപക്ഷഭാഷാപദവിയേയുള്ളൂ. ലക്ഷദ്വീപ് മലയാളം മലയാളത്തിന്റെ ഉപഭാഷയാണ്. ആൻഡമാൻ - നിക്കോബാർ ദ്വീപുകളിലും സംസാരഭാഷയെന്ന നിലയ്ക്ക് മലയാളത്തിനു പ്രചാരമുണ്ട്. ജനസംഖ്യാബലംകൊണ്ട് ലോകഭാഷകളിൽ 26-ാം സ്ഥാനമാണ് മലയാളത്തിനുള്ളത്.

മലയാളം ഭരണഭാഷയായ വകുപ്പുകളുടെ എണ്ണം ക്രമേണ വർധിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും വിദ്യാഭ്യാസമാധ്യമമെന്ന നിലയ്ക്ക് ആശാവഹമല്ല മലയാളത്തിന്റെ അവസ്ഥ. കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്രീയവിദ്യാലയങ്ങളിലും വിവിധ ഏജൻസികൾ നടത്തുന്ന സ്വകാര്യസ്കൂളുകളിലും മലയാളം പടിക്കു പുറത്താണ്.

ഉന്നതവിദ്യാഭ്യാസത്തിന്റെ മാധ്യമമെന്ന നിലയ്ക്ക് മലയാളത്തെ സജ്ജമാക്കാനുള്ള ഊർജിതശ്രമങ്ങൾ ഔദ്യോഗികമായും അനൗദ്യോഗികമായും നടക്കുന്നുണ്ട്. കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, ഐ.സി ഫോസ്, സർവകലാശാലകളിലെ ഭാഷാവിഭാഗങ്ങൾ, എസ്.സി.ആർ.ടി.സി തുടങ്ങിയ സ്ഥാപനങ്ങളും ശാസ്ത്രസാഹിത്യപരിഷത്ത് പോലുള്ള സന്നദ്ധപ്രസ്ഥാനങ്ങളും മലയാളത്തെ ശാസ്ത്രഭാഷയാക്കാനുള്ള സംരംഭങ്ങളിൽ ബദ്ധശ്രദ്ധരാണ്. ശാസ്ത്രത്തിന്റെ ഏതു ശാഖയും കൈകാര്യംചെയ്യാൻ മലയാളത്തിനു കഴിയുമെന്ന നില ഇന്നുണ്ട്. കേരള സർക്കാരിന്റെ വിവരസാങ്കേതികവിദ്യാ നയപ്രകാരം സർക്കാർ സ്ഥാപനങ്ങളും വിദ്യാഭ്യാസകേന്ദ്രങ്ങളും സ്വതന്ത്ര സോഫ്റ്റ്‌വെയറുകളിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. സാങ്കേതികവിദ്യാരംഗത്തും ഔദ്യോഗികരംഗത്തും വിവരസാങ്കേതികവിദ്യാമേഖലയിലും മാതൃഭാഷയുടെ ഉപയോഗം സുഗമമാക്കാനുള്ള ശ്രമങ്ങൾ പ്രതീക്ഷ നിറയുന്ന കാലത്തിലേക്കാണു വിരൽചൂണ്ടുന്നത്. ❑

# മലയാളത്തിലെത്ര മലയാളങ്ങൾ

**മലയാളത്തിലെ മലയാളങ്ങൾ എന്നു വിശേഷിപ്പിക്കാവുന്ന തരത്തിലാണ് ഭൗമികവൈവിധ്യത്തെയും സാമൂഹികവൈവിധ്യത്തെയും ആധാരമാക്കി രൂപംകൊണ്ട മലയാളഭാഷാപരിസ്ഥിതി.**



**എം. ശ്രീനാഥൻ/** പ്രൊഫസർ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല



തദ്ദേശീയമായ സാമൂഹികബന്ധങ്ങളും അറിവിടങ്ങളുമാണ് എല്ലാ ഭാഷകളുടെയും തദ്ദേശീയ സാന്നിധ്യം ഉറപ്പുവരുത്തുന്നത്. സർഗാത്മകമായ ഈ പ്രക്രിയ നിലനിൽക്കുമ്പോൾതന്നെ ഏകീകൃതമായ ഒരു പൊതുഭാഷയ്ക്കുള്ള ആസൂത്രിതമായ ഇടപെടലും വിനിമയ ഏകതയ്ക്കായി നടക്കും. കേരള സന്ദർഭത്തിൽ വൈവിധ്യവും ഏകതയും ഭാഷാപരിസ്ഥിതിയിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് അന്വേഷിച്ചറിയാം.

ഭാഷാഭേദം, ഉപഭാഷ എന്നിങ്ങനെയാണ് dialect എന്ന പദത്തിന് മലയാളത്തിലുള്ള പ്രയോഗങ്ങൾ. ഒരു ഭാഷയിൽ ആഭ്യന്തരമായി ഉച്ചാരണം, പദാവലി, വ്യാകരണം, അർഥം എന്നീ തലങ്ങളിൽ ദൃശ്യമാകുന്ന വ്യതിയാനങ്ങളെ പ്രാദേശികമായി പഠിക്കുന്ന മേഖലയാണ് ഭാഷാഭേദവിജ്ഞാനം (dialectology).ആദ്യകാലങ്ങളിൽ ഭാഷാഭേദഭൂമിശാസ്ത്രം എന്നും ഈ പഠനമേഖല അറിയപ്പെട്ടിരുന്നു. പിൽക്കാലത്ത് സാമൂഹിക ഭാഷാശാസ്ത്രം വികസിച്ചപ്പോൾ ഭാഷയിലെ ആഭ്യന്തര വ്യതിയാനങ്ങൾക്ക് ദേശത്തോടൊപ്പം സാമൂഹികചരങ്ങളായ ജാതി, മതം, പ്രായം, ലിംഗപദവി, വർഗം, തൊഴിൽ, വിദ്യാഭ്യാസനിലവാരം തുടങ്ങിയുള്ളവയും കാരണമാകുന്നുണ്ടെന്നു തിരിച്ചറിഞ്ഞതിനെ തുടർന്ന് പ്രാദേശിക ഭാഷാഭേദങ്ങൾക്കൊപ്പം സാമൂഹിക ഭാഷാഭേദങ്ങളും പഠനമേഖലയിൽ ഉൾച്ചേർന്നു.

മലയാളത്തിലെ ഭാഷാഭേദചിന്ത ലീലാതിലകത്തിൽ ആരംഭിക്കുന്നതായി കാണാം. ഉത്കൃഷ്ടഭാഷ, അപകൃഷ്ട ഭാഷ എന്നിങ്ങനെ രണ്ടുതരം കേരളഭാഷയെക്കുറിച്ചതിൽ പരാമർശിക്കുന്നുണ്ട്. ഈ വിഭജനമാകട്ടെ വർഗപരമാണെന്ന് അനുബന്ധവിവരണത്തിൽ നിന്നു സ്പഷ്ടം. ത്രൈവർണികർ ഉപയോഗിക്കുന്ന സംസ്കൃത കലർപ്പേറിയ ഭാഷ ഉത്കൃഷ്ടവും ദ്രാവിഡകലർപ്പുസ്പഷ്ടമായ കീഴാളവർഗം ഉപയോഗിക്കുന്ന ഭാഷ അപകൃഷ്ടവുമാണ്. ലീലാതിലകത്തിൽ ദർശിക്കുന്ന ഭാഷാവൈവിധ്യചിന്ത തുടർന്നുണ്ടായ മിഷനറി സ്വദേശി വ്യാകരണങ്ങളിൽ വാമൊഴി /അനൗപചാരിക ഭാഷാപ്രയോഗങ്ങളായാണ് രേഖപ്പെട്ടത്.

ഗുണ്ടർട്ടിന്റെ പഠനങ്ങളിലാണ് ഭാഷയിലെ പ്രാദേശികതയും സാമൂഹികതയും ഭാഷാഭേദസ്വഭാവത്തോടെ പൊതുവായി അടയാളപ്പെട്ടത്. സ്വദേശിവ്യാകരണങ്ങളിൽ വാമൊഴിരൂപങ്ങളുടെ പരിമിതസാന്നിധ്യമുണ്ടെങ്കിലും അവ ഭാഷാഭേദചിന്തയുടെ അടിസ്ഥാനത്തിലുള്ളവയായിരുന്നു എന്നുറപ്പിക്കാനാവില്ല. പിന്നീട് പാശ്ചാത്യഭാഷാ പഠനത്തിന്റെ ഭാഗമായി തന്നെ വികസിച്ചുവന്ന ഭാഷാഭേദചിന്താപദ്ധതിയുടെ ചുവടുപിടിച്ചുകൊണ്ടു ശാസ്ത്രീയമായ ഭാഷാഭേദസർവേ മലയാളസന്ദർഭത്തിൽ ആരംഭിച്ചത് കേരള സർവകലാശാല ഭാഷാശാസ്ത്ര വിഭാഗമാണ്. അഖില കേരളാടിസ്ഥാനത്തിൽ നടത്തിയ ഈഴവ-തിയ്യ

ഭാഷാഭേദ സർവേ ആയിരുന്നു ആദ്യത്തേത്. തുടർന്നു പ്രാദേശികവും സാമൂഹികവുമായ ഭാഷാഭേദപഠനങ്ങൾ ഏറെയുണ്ടായിട്ടുണ്ട്. എന്നാൽ ഇവ പലതും പ്രദേശാടിസ്ഥാനത്തിലോ (ഏറനാടൻ ഭാഷാഭേദം, കൊച്ചിൻ ഭാഷാഭേദം, കണ്ണൂർ ഭാഷാഭേദം, വടക്കൻഭാഷാഭേദം, മലപ്പുറം ഭാഷാഭേദം) ജാതി/വർഗവിഭാഗങ്ങളെയോ (പറയ, പുലയ, മുക്കുവ, മാപ്പിള,നമ്പൂതിരി), സാമൂഹിക ഭാഷാഭേദങ്ങളോ (ആചാരഭാഷ, തൊഴിൽഭാഷാഭേദം) സംബന്ധിച്ചുള്ള അക്കാദമിക പ്രബന്ധങ്ങൾ ആയിരുന്നു. ഇവയൊന്നും പൊതുമലയാള ചിന്തയിൽ ഇതുവരേയും വേണ്ട രീതിയിൽ ഉൾക്കൊണ്ടിട്ടില്ല.

## കേരളത്തിലെ ഭാഷാഭേദമേഖലകൾ

കേരള സർവകലാശാലയിലെ ഭാഷാശാസ്ത്ര വിഭാഗം 1968 ൽ പൂർത്തിയാക്കിയ ഈഴവതിയ ഭാഷാഭേദ സർവേ ഭാഷാഭേദത്തെ ജാതിയുമായി കണ്ണിചേർക്കുകയും പ്രാദേശികഭേദങ്ങളെ അടയാളപ്പെടുത്തുകയും ചെയ്തു. ഈഴവ-തിയ വിഭാഗങ്ങൾക്കിടയിലുള്ള ഭാഷ-ഭാഷണ വൈവിധ്യം അഖില കേരളാടിസ്ഥാനത്തിൽ രേഖപ്പെടുത്തി. ഭാഷാഭേദ സർവേ രീതികൾ അടിസ്ഥാനമാക്കിയുള്ള ഈ പഠനം മാതൃകാപരമായിരുന്നു. കേരളത്തിലാകെ 12 ഭാഷാഭേദമേഖലകൾ കണ്ടെത്തി. ഈ സമുദായങ്ങളുടെ ഭാഷാഭേദം മേഖലാതലത്തിൽ ഭിന്നത നിലനിർത്തുന്നുവെന്നാണ് പഠനഫലം.

ഇതോടൊപ്പം മലയാളസന്ദർഭത്തിൽ പ്രസക്തമാകുന്ന ഭാഷാഭേദചിന്തയുടെ മറ്റൊരു വശമുണ്ട്. ഗോത്രഭാഷാപഠനമേഖലയാണത്. ആദിവാസിഭാഷകളുടെ പഠനം സമാന്തരമായി കേരളത്തിലെ അക്കാദമിക രംഗം ഏറ്റെടുത്തു. അക്കാദമികപഠനങ്ങൾ പലതുമുണ്ടായി. ഇവിടെയാണ് ഭാഷാഭേദചിന്തയുടെ മറ്റൊരു വശം വെളിപ്പെടുന്നത്. ആദിവാസികളുടെ ഭാഷ മലയാളത്തിന്റെ ആഭ്യന്തരവ്യതിയാനം മാത്രമാണോ? ആദിവാസികൾക്ക് ഭാഷയുണ്ടോ, അവരുടെ ഭാഷ, ഭാഷയാണോ ഭാഷാഭേദമാണോ എന്ന ആലോചന ഏറെ പ്രസക്തമാകുന്നത്. കേരളത്തിൽ നിലവിലുള്ള 36 ആദിവാസികൾക്കു സ്വതന്ത്രമായ സ്വഭാഷാസ്തിത്വം അവകാശപ്പെടാനാവില്ല. ഇതിനുകാരണം 10000 ത്തിൽ താഴെയാണ് പണിയ ഒഴികെയുള്ള മറ്റു വിഭാഗങ്ങളുടെ ജനസംഖ്യ എന്നതാണ്. കേന്ദ്രസർക്കാർ 1971 സെൻസസ് മുതൽ നിശ്ചിത 10000 ത്തിൽ താഴെ ജനസംഖ്യയുള്ളവരുടെ മൊഴികളെ ഭാഷയായി അംഗീകരിച്ചിട്ടില്ല. പണിയരുടെ ജനസംഖ്യ നിശ്ചിതകണക്കിൽ നിന്നുയർന്നപ്പോൾ 2011 സെൻസസിൽ മലയാളത്തിന്റെ ഉപഭാഷയായി പരിഗണിച്ചു. മറ്റു ഗോത്രമൊഴികൾ മലയാളം, തമിഴ്, കന്നഡ, തുളു തുടങ്ങിയ ഭാഷകളുടെ ഉപഭാഷയായോ അവയ്ക്ക് മിശ്രപൈതൃകമുണ്ടെന്നോ മാത്രം കാണുന്ന പ്രവണതയാണ് പൊതുവിലെ അക്കാദമിക നിരീക്ഷണം. സ്വാതന്ത്ര ഭാഷാസ്തിത്വം അംഗീകരിക്കാൻ രാഷ്ട്രീയമോ അക്കാദമികമോ ആയ സമീപനങ്ങളില്ല.

## ഭാഷാഭേദപ്രശ്നം

കേരളം ഭാഷാസംസ്ഥാനമായി രൂപം കൊണ്ടപ്പോൾ അഭിമുഖീകരിച്ച പ്രധാന പ്രശ്നം



> പാഠപുസ്തകങ്ങൾ മാനകമായി ഏകീകരിച്ചും മാനകഭാഷ മാധ്യമങ്ങളിലൂടെയും സർക്കാർ പ്രസിദ്ധീകരണങ്ങളിലൂടെയും പ്രചരിപ്പിച്ചും ചെറിയ കാലയളവിനുള്ളിൽ പൊതുഭാഷയിലൂടെയുള്ള വിനിമയ ഏകത സംസ്ഥാനം കൈവരിച്ചു

ഭാഷാവൈവിധ്യത്തിന്റേതാണ്. ഭാഷാടിസ്ഥാനമായി രൂപംകൊണ്ട സംസ്ഥാനത്തിൽ ഭാഷാഭേദവൈവിധ്യം കാരണം വിനിമയവിടവ് നിലനിൽക്കുന്നുവെന്നതു പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമായി. ഭാഷാസമൂഹത്തിനുള്ളിൽ തദ്ദേശീയതാടിസ്ഥാനത്തിലുള്ള വിഭാഗീയതയോ



ആഭ്യന്തരമത്സരമോ സൃഷ്ടിക്കപ്പെടുന്നത് ഐക്യതയ്ക്ക് ഉചിതമാകില്ല എന്നറിയാവുന്നതുകൊണ്ടു ഭാഷാവൈവിധ്യത്തിന്റെ സാന്നിധ്യം വാമൊഴിയിൽ നിജപ്പെടുത്തിക്കൊണ്ടു വരമൊഴിയെ മാനകമലയാളമായി വികസിപ്പിച്ച് വിനിമയ ഏകത കൈവരിക്കാൻ സംസ്ഥാനം ശ്രമിച്ചു. ശ്രമം വിജയമാവുകയും ചെയ്തു. പാഠപുസ്തകങ്ങൾ മാനകമായി ഏകീകരിച്ചും മാനകഭാഷ മാധ്യമങ്ങളിലൂടെയും സർക്കാർ പ്രസിദ്ധീകരണങ്ങളി ലൂടെയും പ്രചരിപ്പിച്ചും ചെറിയ കാലയളവിനുള്ളിൽ പൊതുഭാഷയിലൂടെയുള്ള വിനിമയ ഏകത സംസ്ഥാനം കൈവരിച്ചു. അഭിമാനകരമായ ഭാഷാസൂത്രണ നേട്ടമാണിത്. ഭൗമഭേദങ്ങളെയും സാംസ്കാരിക ഭേദങ്ങളെയും നിലനിറുത്തികൊണ്ടുതന്നെ കേരളത്തിന്റെ ഭൗമാതിർത്തിക്കുള്ളിൽ ഭാഷാ ഏകത നേടിയെടുത്തു. ഈ വിജയത്തോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് ഭാഷാഭേദങ്ങൾ ആഭ്യന്തരമായി അനുഭവിച്ച ചെറുതല്ലാത്ത സംഘർഷങ്ങളും.

വിദ്യാഭ്യാസം സർവത്രികമായതോടെ, കേരളസമൂഹം സാക്ഷരതാകേന്ദ്രിതമായും ന്യൂനപക്ഷം വരുന്ന പൂർവസാക്ഷരസമൂഹവുമായി വിഭജിക്കപ്പെട്ടു. വായനാസമൂഹമായി മാറിയ അഭ്യസ്തവിദ്യർക്കിടയിലും ജോലിയുമായി ബന്ധപ്പെട്ടു തനതല്ലാത്ത ഇതര ഇടങ്ങളിൽ വസിക്കേണ്ടിവരുന്ന കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള ജീവനക്കാരിലും യാത്രികരിലും ക്രമേണ വരമൊഴിയായ പൊതുമലയാളം വാമൊഴിയെ സ്വാധീനിച്ചു തുടങ്ങി. ജോലിസംബന്ധമായി നാടുവിട്ടുള്ള സ്ഥിരവാസം പുതുതലമുറയെ പൈതൃകഭാഷാഭേദത്തിൽ നിന്നകറ്റി. അതതു പ്രദേശങ്ങളിൽ വസിക്കുന്നവർക്കിടയിൽ പ്രാദേശിക ഭാഷാഭേദ പൈതൃകം ഭാഷണശീലങ്ങളിൽ നിന്നും പൂർണ്ണമായി നഷ്ടപ്പെട്ടുമില്ല. പ്രാദേശിക ഭേദങ്ങളിലെ ഉച്ചാരണശീലങ്ങളിലെ മാറ്റത്തെക്കാൾ തദ്ദേശീയവാക്കുകളുടെ നാശത്തിലാണ് കൂടുതൽ മാറ്റം പ്രകടമായത്. മാറുന്ന സാഹചര്യത്തിനനുസരിച്ച് കുറേ പദങ്ങളുടെ നാശവും സംഭവിക്കുന്നുണ്ട്. ഇതുവഴി പ്രാദേശിക അറിവിടങ്ങൾ ഇല്ലാതാകുന്നു. ഭാഷാഭേദ മരണം കേരളത്തിൽ യാഥാർഥ്യമാണെന്നു അംഗീകരിച്ചേ മതിയാകൂ.

## ഭാഷാഭേദങ്ങൾ ശേഖരിക്കണം

മാനക മലയാളത്തിന്റെ ഉപയോഗം സാർവത്രികമായതുകൊണ്ടു സാമൂഹികാചാരങ്ങൾ അടിസ്ഥാനമാക്കിയുള്ള ഭാഷാഭേദങ്ങൾ പണ്ടു വിവേചനപരമായി നിലവിലുണ്ടായിരുന്നെങ്കിലും അവയെ മാനകഭാഷാ ശീലങ്ങളിലൂടെ ഇല്ലാതാക്കാൻ കഴിഞ്ഞുവെന്നത് വലിയ വിജയം തന്നെയാണ്. ഭാഷാഭേദങ്ങളുടെ സർഗാത്മകശക്തിയും വൈവിധ്യവും കൈവിടാതെ കാത്തുപോരുന്നത് സർഗാത്മകസാഹിത്യമാണ്. സർഗാത്മകവൈവിധ്യ പ്രാധാന്യം ഭാഷാഭേദങ്ങൾക്കുണ്ടെങ്കിലും ഭാഷാഭേദങ്ങൾക്കു അർഹമായ പ്രാതിനിധ്യം നൽകാറില്ല. ഭാഷാഭേദനയം ഇനിയും രൂപപ്പെട്ടിട്ടില്ല. അതിനു തെളിവാണ് കേരളത്തിലെ ഭാഷാഭേദങ്ങൾ പൂർണ്ണമായി ശേഖരിക്കാനോ അവയെ സംരക്ഷിക്കാനോ ഇതുവരെയും വേണ്ട ശ്രമങ്ങൾ ഉണ്ടാകാത്തത്. ഭാഷാഭേദം ശേഖരിക്കാത്തതുവഴി സംഭവിക്കുന്ന വിഭവനഷ്ടം ചെറുതല്ല. പലതും നഷ്ടപ്പെടുന്നു. തൊഴിൽപരമായ ഭാഷാഭേദങ്ങൾ ശേഖരിക്കാത്ത ഭാഷയായി മലയാളം ഇന്നും തുടരുന്നു. സാങ്കേതിക പദാവലി നിർമ്മാണത്തിൽ ഏറ്റവും സഹായകമാകുന്ന സ്രോതസ്സ് ഇതുവഴി നഷ്ടപ്പെടുകയാണ്.

സാമൂഹികമാധ്യമങ്ങളുടെ സ്വാധീനം ഭാഷാഭേദങ്ങളുടെ പുനർജ്ജീവനത്തിന് സഹായകമാണ്. ഭാഷാഭേദങ്ങളിൽ ഉള്ളടങ്ങുന്ന പ്രാദേശികതനിമ, വൈകാരികത, സുതാര്യത ജനതയെ തദ്ദേശീയവേരുകളിൽ എത്തിക്കുന്നതുകൊണ്ടാണ് അവയുടെ ഉപയോഗം വർധിച്ചത്. മലയാളത്തിലെ ഭാഷാഭേദങ്ങളെ സജീവമാക്കുന്ന സാമൂഹികമാധ്യമ സാങ്കേതികത മാനക മലയാളത്തെ എങ്ങനെ ബാധിക്കാമെന്നതാകും ഇനിയുള്ള ചർച്ച. എല്ലാ ദേശത്തിന്റെയും വർഗത്തിന്റെയും ഭാഷയായി പ്രാദേശിക മലയാളങ്ങൾ വിനിമയസാന്ദ്രത നേടണം. സിനിമയിലെ ഇന്നത്തെ ഭാഷാഭേദ ഉപയോഗം ഇത് സാധ്യമാക്കുമെന്ന പ്രതീക്ഷ നൽകുന്നുണ്ട്. സാമൂഹിക -ദേശാതിർത്തികൾക്കപ്പുറം ഭാഷാഭേദങ്ങൾ മാനക മലയാളത്തിന്റെ ഭാഗമാകാനുള്ള ആസൂത്രണപ്രക്രിയകളാണ് ഭാഷാഭേദമരണം ഒഴിവാക്കാനും ഭാഷയുടെ ആധുനികീകരണവും സാങ്കേതിക പദാവലി നിർമ്മാണ പ്രതിസന്ധിയും മറികടക്കാൻ ഉതകുന്നത്. ഭാഷാഭേദത്തെ ഭാഷാസാംസ്കാരിക മൂലധനമായി കാണുന്ന ആസൂത്രണമാണ് അഭികാമ്യം. ❑

# കണ്ണിന്റെ കുഞ്ഞി

**കാസർഗോഡുകാരുടെ പറച്ചിലിന് അടുപ്പം കവിതയോടാണ്. ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ആശയം ആഴത്തിൽ വ്യക്തമാക്കും**



പി.വി. ഷാജികുമാർ /കഥാകൃത്ത്, തിരക്കഥാകൃത്ത്

നടപ്പട്ടവെയിൽ ദാഹം തീരാതെ നാട്ടിലെ സകലമാനവെള്ളവും കുടിച്ച് തീർക്കുന്ന മാർച്ച് മാസത്തിലാണ് ഞങ്ങളുടെ നാട്ടിൽ പൂരക്കാലം തുടങ്ങുക. അഴകുളം അമ്പലത്തിൽ മറത്തുകളിക്കുന്ന പണിക്കർമാർ ശ്ലോകം ചൊല്ലി, 'ആ..' എന്ന് ശോകാത്മകമായി ചൊല്ലിത്തീർക്കുന്നത് പതിഞ്ഞ ഒച്ചയിൽ നെല്ലൊഴിഞ്ഞ വയലുകളും തെങ്ങിൻതോട്ടങ്ങളും തോടുകളും കടന്ന് വീട്ടിലേക്ക് വരും. ഈ നേരം പുളി ഉണക്കുകയോ/ കളത്തിലിരുന്ന് മാച്ചി (ചൂൽ)യുണ്ടാക്കാൻ ഉണങ്ങിയ കമുകിൻപട്ട ഈരുകയോ/ കാലിയെ അഴിച്ചുകെട്ടുകയോ/ പൂങ്ങിയ നെല്ല് ത്രാകുകയോ/ കോങ്കോട്ട് പാറക്ക് നിന്ന് മുളിയരിഞ്ഞ് കൊണ്ടുവന്നിടുകയോ അങ്ങനെയായിട്ടുള്ള നൂറ്റ്നൂറ് നാടിന്റേതായ പണികൾക്കിടയിൽ നിന്ന് തലയുയർത്തി സ്വയം(എന്നാലെല്ലാവരും കേട്ടിരിക്കും) അമ്മ പറയും: പൊഞ്ഞേറാവ്ന്ന്... കഴിഞ്ഞുപോയ കാലങ്ങൾ അമ്മയിൽ ഓർമകളായി കത്തിവരുമ്പോൾ അറിയാതെ പറഞ്ഞുപോവുന്നതാണ്. പൊഞ്ഞേർ : മനസ്സിലേക്ക് പുകഞ്ഞ് കയറുന്നത് എന്ന് പിരിച്ചെഴുതാം. ഗൃഹാതുരത്വത്തിനും നൊസ്റ്റാൾജിയയ്ക്കും സാമാനമായ പദം. പൊഞ്ഞേർ എന്ന് പറയുമ്പോൾ കിട്ടുന്ന വൈകാരികാനുഭവം ഒരിക്കലും കിട്ടില്ല മറ്റ് വാക്കുകൾക്ക്. നീലക്കടലിലെ വെളുത്ത മൽസ്യത്തിന്റെ മഞ്ഞക്കണ്ണുകളിലെ തിളക്കമുണ്ട് അതിന്. പിന്നപ്പിന്നെ ഇന്നലെകളിൽ തീർന്നുപോയ നല്ല കാര്യങ്ങൾ മനസ്സിൽ വിഷാദമായി അലച്ചെത്തുമ്പോൾ ഞാനും പറയാൻ തുടങ്ങി: പൊഞ്ഞേറാവ്ന്ന്...

ഞങ്ങൾ കാസർഗോഡുകാരുടെ പറച്ചിലിന് അടുപ്പം കവിതയോടാണ്. ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ആശയം ആഴത്തിൽ വ്യക്തമാക്കും. ചിലപ്പോൾ ഉപമകൾ ചേർത്ത് പ്രയോഗം വാറ്റുചാരായം (റാക്ക്) പോലെ കടുപ്പിക്കും. ഉദാഹരണത്തിന് 'ഞങ്ങൾ പോയി വരാം..' എന്ന് തെക്കുള്ളവർ പറഞ്ഞുപോകുമ്പോൾ 'ഞാങ്ങൊ പോലായി' എന്ന് എത്രയും വേഗം വാക്കുകൾക്ക് ഫുൾസ്റ്റോപ്പിടും. 'ഓടിരക്ഷപ്പെട്ടു' എന്ന് കൃത്രിമമായി



> **ഞങ്ങൾക്ക് ഞങ്ങളുടേതായ പക്ഷികളും മത്സ്യങ്ങളും ജീവികളും പഴങ്ങളും ചെടികളും മരങ്ങളുമുണ്ട്**

പറഞ്ഞ് സ്ഥലം കാലിയാക്കില്ല, 'കീഞ്ഞിന്.. പാഞ്ഞിന്' എന്ന് കേൾക്കുന്നവന് രക്ഷപ്പെടൽ ഒരു ദൃശ്യാനുഭവമാക്കിത്തരും. 'അസൂയക്കും കഷണ്ടിക്കുമല്ല', പീനിനും ചാണക്കുമാണ്  മരുന്നില്ലാത്തത്'. അധികം സംസാരിക്കാതിരിക്കുന്നതാണ് നിനക്ക് നല്ലത് എന്ന് ദേഷ്യപ്പെടാൻ ഏറെ കിതയ്ക്കേണ്ട, 'ബേണ്ട് നൊട്ട്യണ്ട നീ..' എന്ന് മതി, അതുമതി. 'ബേങ്കി.. ബേങ്കി.. ബേം.. ബേം...'



എന്ന് ബസ്സിൽ നിന്ന് ക്ലീനർ ഒച്ചയിട്ടാൽ പാട്ടാണെന്ന് തെറ്റിദ്ധരിക്കേണ്ട, 'വേഗമിറങ്ങ് വേഗമിറങ്ങ്.. വേഗം വേഗം..' എന്ന് ദേഷ്യപ്പെടുന്നതാണ്. 'അവന് വലിയ അഹങ്കാരം..' എന്ന് അഹങ്കാരത്തെ വലുതാക്കില്ല, 'ഓന് ബല്ല്യ പൗറ്...' എന്ന് പറഞ്ഞ് അവനെ കുഴിയാനയെപ്പോലെ ചെറുതാക്കിക്കളയും. ഒരിടത്ത് തന്നെ ഇടയ്ക്കിടെ പോയിക്കൊണ്ടിരിക്കുന്ന ഒരുത്തനോട് ഞങ്ങൾ പറയും: എന്താടാ നിന്റെ പൊക്കിൾ ആട കുഴിച്ചിട്ടിനാ.. പണ്ടുകാലത്ത് പേറെടുക്കുന്നവർ പൊക്കിൾ മുറിച്ചിട്ടാൽ പൊക്കിൾക്കൊടി മണ്ണിൽ കുഴിച്ചിടും. കുഴിച്ചിട്ട സ്ഥലവുമായി ജനിച്ച ആളിന് ഒരു ആത്മബന്ധമുണ്ടാവുമത്രെ.

ബഹുമാനം ഞങ്ങൾക്ക് കുറച്ച് കൂടുതലാണ്. 'നിങ്ങൊ..' 'ഞാങ്ങൊ..' എന്ന് വിധേയത്വത്തിന്റെ കൈ വായയ്ക്ക് വെയ്ക്കും നീ, നിങ്ങൾ/ ഞാൻ/ ഞങ്ങൾ ഇത്യാദികൾക്കെല്ലാം. വയറ് കായുമ്പം 'വിശക്കുന്നു' എന്ന അഹങ്കാരമല്ല, 'പയ്ക്ക്ന്നു..' എന്ന വിധേയത്വം വരും വാക്കുകൾക്ക്. അറിയാത്ത കാര്യങ്ങൾക്കെല്ലാം നിഷ്കളങ്കതയും വിധേയത്വവും കലർന്ന ഒരു 'അപ്പാ..' കുട്ടിവിളിയുണ്ട്. 'ഉമ്മപ്പാ', 'ഇല്ലപ്പാ' എന്നിങ്ങനെ. കാസ്രോട്ടുകാർ നിഷ്കളങ്കരും എളുപ്പം പറ്റിക്കപ്പെടുന്നവരുമാണെന്ന് മറ്റുള്ളവർ പിടിച്ചെടുത്തതും പ്രയോഗിച്ചതും സംസാരത്തിലെ കാപട്യരഹിതമായ വിധേയത്വത്തിൽ നിന്നാണ്.

ഞങ്ങൾക്ക് ഞങ്ങളുടേതായ പക്ഷികളും മത്സ്യങ്ങളും ജീവികളും പഴങ്ങളും ചെടികളും മരങ്ങളുമുണ്ട്. നിങ്ങളുടെ സൈലന്റ് വാലിയിലില്ലാത്ത ചീവീടുകൾ ഞങ്ങൾക്ക് പീരാംകുടുക്കകൾ ആണ്. 'വെര്യം കൊടുക്കുന്ന കുടുക്ക(കരയുന്ന കുടുക്ക) എന്നർഥം. തട്ടിൻപുറത്ത് ഇരുട്ടിൽ തൂങ്ങിക്കിടക്കുന്ന വവ്വാൽ വാതിലാണ്. വലിയ വവ്വാൽ കടവാതിലും. രുചിയനുസരിച്ച് ഞങ്ങൾ പഴങ്ങൾക്കും പച്ചക്കറികൾക്കും പേര് വിളിച്ചു. ചുവന്ന് നീളത്തിൽ കിടക്കുന്ന മുളകിന് ഞങ്ങൾ ആകെ മൊത്തം പറങ്കി എന്ന് വിളിച്ചു. പറങ്കികളെ തൊട്ടാലെരിയും എന്ന് ഞങ്ങൾക്ക് അന്നേ അറിയാമായിരുന്നു. എരിവ് കൂടുതലുള്ള കാന്താരിക്ക് കുറച്ച് ബഹുമാനം കൊടുത്ത് കപ്പപറങ്കിയാക്കി. കശുവണ്ടി ഞങ്ങളുടെ നാട്ടിൽ ചരിത്രം പറഞ്ഞ് പറങ്കിമാങ്ങയാണ്. പറങ്കികൾ കൊണ്ടുവന്ന മാങ്ങ. മധുരവും എരിവും മിക്സ് ചെയ്ത സ്വാദാണല്ലോ പറങ്കിമാങ്ങയ്ക്ക്. പറങ്കിമാങ്ങ വാറ്റിയെടുക്കുന്ന റാക്ക് ഞങ്ങളുടെ സ്വന്തം മദ്യമായിരുന്നു. നാട്ടിലെ റാക്കിന് വേണ്ടി, ദൂരസ്ഥലങ്ങളിൽ നിന്ന് ആളുകൾ വന്നു. കമ്മ്യൂണിസത്തിനും തെയ്യത്തിനും പൂരക്കളിക്കുമെന്ന പോലെ പറങ്ക്യാങ്ങ വാറ്റിയ റാക്കിനും പേരുകേട്ട നാടായിരുന്നു എന്റേത്. കൈകൂപ്പുന്നത് പോലെ ഇലകളിൽ പൊതിഞ്ഞ് നിൽക്കുന്ന ഒരു ചെറുപഴമാണ് മൊട്ടാമ്പുളിങ്ങ. തെക്കോട്ട് എന്ത് വിളിക്കുമെന്നറിയില്ല. മൊട്ട്, ആമ്പൽ, പുളി, മാങ്ങ ഇതെല്ലാം മിക്സ് ചെയ്ത പരുവപ്പെടുത്തിയ പേരാണ് മൊട്ടാമ്പുളിങ്ങ എന്നറിയാം. പേര് സൂചിതസ്വാദുമുണ്ടതിന്. വിദേശങ്ങളിൽ ഇപ്പോൾ വലിയ വിലയാണ് മൊട്ടാമ്പുളിങ്ങയ്ക്ക്. നാട്ടിൽ ഇപ്പോഴും വഴിവക്കിലും കുറ്റിക്കാട്ടിലും കൈകൂപ്പിനിൽക്കുന്ന പഴം പുറംരാജ്യങ്ങളിൽ മൂല്യവത്താകുമ്പോൾ 'Local is International' എന്ന പ്രയോഗത്തിന്റെ അർഥം കൂടുതൽ വ്യക്തമാവുന്നു. കയ്ക്കുന്ന പാവക്ക ഞങ്ങൾക്ക് കയ്പക്കയായി. എന്നാൽ പേരക്കയിലെ ഇക്ക ഞങ്ങൾ

മാറ്റി, വേരാപ്പഴം എന്ന് വിളിക്കും.

കുട്ടികൾക്ക് പിടിക്കാൻ വേണ്ടി മാത്രമായി പുഴവക്കത്ത് വെള്ളം കുറവായ സ്ഥലത്ത് അനങ്ങാതെ കിടക്കുന്ന കുരുടൻ ഞങ്ങളുടെ സ്വന്തം മീനായിരുന്നു. കുരുടന് കണ്ണ് കാണില്ലെന്നായിരുന്നു ഞങ്ങൾ വിശ്വസിച്ചിരുന്നത്. ഞങ്ങളുടെ ബറകളിലെ (ബറ-ചൂണ്ട) കൊക്കകളിൽ കെണിയാനായി മഞ്ഞ കൺമഷിയെഴുതി കളിച്ച് കുട്ടപ്പനായി, ചൂട്ടച്ചിയും മഞ്ഞളാട്ടയും മൽസരിച്ച് നിൽക്കാറുണ്ടായിരുന്നു. മാമുക്കോയയുടെ പല്ല് പോലെ മുള്ള് പുറത്തേക്കുയർത്തി മുല്ലാക്കൊട്ലയുണ്ടായിരുന്നു, നടു വളച്ച് നടും ചൂരിയുമുണ്ടായിരുന്നു. വലിയവരുടെ ബറകളിൽ ബ്രാൽ, കയ്ച്ചൽ, മടമുശു, കട്ട തുടങ്ങിയ വലിയ മീനുകൾ കുടുങ്ങിയപ്പോൾ ഞങ്ങൾ കുട്ടികളെ വിഷമിപ്പിക്കാതിരിക്കാനാവണം ചൂട്ടച്ചിയും നെടുംചൂരിയും മുല്ലാക്കൊട്ലയും കുരുഡനും എന്നും ഞങ്ങളുടെ കൊക്കയിൽ കുരുങ്ങി ജീവിതത്തെ വെള്ളത്തിലേക്കൊഴുക്കി. പച്ചയീർക്കിൽ കൊണ്ടുണ്ടാക്കിയ കോവയിൽ അവയെ ചെങ്കിളയിലൂടെ കോർത്ത് വീട്ടിലേക്ക് നടക്കുമ്പോൾ ഞങ്ങൾ ഉശിരന്മാരായി. ഇപ്പോൾ കുരുഡനും നടുംചൂരിയും മുല്ലാക്കൊട്ലയും മഞ്ഞളാട്ടയും ചൂട്ടച്ചിയുമില്ല.

താനത്ത് തെയ്യത്തിന് പോകുമ്പം കുറേ വാക്കുകൾ ഗ്ഗണം വരുത്തും. മഞ്ഞക്കറിയുടെ മണം പടരും. മുണ്ട് കൊണ്ട് കെട്ടിയ ചെണ്ടകളും തെയ്യക്കോപ്പുകളും കൊണ്ട് തെയ്യംകെട്ടുന്നവർ വയലിലൂടെ നിലാവ് പടർന്ന ഇരുട്ടിൽ നടന്നുവരുന്ന കാഴ്ച ഒരു കുറസോവ ഫ്രെയിമാണ്. തെയ്യം തുടങ്ങിയാൽ വീട്ടിൽ കാലുറക്കില്ല. സ്കൂളിൽ ഇരിപ്പുറക്കില്ല. രാത്രി രാത്രിയേയല്ല. തെയ്യം മണ്ണിലുറഞ്ഞ് പോയത് കൊണ്ട് തെയ്യവുമായി ബന്ധപ്പെടുന്ന പ്രയോഗങ്ങളും വാക്കുകളും രസകരമായ കഥകളും ഏറെയുണ്ട്. 'ചെമ്പ് കണ്ട് കൂടാത്ത തെയ്യത്തെപ്പോലെ ഓൻ കളിക്കുന്നത് നോക്കറോ...' എന്ന് പറയുന്നത് ദേഷ്യം കൊണ്ട് തുള്ളുന്ന മനുഷ്യനെ കാണുമ്പോഴാണ്. ചെമ്പ് കണ്ട് കൂടാത്ത തെയ്യം മൂവാളംകുഴി ചാമുണ്ഡിയാണ്. ഒന്നിലും ഉറച്ച് നിൽക്കാത്ത ഒരാളെ കാണുമ്പോൾ നിശ്വാസത്തിന്റെ വിരൽ മൂക്കിന് വെക്കും: 'കല്ല് പോയ കുളിയനെപ്പോലെ നടക്കുന്ന നീയിങ്ങനെ നടക്കാതെടാ....' കുളിയൻ തെയ്യത്തിന് ഇരിപ്പിടവും കിടപ്പാടവുമായി ഒറ്റക്കല്ലുണ്ടാകും. ആ കല്ല് പോയാൽ പിന്നെ ഇരിക്കാനും കിടക്കാനുമാവാതെ രാവന്തിയെന്നില്ലാതെ നടപ്പ് തുടരും കുളിയൻ. കല്ല് പോയ കുളിയൻ കുന്നുമ്പുറത്തൂടെ നടക്കുന്നത് കാണാറുണ്ട് ഇടയ്ക്കിടെ. അഹങ്കാരത്തിലും ആത്മവിശ്വാസത്തിലും സ്വന്തം കാര്യം തീരുമാനിക്കുന്നവരോട് 'നിങ്ങളെ തെയ്യം നിങ്ങളെ മഞ്ഞക്കറി.. ഞങ്ങക്കെന്താക്കണ്ടേ..' എന്ന് ആത്മഗതിക്കും.

തെയ്യംവിറ്റുകൾ പറഞ്ഞാലും പറഞ്ഞാലും തീരില്ല. തെയ്യത്തിന്റെ മിത്തിനേക്കാളും ഇഷ്ടം തെയ്യം തമാശകൾക്കാണ്. തെയ്യത്തിന്റെ ഭ്രാന്ത് പിടിച്ച ആളുകളും നാട്ടിലുണ്ട്. ചെറൂള്ളി കോമേട്ടൻ (ചെറൂള്ളി-ചെറുനാരാങ്ങ) അങ്ങനെയൊരാളായിരുന്നു. കുളിയാനായിരുന്നു കോമേട്ടനെ കയറിപ്പിടിച്ചത്. ഉന്മാദം പടരുന്ന നട്ടുച്ചകളിൽ തെയ്യം ഭാഷയിൽ ഉച്ചത്തിലുരുവിട്ട് കോമേട്ടൻ നടക്കുന്ന വഴികളെല്ലാം തെയ്യപ്പറമ്പുകളാക്കി നടന്നുപോകുന്നത് ഭയകാഴ്ചയായുണ്ട്. ഇരുട്ട് ഞങ്ങൾക്ക് മോന്തിയാണ്. മോന്തിക്ക് ചൂട്ടും കത്തിച്ച് ഒരു ഗോപാലേട്ടൻ

## ഓട്ടോ റെനെ കാസ്റ്റില്ലോയുടെ സുപ്രസിദ്ധമായ കവിത 'Apolitical Intellectuals' ന് കാസ്രോഡൻഭാഷേല് ഒരു വിവർത്തനശ്രമം

'ഒരീസം
അടുപ്പിൻ കണ്ടില് ചേര കെടക്ക്ന്ന
ചാടപ്പേൽത്തോറ്
വരാൻ വര്ന്നപ്പ്യേല്ലം പറ്റ ബന്നിറ്റ്
നമ്മളെ നാട്ടിൽത്തെ പടിപ്പും
പൈശേംല്ലപ്പ്യോട് ചോയിക്കും
'നാട് പണ്ടാരമടങ്മ്പം

Apolitical Intellectuals
One day
the apolitical
intellectuals
of my country
will be interrogated
by the simplest
of our people.

They will be asked
what they did
when their nation died out
slowly,
like a sweet fire
small and alone.

No one will ask them
about their dress,
their long siestas
after lunch,
no one will want to know
about their sterile combats
with 'the idea
of the nothing'

പോകുന്ന കാഴ്ചയുണ്ട്. വെളിച്ചം വഴിയിലേക്ക് ചിതറും. പ്രാണികൾ വെളിച്ചത്തിനൊപ്പം ജാഥയാവും. തീപ്പൊരികൾ കറുപ്പിൽ റെഡ്സ്റ്റാറുകൾ ആകും. ചൂട്ടുകളും ബീഡികളുമായിരുന്നു നാട്ടിന്റെ വെളിച്ചം. ബീഡി കത്തിച്ച് ഒരാൾ ഇരുട്ടിലൂടെ പോകുന്നത് കണ്ട് അതാ,ക

നിങ്ങോല്ലം ഏടപ്പോയിന്
എക്കിനൊറപ്പില്ലാത്തോരേന്ന്...'

ഓന്റേല്ലം
നിക്കലും
നോക്കലും
വട്ടി തടലും
പൈസേരെ മീട് വീർപ്പിക്കലും
ബീപാള വീശലും
നാമൂസെൾക്കലും
പല്ലിന്റേടേല് എറച്ചി കുത്തുമ്പംണ്ടാവ്ന്ന
ബെറ്യതെയ്ള്ള ബെജാറൊന്നും
ഒറ്റൊരുത്തനും കണക്കിലിട്ടൂലാ...
ഓന്റെ നൊടിച്ചലിന്റെ ബണ്ണത്തിന്
ഒരുത്തനും നിക്കൂല.

'നെന്റെ പൗറ് നെന്റെ ബീട്ട്ല്
കൊണ്ടച്ചാ മതീ'ന്ന് കൂക്കിക്കൊണ്ട്
അരിക്ക് ഉരിയരിയില്ലാത്തോറ് ബരും.
ഓന്റെല്ലം എയ്ത്തിലും ബർത്താനത്തിലും
ബരാത്തോറ്ഓ നല്ലും ചോയ്ക്ക്മ്പം ചോയ്ക്ക്മ്പം
അണ്ടബായില് കഞ്ഞീം ബെള്ളോം ഒയിച്ച്
കൊട്ത്തോറ്ഓന്റെ കുപ്പായം കവ്വിക്കൊട്ത്തോറ്
ഓന്റെ ബീടും കക്കൂസും മനാരാക്കിക്കൊട്ത്തോറ്
അപ്പ്യ ബരും
ബന്നിറ്റ് നട്ടനീർത്തീറ്റ് ചോയിക്കും
'നാട് കുയ്യിലേക്ക് കാലെട്ത്ത് ബെക്കുമ്പൊ
നീയെല്ലാം ഏട്രാ പോയിന്
നട്ടൂന് എല്ലില്ലാത്തോരേന്ന്...'

അപ്പൊ
ഉത്തരം കിട്ടാതെ
കൊഞ്ഞനം കുത്താൻ കയ്യ്യാതെ
ശണ്ടീല് ദുറ്യ പോലെ നിക്കും നിങ്ങൊ... ആ..."

no one will care about
their higher financial learning.

They won't be questioned
on Greek mythology,
or regarding their self-disgust
when someone within them
begins to die
the coward's death.

They'll be asked nothing
about their absurd
justifications,
born in the shadow
of the total lie.

On that day
the simple men will come.

Those who had no place
in the books and poems
of the apolitical intellectuals,
but daily delivered
their bread and milk,
their tortillas and eggs,
those who drove their cars,
who cared for their dogs and gardens
and worked for them,
and they'll ask:

'What did you do when the poor
suffered, when tenderness
and life
burned out of them?'

Apolitical intellectuals
of my sweet country,
you will not be able to answer.

A vulture of silence
will eat your gut.

Your own misery
will pick at your soul.

And you will be mute in your shame.

**Otto Rene Castillo**

മ്മ്യൂണിസ്റ്റാർടെ ചൂട്ട് പോവുന്ന്'എന്ന് ഒരു കഥാപാത്രത്തെക്കൊണ്ട് കഥയിൽ കഥിപ്പിച്ചിട്ടുണ്ട് ഒരിക്കൽ.

മണ്ണുമായി ബന്ധപ്പെട്ട് കനം കൂടിയ ഒട്ടേറെ വാക്കുകളുണ്ട്. മരണത്തിലേക്കെത്തിപ്പെട്ടതിനെ 'വായ്ക്ക് മണ്ണാവട്ടി....' എന്ന ഒറ്റവാക്കിൽ വെട്ടിയിടും. 'കൂവൽ' ഞങ്ങൾക്ക് കൂകലല്ല, വാഴക്കണ്ടത്തിലും നട്ടിക്കണ്ടത്തിലും വെള്ളമൊഴിക്കാൻ ഉണ്ടാക്കുന്ന കുളത്തെക്കാൾ ചെറിയ കുഴികളാണ്. കൂവലിൽ നിന്ന് മൺപാനയിൽ വെള്ളമെടുത്ത് വാഴക്കൊഴിക്കുന്നത് മഴയൊഴിഞ്ഞ പുലർക്കാലങ്ങളിലെ സ്ഥിരംകാഴ്ചയാണ്. കൂവൽ പോലെ 'പള്ള'-ങ്ങളുമുണ്ട്.

കുറച്ച് വലിയ കൂവലുകളാണ് പള്ളങ്ങൾ എന്ന് പറയാം. നിങ്ങൾ കിളയ്ക്കാനുപയോഗിക്കുന്ന തുമ്പ ഞങ്ങൾക്ക് കൈക്കോട്ടാണ്. മറ്റുള്ളവരെ സ്വന്തം കാര്യത്തിന് ഉപയോഗിക്കുകയും തിരിച്ചൊരുപകാരം ചെയ്യാത്തവനെ 'ഓൻ നല്ലൊരു കൈക്കോട്ടാണെന്ന്' വിളിക്കും ഞങ്ങൾ. 'കാനപ്പാടാണ്, വെയിലെത്തില്ല..' എന്ന് ഇരുൾമൂടിയ, വിളവ് കുറവായ സ്ഥലങ്ങളെക്കുറിച്ച് പറയും. കാനപ്പാട്- കാനനം ഉണ്ടാക്കിയ പാടാണ്. എല്ലായ്പ്പോഴും മാറാതെ നിൽക്കുന്ന തണൽ. ഒരു കാട് തന്നെ തണലുയർത്തി മനസ്സിൽ നിൽക്കും കാനപ്പാട് എന്ന് കേൾക്കുമ്പോൾ, പ്രത്യേകിച്ച് ഈ ഫോറസ്റ്റ് മുഴുവൻ നാടായി മാറിക്കൊണ്ടിരിക്കുന്ന നടപ്പുകാലത്ത്.

ഗർഭിണികളെ ഞങ്ങൾ 'കരിപ്പക്കാരത്തി' എന്ന് വിളിക്കും. 'വിശേഷം' ഉണ്ടെന്നല്ല, 'ഓളെ കുളി തെറ്റ്യോലും' എന്നാണ് പറയുക. 'പ്രസവിച്ചു' എന്നല്ല 'പെറ്റ്' ലഘുകരിക്കും. പരിഷ്കാരമില്ലാത്തതോണ്ട് 'കരിപ്പക്കാരത്തി' പോയി, 'ഗർഭിണി' ആയി. അതിനും പരിഷ്കാരം പോരെന്ന് തോന്ന്യത് കൊണ്ടാവാം 'പ്രഗ്നന്റ്' ആണ് പുതിയ പദം.

> തെയ്യം തുടങ്ങിയാൽ
> വീട്ടിൽ കാലുറക്കില്ല,
> സ്കൂളിൽ ഇരിപ്പുറക്കില്ല,
> രാത്രി രാത്രിയേയല്ല



ഫോട്ടോ: രമേഷ്കുമാർ വെള്ളമുണ്ട

അധ്വാനം ശീലമാക്കിയ പഴയ കാലത്ത് പെണ്ണുങ്ങൾക്ക് 'പെറല്' എന്നത് ഒരു സാധാരണസംഭവമായിരുന്നു. പേറ്റുവേദന വരുമ്പോൾ അങ്ങ് പെറും. നാട്ടിലെ എല്ലാവരും അങ്ങനെയായിരുന്നു. 'നെന്റെ അമ്മ ഈ തങ്കംല്ലേ, നെന്റെ ഏട്ടനെ പെറ്റത് കരക്ക (തൊഴുത്ത്) കവ്വുമ്പോളാടാ (കവ്വുക-വൃത്തിയാക്കുക).. രണ്ടാമത്തോനെ പെറ്റത് തോല് കൊത്താൻ കുന്നുമ്മ പോയപ്പേളും. നെന്നെ പെറ്റത് അടുക്കളേന്നാ, അതാ നെനക്കിത്ര 'കളറ്*..' എന്ന് നാട്ടിലെ തല നരച്ച, യൗവനം പോവാൻ സമ്മതിക്കാത്ത പെണ്ണുങ്ങൾ എന്നോട് പറയുമ്പോൾ അമ്മ നിസ്സംഗമായി ഒരു ചിരി ചിരിക്കും.

കഥകളിലും നോവലുകളിലും കാസർഗോഡൻ ഭാഷയും ശൈലിയും മുൻപ് തന്നെ വന്നിട്ടുണ്ടെങ്കിലും മലയാളസിനിമയിൽ അടുത്ത കാലത്താണ് തുടരെത്തുടരെ വന്നുകൊണ്ടിരിക്കുന്നത്. കാസർഗോഡിന്റെ കഥ പറയുന്ന സിനിമകൾ, കാസർഗോഡിന്റെ പ്രാദേശികഭാഷയിൽ ലജ്ജയും മടിയുമില്ലാതെ കഥാപാത്രങ്ങൾ സംസാരിക്കുന്ന സിനിമകൾ. ബാവൂട്ടിയുടെ നാമത്തിൽ, പുത്തൻപണം തുടങ്ങിയ സിനിമകളിൽ ആരംഭിച്ച് തിങ്കളാഴ്ച നിശ്ചയം, ന്നാ താൻ കേസ് കൊട്, മദനോൽസവം, നദികളിൽ സുന്ദരി യമുന എന്നിങ്ങനെയുള്ള ഒട്ടേറേ സിനിമകളിൽ കാസർഗോഡൻ കഥാപാത്രങ്ങളും ഭാഷയും ആചാരങ്ങളും രീതികളും ദൃശ്യവൽക്കരിപ്പെട്ട് കഴിഞ്ഞു. കാസർഗോഡുകാർ അഭിനയിക്കുന്ന, സംവിധാനം ചെയ്യുന്ന, കഥയെഴുതുന്ന സിനിമകൾ. തീയേറ്ററുകളിൽ അവ കൈയ്യടി നേടുന്നു. അഭിനയിച്ചവർ പ്രേക്ഷകരുടെ ഉള്ളിലേക്ക് താരങ്ങളായി നിഷ്കളങ്കതയോടെ തിളങ്ങുന്നു. മറുദേശങ്ങളിൽ നിന്നുള്ള അഭിനേതാക്കൾ വടക്കൻ ഭാഷ കഷ്ടപ്പെട്ട് പഠിച്ചെടുത്ത് ഈ സിനിമകളുടെ ഭാഗമാവുന്നു. ഇനിയും എത്രയോ സിനിമകളും കഥകളും നോവലുകളും കവിതകളും കാസർഗോഡിന്റെ അനുഭവങ്ങൾ സർഗാത്മകമായി അടയാളപ്പെടുത്തുമെന്ന് ഒരു സംശയവുമില്ല. നമ്മുടെ ഭാഷയും ജീവിതവും ഇനിയും കൂടുതൽ ആഴത്തിൽ മുഖ്യധാരയിൽ അറിയട്ടെ, പയമ്മ പറയട്ടെ. ❑

*കണ്ണിന്റെ കുഞ്ഞി- കണ്ണിലെ കൃഷ്ണമണിക്ക് പറയുന്ന നാട്ടുവാക്ക്.

# സംസ്കാരത്തെ അതിജീവിപ്പിക്കുന്ന ഭാഷ



**സംസ്കൃതസ്വാധീനം കുറഞ്ഞ വാമൊഴിവഴക്കങ്ങളാണ് കണ്ണൂർ ഭാഷയുടെ പ്രത്യേകത.**

ഡോ. സ്മിത കെ. നായർ /അസി. പ്രൊഫസർ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല



ഭാഷാനഷ്ടത്തിലൂടെയുള്ള സാംസ്കാരികനഷ്ടം കഴിയുന്നത്ര ഒഴിവാക്കി തനതുശൈലി നിലനിർത്തി സംസ്കാരത്തെ അതിജീവിപ്പിക്കുന്ന ഒരു രീതിയാണ് കണ്ണൂർ ഭാഷാഭേദത്തിൽ പൊതുവായി കാണാൻ കഴിയുന്നത്. മണ്ണിനോടും പ്രകൃതിയോടും അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയവയോടും ചേർന്ന് നിൽക്കുന്ന ഒരു ജനതയെയാണ് കണ്ണൂർ ഭാഷാഭേദം വെളിപ്പെടുത്തുന്നത്. ബണ്ണാമ്പ്ല, മാണ്ടുച്ചി, തമ്പാച്ചി, കുപ്പായി, പച്ചപ്പറങ്കി, മൊളീശൻ, ബിളിമ്പി, പൃക്ക് തുടങ്ങിയ വാക്കുകൾ കേട്ടാൽ കണ്ണൂരിന് പുറത്തുള്ളവർ ഇത് മലയാളമാണോ എന്ന് സംശയിക്കും. ഇത്തരത്തിൽ "ഉപ്പും പറങ്കിം ഞെലച്ചിറ്റ് കുൾത്ത് കുടിച്ചു" എന്ന് കണ്ണൂരുകാർ പറയുമ്പോൾ "ഉപ്പും

മുളകും ഞെരടി പഴങ്കഞ്ഞി കടിച്ച്" എന്നാണ് പറഞ്ഞതെന്ന് മനസ്സിലാക്കണം. ബണ്ണാമ്പ്ല മാറാലയും, മാണ്ടച്ചി പ്രേതവും, മൊളീശൻ മുളകിട്ട കറിയും, ബേങ്കി വേഗം ഇറങ്ങു എന്നും പൃക്ക് കൊതുകുമാണ്.

സംസ്കൃതസ്വാധീനം കുറഞ്ഞ വാമൊഴിവഴക്കങ്ങളാണ് കണ്ണൂർ ഭാഷയുടെ പ്രത്യേകത. മുഖം എന്നതിന് മീട്, മൊത്തി, മോറ് എന്നീ രൂപങ്ങൾ അവർ ഉപയോഗിക്കുന്നു. ദേഹം എന്നതിന് മെയ് എന്നും ദേഹത്ത് എന്നതിന് മേത്ത് എന്നുമാണ് പ്രയോഗം. തലയ്ക്ക് മണ്ട എന്നും വയറിന് കുമ്പ എന്നും കഴുത്തിന് കൗത്ത് എന്നും ശബ്ദത്തിന് ക്കുറ്റ് എന്നും ചുമയ്ക്ക് കൊര എന്നുമുള്ള പ്രയോഗങ്ങൾ ഭാഷയുടെ ഏറ്റവും ലളിതമായ ശൈലിക്ക് ഉദാഹരണങ്ങളാണ്. ഭാഷയിലെ പരിസ്ഥിതിബോധവും അനന്യമാണ്. ഏറ്റവും ലളിതമായ പദങ്ങളുടെ പ്രയോഗം പരിസ്ഥിതിബോധവുമായി ചേർന്നു നിൽക്കുന്നു. പണ്ടുകാലത്ത് തവളയ്ക്ക് മാക്രി എന്നുപയോഗിച്ചിരുന്നെങ്കിലും ഇന്ന് അത്തരം പ്രയോഗം കുറവാണ്. എന്നാൽ കണ്ണൂർ ഭാഷാഭേദത്തിൽ ഇത്തരം പദങ്ങൾ നിലനിർത്തിപ്പോരുന്നു. തവളയ്ക്ക് മാക്രി എന്നും നാൽക്കാലിക്ക് കന്ന് എന്നും കാളയ്ക്ക് മൂരി എന്നും പശുക്കിടാവിന് കടച്ചി എന്നും പശുവിന് അമ്പ എന്നും അണ്ണാന് അണ്ണാക്കൊട്ടൻ എന്നും ഒച്ചിന് അച്ചിൾ എന്നും തുമ്പിക്ക് അച്ചിക്കിണിയൻ എന്നുമാണ് പേര്. സന്ധ്യാനേരത്തെ സൂചിപ്പിക്കാൻ അന്തി, മോന്തി, മയ്യാല എന്നീ പദങ്ങൾ ഉപയോഗിക്കുന്നതായി കാണാം. ആച്ച് എന്നാൽ കാലാവസ്ഥയാണ്. തെയ്യത്തിന്റെ നാടായതുകൊണ്ടുതന്നെ വിശ്വാസവുമായി ഏറ്റവും ചേർന്നുനിൽക്കുന്ന ഭാഷയാണ് കണ്ണൂർ ഭാഷ. അമ്പോറ്റി എന്നാൽ ദൈവവും അമ്പാടി എന്നാൽ തെയ്യവും പോതി എന്നാൽ ഭഗവതിയുമാണ്. ഭൂതപ്രേതസങ്കല്പത്തെ സൂചിപ്പിക്കാൻ മാത്രം മാണ്ട, മാടൻ, മാണ്ടച്ചി, പൂതൻ, കുളി എന്നിങ്ങനെ ഒട്ടനവധി പദങ്ങൾ ഭാഷയിലുണ്ട്.

പ്രത്യയപ്രയോഗങ്ങളിലെ സവിശേഷതകൾ എടുത്തുപറയേണ്ടതാണ്. 'തന്നിനി' - തന്നിരുന്നു എന്ന അർത്ഥത്തിൽ 'ഇന്' ഭൂതകാലപ്രത്യയമായി ഉപയോഗിക്കുന്നു.'തന്നറോ' എന്നാൽ തന്നേക്കു എന്നും 'തന്നിക്ക്'എന്നാൽ തന്നിരുന്നു എന്നും 'തെരല്ണ്ട്' എന്നാൽ തരാറുണ്ട് എന്നും 'തന്നിറ്റ' എന്നാൽ തന്നിട്ടില്ല എന്നും അർഥം. ഇവിടെ 'ഇറ്റ' എന്ന പ്രത്യയമാണ് നിഷേധരൂപമായി വർത്തിക്കുന്നത്. അതുപോലെ 'തരറ' എന്നാൽ തരരുത് എന്നർത്ഥം. 'തന്നേക്കറാ' എന്നത് തന്നേക്കരുതോ എന്നും 'തരറോ' എന്നത് തരരുതോ എന്ന അർഥത്തിൽ ചോദ്യരൂപമായും ഉപയോഗിക്കുന്നു. 'തന്നിനോ' എന്നാൽ തന്നിരുന്നോ എന്നർഥം.

ചില്ലക്ഷരം ലോപിച്ച സർവനാമങ്ങൾ (ഞങ്ങ, നിങ്ങ), സംവൃതോകാരത്തിനു പകരം ഇകാരത്തിലവസാനിക്കുന്ന പദങ്ങൾ (ഓന്-ഓനി, എന്തിന്-എന്തിനി), ടകാരത്തിനു പകരം റകാരാദേശം (എന്തെടോ-എന്തെറോ), മറിച്ച് റകാരത്തിനു പകരം ടകാരവും (പോയവാറ്-പോയവാട്, കണ്ടവാറ്-കണ്ടവാട്), സംബന്ധികാവിഭക്തിപ്രത്യയമായ ഉടെ ലോപിച്ച് രെഎ ആയി മാറുന്നതും (കുഞ്ഞുങ്ങളുടെ-കുഞ്ഞുങ്ങളെ, പാട്ടിയുടെ-പാട്ടീരെ) കണ്ണൂരിന്റെ ഭാഷാപ്രത്യേകതകളായി ടി.കെ.കെ. പൊതുവാൾ പൊഞ്ഞാറിന്റെ ആമുഖത്തിൽ വിലയിരുത്തുന്നു. (അംബികാസുതൻ മാങ്ങാട്, 2015)

> **വൈവിധ്യമാർന്ന ഭാഷാപ്രയോഗങ്ങൾകൊണ്ട് സമ്പുഷ്ടമാണ് കണ്ണൂർ ഭാഷ**

സാംസ്കാരിക സന്ദർഭങ്ങളെയും സാമൂഹികമായ പ്രത്യേകതകളെയും അടയാളപ്പെടുത്തുന്നതിൽ സർവനാമങ്ങളുടെ സ്ഥാനം ചെറുതല്ല. ഭാഷയിൽ പ്രയോഗിക്കപ്പെടുന്ന ശ്രേണികൃതമായ അധികാരം, അസമത്വം, തുല്യത, ഔപചാരികത, ജെൻഡർ ബോധം, തുടങ്ങിയ എല്ലാത്തരം പ്രത്യേകതകളും സർവനാമങ്ങളുടെ പ്രയോഗത്തിലൂടെ വെളിപ്പെടുന്നു. കണ്ണൂർ ഭാഷാഭേദത്തിൽ ഓള് എന്നാൽ അവളും ഓന് എന്നാൽ അവനുമാണ്. ഞങ്ങൾ എന്നത് ഞാള്, ഞമ്മള് എന്നിങ്ങനെ പ്രയോഗിക്കുന്നു. അവർ എന്നതിന് അയ്റ്റിങ്ങ, അവ്യ എന്നീ പ്രയോഗങ്ങൾ ആണുള്ളത്. ഓറ് എന്നാൽ ബഹുവചനരൂപമായി അവർ എന്നുപയോഗിക്കുന്നു. ഞാക്ക് എന്നാൽ ഞങ്ങൾക്ക് എന്നർഥം. അന്റ്ത് എന്നാൽ എന്റേതും അനക്ക് എന്നാൽ എനിക്കുമാണ്. നിങ്ങള് എന്നതിന് ഇങ്ങള് എന്നും നീ എന്നതിന് ഇജ്ജ് എന്നും ഉപയോഗിക്കുന്നു. ഇങ്ങള് എന്നത് ബഹുമാനസൂചികൂടിയാണ്. അദ്ദേഹം എന്നത് മൂപ്പരാണ്. എന്റെ കൂടെ എന്നതിന് അന്റ്പ്പരം എന്ന് പ്രയോഗിക്കുന്നു.ഞാള്, ഞങ്ങ, നിങ്ങ, ആട, ഈട, ഏട, ഇങ്ങള്, നമ്മതുടങ്ങി വ്യത്യസ്തമായ സർവനാമരൂപങ്ങൾ ഇവിടെ ഉപയോഗിക്കുന്നതായി കാണാം.

ഇത്തരത്തിൽ വൈവിധ്യമാർന്ന ഭാഷാപ്രയോഗങ്ങൾ കൊണ്ട് സമ്പുഷ്ടമാണ് കണ്ണൂർ ഭാഷ. ഇത് പരിസ്ഥിതിയുമായും സംസ്കാരവുമായും ഹൃദയത്തിന്റെ ഭാഷയിൽ സംസാരിക്കുന്നു എന്നതാണ് ഈ പദങ്ങൾ ഇന്നും ഏറ്റവും ലളിതമായി നിലനിൽക്കാൻ കാരണം എന്ന് പറയാം. വരമൊഴിഭാഷയുടെ വാമൊഴിയിലേക്കുള്ള കടന്നുവരവ് ഭാഷയെ മാനകമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. ഈ മാനകവൽക്കരണം ഭാഷാപദങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കി. ഭാഷയുടെ ആധുനികവൽക്കരണത്തിൽ മാനകഭാഷയും വാമൊഴിഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ കുറഞ്ഞുവന്നു. പ്രാദേശികഭേദങ്ങൾ ഭാഷയിൽ നിന്നും നഷ്ടമായി തുടങ്ങി. എന്നാൽ ഈ മാറ്റങ്ങളൊന്നും തന്നെ കണ്ണൂർ ഭാഷാഭേദത്തിൽ കാര്യമായി ബാധിച്ചിട്ടില്ല. ഭാഷയുടെ ദ്രാവിഡസ്വഭാവം നിലനിർത്താൻ കണ്ണൂർ ഭാഷയ്ക്ക് കഴിയുന്നുണ്ട് എന്നുപറയാം. ഇനിയുമേറേ ഭാഷാസവിശേഷതകൾ കൊണ്ട് സമ്പുഷ്ടമായ കണ്ണൂർ ഭാഷാഭേദത്തിൽ കൃത്യമായ ഭാഷാശാസ്ത്രപഠനത്തിന് ഏറെ പ്രസക്തിയുണ്ട്. ❑

# മൽപ്രം ഭാഷ

## സർവനാമരൂപങ്ങളുടെ പ്രയോഗഭേദം മൽപ്രംഭാഷയുടെ പ്രത്യേകതകളിലൊന്നാണ്



ഡോ. പ്രമോദ് ഇരുമ്പുഴി /അധ്യാപകൻ

മലപ്പുറം ജില്ലയുടെ പടിഞ്ഞാറൻ ഭാഗങ്ങളായ പരപ്പനങ്ങാടി, തിരൂർ, പൊന്നാനി ഭാഗങ്ങളും കിഴക്കൻ മേഖലകളായ നിലമ്പൂർ, വണ്ടൂർ തുടങ്ങിയ ഭാഗങ്ങളും തമ്മിലെല്ലാം നിരവധി വ്യതിയാനങ്ങൾ ഭാഷാപ്രയോഗ രീതികൾക്കുണ്ട്. മലപ്പുറത്ത് പൊതുവെ പറയുന്ന ഭാഷാരീതിയെ 'മൽപ്രം ഭാഷ' എന്ന് വിളിക്കാം.

മലപ്പുറത്തുകാരനും കണ്ണൂർക്കാരനും സുഹൃത്തുക്കളാണ്. അവർ രണ്ടുപേരും ബസ്സിൽ കയറി. കണ്ണൂർക്കാരൻ പറഞ്ഞു, "അന്റെ പൈശ ഞാൻ കൊടുക്കാം" കണ്ടക്ടർ വന്ന് മലപ്പുറംകാരനോട് ടിക്കറ്റ് ചോദിച്ചപ്പോൾ കണ്ണൂർക്കാരനെ ചൂണ്ടി അയാൾ തന്നിട്ടുണ്ടെന്നു പറഞ്ഞു.  അയാൾ അയാളുടെ പൈസ മാത്രമേ തന്നിട്ടുള്ളൂ എന്ന് കണ്ടക്ടർ പറഞ്ഞു. കണ്ണൂർക്കാരനോടു ചോദിച്ചപ്പോൾ അത് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. കണ്ണൂർ വാമൊഴിയിൽ 'അന്റെ' എന്നാൽ 'എന്റെ' എന്നാണ്. മൽപ്രം ഭാഷയിൽ 'അന്റെ' എന്നതിന് 'നിന്റെ' എന്നുമാണ് അർത്ഥം. രണ്ടു ദേശങ്ങളിലെ ഭാഷാഭേദമാണ് ഇവിടത്തെ ആശയക്കുഴപ്പത്തിന് കാരണം. രണ്ടുദേശക്കാർ ഒരുമിച്ച് താമസിക്കുമ്പോഴും സഞ്ചരിക്കുമ്പോഴും അടുത്തിടപഴകുമ്പോഴും ഇങ്ങനെയുള്ള നിരവധി സംഭവങ്ങൾ അരങ്ങേറാറുണ്ട്.

തെക്കൻ കേരളത്തിലുള്ളവർ മൽപ്രം ഭാഷയെപ്പറ്റി വളരെ വേഗത കൂടുതലാണ്/ ചുരുക്കി പറയുന്നവരാണ് എന്ന് പറയാറുണ്ട്. അവർക്ക് മനസ്സിലാക്കാൻ വളരെ പ്രയാസമുള്ളൊരു ശൈലിയാണ് ക്രിയാശബ്ദത്തോടൊപ്പം 'ഐക്കാരം' ചേർത്ത് പറയുന്നത്. ഉദാഃ-വരൈ്വക്കാരം, പൊകൈ്വക്കാരം. സംഭവ്യതാ പദങ്ങളിൽ ചേർക്കുന്നവരുമായിരിക്കാം, പോകുമായിരിക്കാം എന്നതിലെ ആയിരിക്കാം എന്ന വാക്കാണ് ഐക്കാരം ആയിമാറുന്നത്. വന്ന്ക്കുണ (വന്നിരിക്കുന്നു), വന്ന്ക്ക്ണ്, വന്ന്ക്ക്ണി, വന്ന്ണ്ടോലോ എന്നെല്ലാം ഇവിടെ പ്രയോഗിക്കാറുണ്ട്. പെരിന്തൽമണ്ണയുടെ സമീപപ്രദേശങ്ങളിൽ വന്ന്ട്ട്ലേ, പോയ്ട്ട്ലേ എന്നും പ്രയോഗമുണ്ട്. മൽപ്രം ഭാഷയെ പൊതുവിൽ മാപ്പിള മലയാളം എന്നു വിളിക്കാറുണ്ട്. ചില ഉച്ചാരണഭേദങ്ങളും ചില വാക്കുകളും മാറ്റിനിർത്തിയാൽ എല്ലാവരും ഒരേ ഭാഷാരീതിയാണ് പ്രയോഗിക്കുന്നത്. അവർണ വിഭാഗക്കാർ ഉപയോഗിക്കുന്ന ഭാഷാരീതിക്ക് മാപ്പിള മലയാളവുമായി അടുപ്പമുണ്ട്.



> എന്റെ എന്നതിന്
> ഇന്റെ എന്നും
> ഇഞ്ച എന്നും
> പീടികയിലേക്ക് പോകുക
> എന്നതിന് പീടീ പോക്യ
> എന്ന് ചുരുക്കിപ്പറയുന്നു

## ചുരുക്കപ്രയോഗങ്ങൾ

എന്തിനാ, എന്നാത്തിനാ, എന്നാ, എയ്നാ തുടങ്ങിയവ കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ പ്രയോഗിക്കുമ്പോൾ (എ)ത്താ എന്ന് ആദ്യപദമായ 'എ'യെ നിശ്ശബ്ദമായോ അല്ലാതെയോ പ്രയോഗിക്കുന്നു. ഇങ്ങനെ ചുരുക്കി പറയുന്നതിന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ക്ലാസിൽ ചോദ്യത്തിന് ഒരു വിദ്യാർഥി ശരിയുത്തരം പറഞ്ഞപ്പോൾ ടീച്ചർ സമ്മാനമായി മിഠായി നൽകി. അപ്പോൾ മറ്റു കുട്ടികൾ "ച്ചും ച്ചും" (എനിക്കും എനിക്കും) എന്നൊക്കെ പറഞ്ഞു.
2. കവലയിൽ തർക്കം മൂത്തപ്പോൾ "എനിക്ക് നീ പുല്ലാണ്"എന്നൊരാൾ വെല്ലുവിളിച്ചപ്പോൾ, മറ്റേയാളുടെ മറുപടി "ച്ച് ജ്ജും" (എനിക്ക് നീയും) എന്നായിരുന്നു.

സർവനാമരൂപങ്ങളുടെ പ്രയോഗഭേദം മൽപ്രംഭാഷയുടെ പ്രത്യേകതകളിലൊന്നാണ്. ഉത്തമപുരുഷ സർവനാമങ്ങളായി (ഇ)ച്ച് (എനിക്ക്), (ഇ)ക്ക് (എനിക്ക്), (ഇ)ന്നെ (എന്നെ), മ്മക്ക് (നമുക്ക്) എന്നും മധ്യമപുരുഷ സർവ്വനാമങ്ങളായി അന്നെ (നിന്നെ), അണക്ക് (നിനക്ക്), ജ്ജ് (നീ), ങ്ങള് (നിങ്ങൾ) എന്നും പ്രഥമപുരുഷ സർവനാമങ്ങളായി ഓൻ (അവൻ), ഓൾ (അവൾ), ഓന്ക്ക് (അവന്), ഓല് (അവർ) എന്നാണ് ഇവിടത്തെ പ്രയോഗം. വഴി-വയി, വജ്ജ്, കുഴി-കയി, കുജ്ജ്, പശു-പയ്യ്, പജ്ജ്, കൈ-കയ്യ്, കജ്ജ് എന്നിങ്ങനെ ഴ യെ യ ആയും ജ്ജ ആയും ഉച്ചരിക്കാറുണ്ട്. "പജ്ജിന്റെ നെജ്ജ് കജ്ജ്മ്മലായിട്ട് കെഗ്ഗീട്ടും കെഗ്ഗീട്ടും പോണില്ല" (പശുവിന്റെ നെയ്യ് കയ്യിലായിട്ട് കഴുകിയിട്ടും കഴുകിയിട്ടും പോകുന്നില്ല). ഉദ്ദേശികാവിഭക്തി പ്രത്യയങ്ങളായ ക്ക്, ന് (സീതക്ക്, രാമന്) എന്നിവയെ രണ്ടും ഒരുമിച്ച് ചേർത്ത് ഉപയോഗിക്കുന്നത് ഇവിടെ കാണാം. ഉദാഃ-രാമന്ക്ക്, ഓന്ക്ക്. ഉമ്മയുടെ എന്ന് ഉടെ ചേർത്താണ് സംബന്ധികാ വിഭക്തിയിൽ മാനകമലയാളം പ്രയോഗിക്കുന്നതെങ്കിൽ മൽപ്രംഭാഷയിൽ ഉമ്മാന്റെ, ഉമ്മേന്റെ, ഉമ്മന്റെ എന്നിങ്ങനെ ന്റെ ചേർത്ത് മൂന്നുരീതിയിൽ പ്രയോഗിക്കുന്നുണ്ട്. എന്റെ എന്നതിന് ഇന്റെ എന്നും ഇഞ്ച എന്നും പീടികയിലേക്ക് പോകുക എന്നതിന് പീടീ പോക്യ എന്ന് ചുരുക്കിപ്പറയുന്നു. ഷയെ സ ആയാണ് ഉച്ചാരണം. ഉദാഃ-കസായം (കഷായം), മസി (മഷി).

ചില ശരീരഭാഗങ്ങൾക്ക് മൽപ്രംഭാഷയ്ക്ക് സ്വന്തമായ വാക്കുകളുണ്ട്. ഊര-ഇടുപ്പ്, കഴുത്ത്-കൊല്ലി, ചങ്ക്, പെരടി-കഴുത്തിന്റെ പിൻഭാഗം, ചണ്ണ-തുട, ഞെരിയാണി-ഉപ്പൂറ്റി, കൊച്ച്ളി-കാൽമുട്ടിന് കീഴ്ഭാഗം. ചില ക്രിയാപദങ്ങൾക്ക് ശേഷം ക്കം ചേർത്ത് ഉച്ചരിക്കുന്നു. (നീന്തക്കം, ഓട്ടക്കം, ചാട്ടക്കം) ബാന്ധവ പദങ്ങളിലും ചില പ്രത്യേകതകളുണ്ട്. അമ്മായികാക്ക (അമ്മായിയുടെ ഭർത്താവ്), എളേച്ചി (ഭർത്താവിന്റെ അനുജന്റെ ഭാര്യ), താട്ടൻ (ജ്യേഷ്ഠൻ), കുട്ടച്ഛൻ (ചെറിയച്ഛൻ), മാമ (വൃദ്ധൻ).

## ജോലികൾ

മാടാര് (ആശാരി), മേശിരി (പണിക്കാരെ നിയന്ത്രിക്കുന്ന ആൾ), പണ്ടാരി (പാചകക്കാരൻ), ഒത്താൻ (മുസ്ലിങ്ങളായ മുടിവെട്ടുകാർ), കൽപണി (നിർമ്മാണ തൊഴിൽ), വൈച്ച്യര് (വൈദ്യർ).

## സ്വഭാവം

അരക്കൻ (പിശുക്കൻ), അറക്കത്തരം (വിട്ടുവീഴ്ചയില്ലായ്മ), വല്യട്ടി (മേനി നടിക്കുന്ന ആൾ), പെണ്ണുങ്ങളെ മാപ്പള (പെൺകോന്തൻ), കോട്ടി (ദേഷ്യക്കാരൻ), കുഞ്ഞാപ്പുത്തരം (പരിഹാസ്യം), തിന്നാവ്യ (ഭക്ഷണപ്രിയൻ), മൂരി (യാഥാസ്ഥിതികൻ)

## മത്സ്യപ്പേരുകൾ

മുജ്ജ് (മുഴു), ബിലാല് (വരാൽ), പുതിയാപ്ലക്കോര (കിളിമീൻ), ബെത്തൽ (നത്തോലി), ഞൗഞ്ഞി (നത്തക്ക)

**മൽപ്രംഭാഷയിലെ അറബിപദങ്ങൾ**

കൽബ് (മനസ്സ്), മയ്യത്ത് (ശവശരീരം), ജാഹില് (വിഡ്ഢി), ഹലാക്ക് (അപകടം), ഈമാൻ (വിശ്വാസം), അസർ (വൈകിട്ട്), നിഹ്മത്ത് (അനുഗ്രഹം)

ഏതൊരു പ്രാദേശിക ഭാഷയുടെയും വിധി മാനകഭാഷയിലെ പദങ്ങളും പ്രയോഗരീതികളും ഉച്ചാരണങ്ങളും സ്വീകരിച്ച് മുന്നോട്ടുപോകുക എന്നതാണ്. മൽപ്രംഭാഷയും മലയാളത്തിലെ അച്ചടിഭാഷയോട് അടുത്തുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസവും പത്രമാധ്യമങ്ങളും സിനിമയും മാനകമലയാളത്തിലാകുമ്പോൾ മൽപ്രംഭാഷക്ക് മാത്രമായി അതിന്റെ തനിമയോടുകൂടി നിലനിൽക്കാൻ സാധ്യമല്ല. ❑

# തൃശ്ശൂരാരുടെ ബാഷകൾ

തൃശ്ശൂരിന്റെ ഉപഭാഷകൾ തേക്കിൻകാട് മൈതാനത്തിനകത്തും സ്വരാജ് റൗണ്ടിലും ചെട്ടിയങ്ങാടിയിലും മാത്രം ഒതുങ്ങുന്നില്ല.



ഡോ. രമ്യ പി.പി /ഗവേഷക



തൃശ്ശൂരാർക്ക് അവരുടെ ഭാഷ 'തൃശ്ശൂർ ബാഷയാണ്.' സ്കൂളിൽ പഠിക്കുന്നതും ഔപചാരിക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതും മാധ്യമങ്ങൾ സ്വീകരിച്ചിട്ടുള്ളതുമായ മാനക ഭാഷാരീതി തൃശ്ശൂരിന്റെ എന്നല്ല ഇതരമായ തരഭേദങ്ങളിൽ ഒന്നും തന്നെ സ്വീകാര്യമല്ല. തെക്കർക്ക് തെക്കൻ ശൈലിയും വടക്കർക്ക് വടക്കൻ ശൈലിയും മധ്യകേരളീയർക്ക് അവരുടേതായ ശൈലിയും ഉണ്ട്. ഒരു ഭാഷ തന്നെ വ്യത്യസ്ത രീതിയിൽ സംസാരിച്ചുപോരുന്നു. വ്യാകരണ സംബന്ധമായ വ്യത്യാസങ്ങൾ ഒന്നുമില്ലെങ്കിലും ഉച്ചാരണ ശൈലിയിലും പദങ്ങളിലുമെല്ലാം പ്രകടമായ പ്രാദേശികഭേദം ഇത്തരം ഭാഷകൾ പ്രദർശിപ്പിക്കുന്നുണ്ട്. മധ്യകേരളഭാഷയ്ക്ക് തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലായി രണ്ട് തരഭേദങ്ങളാണ് പ്രധാനമായുള്ളത്. ഈ ഭാഷാശൈലികൾക്ക് നിരവധി പ്രാദേശിക ഉപഭേദങ്ങളുണ്ടെന്നതാണ് മറ്റൊരു പ്രത്യേകത. പ്രാദേശികത, ജാതി, മതസമൂഹങ്ങൾ, തീരദേശ സംസ്കാരം, ലിംഗഭേദങ്ങളിലെ വൈവിധ്യം തുടങ്ങി നിരവധി ഘടകങ്ങളാണ് ഇതിന് കാരണമാകുന്നത്. തൃശ്ശൂരിന്റെ ഉപഭാഷകൾ തേക്കിൻകാട് മൈതാനത്തിനകത്തും സ്വരാജ് റൗണ്ടിലും ചെട്ടിയങ്ങാടിയിലും മാത്രം ഒതുങ്ങുന്നില്ല.

## സാമൂഹികഭാഷാഭേദവും തൃശ്ശൂരാരുടെ പറച്ചിലും

തൃശ്ശൂർ ജില്ലയുടെ എല്ലാ പ്രദേശങ്ങളിലുമുള്ള ജനത ഒരേ ശൈലിയിൽ ഭാഷ പ്രയോഗിക്കുന്നവരല്ല. പ്രദേശത്തിന്റെ സാംസ്കാരിക പശ്ചാത്തലം ഭാഷാപ്രയോഗ തരഭേദങ്ങളെ നിർണ്ണയിക്കുന്നു. ശുദ്ധമായ ഭാഷാഭേദങ്ങളെ തിരിച്ചറിയുന്നതിനായി ഭാഷാഭേദ വിജ്ഞാനീയമാണ് പഠനമാർഗമായി സ്വീകരിക്കുന്നത്. പ്രാദേശിക ഭേദങ്ങളുടെ കൃത്യമായ പ്രകടനങ്ങൾ ഇത്തരം പഠനശാഖയിലൂടെ തിരിച്ചറിയാം.

തൃശ്ശൂരിന്റെ നഗരപ്രാന്തത്തിൽനിന്ന് വ്യത്യസ്തമായ ശൈലികൾ ഇതരപ്രാന്ത പ്രദേശങ്ങളിൽ കാണാം. തൃശ്ശൂരിന്റെ കേന്ദ്രമേഖലയിൽ നിന്ന് വിട്ടുമാറി മധ്യമേഖലകളെ കേന്ദ്രീകരിച്ച് നിൽക്കുന്ന പ്രദേശങ്ങൾക്ക് പല ഭാഷാഭേദങ്ങളാണുള്ളത്. അതുപോലെ കേന്ദ്രമേഖലയിൽനിന്ന് ഏറെ അകന്നുനിൽക്കുന്ന ജില്ലയുടെ അതിർത്തി

> **തൃശ്ശൂർ ജില്ലയുടെ എല്ലാ പ്രദേശങ്ങളിലുമുള്ള ജനത ഒരേ ശൈലിയിൽ ഭാഷ പ്രയോഗിക്കുന്നവരല്ല.**

പ്രദേശങ്ങളിലേക്ക് കടക്കുമ്പോൾ കലർപ്പുകൾ കൂടുന്ന ഭാഷാഭേദത്തിന്റെ പ്രകടനങ്ങൾ കാണാം. അതായത് ജില്ലയുടെ നഗരപ്രാന്തങ്ങൾ ഉൾക്കൊള്ളുന്ന കേന്ദ്രമേഖലയിൽനിന്ന് കുറച്ചു കിലോമീറ്റർ മാറിയുള്ള ഇരിങ്ങാലക്കടയുടെ പ്രാദേശികതയിൽ പറച്ചിലുകളിലെ ശൈലിപരമായ വ്യത്യാസങ്ങൾ കാണാം. ഇരിങ്ങാലക്കുടയ്ക്ക് അപ്പുറമുള്ള പ്രദേശങ്ങൾ തൃശ്ശൂർ ജില്ലയുടെ അതിർത്തിമേഖലകളാണ്. കൊടുങ്ങല്ലൂർ, ചാലക്കുടി  തുടങ്ങിയ പ്രദേശങ്ങൾക്ക് എറണാകുളം ജില്ലാതിർത്തി മേഖലകളുമായി സാമ്യപ്പെടുന്ന ഭാഷാപ്രയോഗരീതിയുണ്ട്. ഇതേ വൈവിധ്യം തൃശ്ശൂരിന്റെ വടക്കൻ മേഖലകളിലും കിഴക്കൻ മേഖലകളിലും പടിഞ്ഞാറൻ മേഖലകളിലും പ്രകടമാണ്. കേന്ദ്രമേഖലയിൽനിന്ന് വടക്കാഞ്ചേരിയുടെ പ്രാന്തപ്രദേശങ്ങൾ കഴിഞ്ഞ് ചെറുതുരുത്തിയിലേക്ക് എത്തുമ്പോഴേക്കും വള്ളുവനാടൻ കലർപ്പുകൾ പ്രകടമായി കാണുന്നുണ്ട്. എന്നാൽ കിഴക്കൻ മേഖലകളിലേക്ക് പോകുമ്പോൾ തനി പാലക്കാടൻ ശൈലിയുടെ ചില തെളിച്ചങ്ങൾ പ്രകടമാകും. അതുപോലെ കുന്നംകുളത്തിന്റെ ഭാഷാശൈലിയിൽ നിന്ന് വ്യത്യസ്തമായ ഒരു ശൈലി മലപ്പുറം ജില്ലയുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ കാണാൻ സാധിക്കും. പടിഞ്ഞാറൻ തീരദേശ മേഖലകളിൽ ഓരോ തീരത്തിനും തനത് ശൈലികളുണ്ട്. ഗുരുവായൂർ,  ചാവക്കാട്, വാടാനപ്പിള്ളി, നാട്ടിക, കൈപ്പമംഗലം, പെരിഞ്ഞനം, അഴീക്കോട് എന്നിങ്ങനെ വടക്കുനിന്ന് തെക്കോട്ട് നീണ്ടുകിടക്കുന്ന തീരദേശങ്ങളിൽ ഭാഷാശൈലിയുടെ പ്രകടമായ തരഭേദങ്ങൾ വ്യക്തമാണ്. തുവാനത്തുമ്പികൾ മുതൽ പ്രാഞ്ചിയേട്ടൻ അടങ്ങുന്ന സിനിമയുടെ ഭാഷാശൈലിയെ മാത്രമായി രൂപപ്പെടുത്തിക്കൊണ്ട് ഇതാണ് തൃശ്ശൂർ ജില്ലയുടെ ഒട്ടാകെയുള്ള ഭാഷാശൈലിയെന്ന് പറയാൻ കഴിയില്ല.

എന്തുകൊണ്ടായിരിക്കും ഒരു ജില്ലയുടെ അതിർത്തിക്കുള്ളിൽ നിലകൊള്ളുന്ന പ്രദേശങ്ങളിലെല്ലാം തന്നെ ഭാഷാശൈലിയിൽ വൈവിധ്യമുണ്ടാകുന്നത്? ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ ഓരോ പ്രദേശത്തിന്റെയുമുള്ളിൽ അധിവസിക്കുന്ന വ്യക്തികളുടെ ഭാഷാശൈലിയിൽ ആയിരിക്കും ആദ്യ ഭാഷാപരിണാമങ്ങൾ പ്രകടമാകുന്നത്. ആ വ്യക്തി നിലകൊള്ളുന്ന കേന്ദ്രമേഖലയിലേക്കും ഇതര മേഖലകളിലേക്കും ക്രമേണ വ്യാപിക്കും. തൃശ്ശൂർ ജില്ലയുടെ കേന്ദ്രമേഖല (focal area) നഗരപ്രാന്ത പ്രദേശങ്ങളാണ്. അതിനുള്ളിൽതന്നെ നിലവിൽ നിരവധി പ്രാദേശികതകൾ ഉണ്ട്. ഭാഷകൾ തമ്മിലുള്ള അകലംപോലെ അത്ര ദൂരമില്ല ഭാഷാഭേദങ്ങൾക്ക്. കേന്ദ്രമേഖലയിൽ വ്യവഹരിച്ചു പോരുന്ന വ്യക്തിഭാഷകളുടെ പ്രതിഫലനങ്ങളാണ് അടുത്ത പ്രദേശങ്ങളിലേക്ക് തരംഗരൂപേണ വ്യാപിക്കുന്നത്. ഇതിന്റെ വ്യാപ്തി കൂടുന്നതിനനുസരിച്ച് അതിർത്തിമേഖലകളുടെ കൂടി സ്വാധീനം ഭാഷാഭേദത്തിനകത്തുണ്ടാകുന്നു.

സാമൂഹിക ഭാഷാഭേദചിന്തയ്ക്കകത്തുനിന്ന് വിശകലനം ചെയ്യുമ്പോൾ ഭാഷാശൈലിയുടെ വ്യാപനത്തിനും അതിന്റെ വ്യാപ്തിക്കും തരഭേദങ്ങൾക്കും കാരണമാകുന്നത് സാംസ്കാരികയിടങ്ങൾ കൂടിയാണ്. തൃശ്ശൂർ ജില്ലയിലെ ഓരോ പ്രാദേശിക ഇടങ്ങളിലും വൈവിധ്യമാർന്ന സാംസ്കാരിക പശ്ചാത്തലങ്ങൾ പ്രകടമാണ്. ജാതിമതങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, തനത്കലകൾ, വാമൊഴിവഴക്കങ്ങൾ, തൊഴിൽസംസ്കാരം, വ്യക്തികളുടെ പ്രായം, ലിംഗവിഭജനം തുടങ്ങിയ സാംസ്കാരികഘടകങ്ങൾക്ക് ഭേദങ്ങളുണ്ട്.

## രസകരമായ നിർമ്മിതപ്രയോഗങ്ങൾ

തൃശ്ശൂരിന്റെ സാംസ്കാരികഭൂമികയിൽ സാമൂഹികമായി രൂപപ്പെട്ടുവന്ന ഇത്തരം ഭേദങ്ങൾ പ്രകടമായി കാണുന്നത് നാട്ടുമൊഴിവഴക്കങ്ങളിലൂടെയാണ്. തൃശ്ശൂരിന്റെ പ്രാദേശികതലത്തിൽ അധിവസിക്കുന്ന ഒരു വ്യക്തി കേരളത്തിന്റെ മറ്റൊരിടത്ത് ചെന്നാൽ അയാളുടെ നാട്ടുസ്വത്വം ഇതര ദേശക്കാർക്ക് മനസ്സിലാക്കാനാകും. സിനിമയും സാഹിത്യവുമെല്ലാം ഉൾക്കൊള്ളുന്ന ഇതര വ്യവഹാരങ്ങളുടെ സ്വാധീനത്താലാണ് ഈ നാട്ടുവഴക്കം എളുപ്പം സംവേദനക്ഷമമാകുന്നത്. എന്താണ്, എന്താണ് കാര്യം, എന്തു തന്നെയായാലും തുടങ്ങിയ  കാര്യങ്ങൾക്ക് 'എന്തൂട്ട്, എന്തൂട്ടാണ്, എന്തോച്ചാളാ, എന്തൂട്ട് റോള്' ഇങ്ങനെയൊക്കെയാണ് തൃശ്ശൂരിന്റെ തരഭേദങ്ങൾ. അതുപോലെ തൃശ്ശൂരിന്റെ  കേന്ദ്രമേഖലകളിൽ സജീവമായി പ്രയോഗിക്കുന്ന ചില നാട്ടുവഴക്കങ്ങളുണ്ട്. ഗഡി, സ്കൂട്ടാവുക, ഇഷ്ടൻ, പടാവുക..അങ്ങനെ പോകുന്നു രസകരമായിട്ടുള്ള ചില നിർമ്മിതപ്രയോഗങ്ങൾ.

ഇത്തരം പ്രയോഗങ്ങൾ ജില്ലയിലെ അതിർത്തികൾ പങ്കിടുന്ന എല്ലാ പ്രാന്തപ്രദേശങ്ങളിലേക്കും വ്യാപിക്കണമെന്നില്ല. തൃശ്ശൂരിന്റെ കിഴക്കൻ മേഖലകളിലെ കുടിയേറ്റ സമൂഹത്തിന്റെ  ഭാഷയിൽ അത് വ്യക്തമാണ്. കോട്ടയം, പത്തനംതിട്ട മേഖലകളിൽനിന്ന് കുടിയേറിയിട്ടുള്ള ക്രിസ്ത്യാനികൾക്കിടയിൽ കോട്ടയം തെക്കൻ ശൈലിയും തൃശ്ശൂരിന്റെ പ്രാദേശികതയും കൂടിച്ചേർന്ന ഒരു കലർപ്പ് കാണാം. ദീർഘകാലത്തെ സഹവാസത്തിലൂടെയാണ് ഈ പരിണാമം ഭാഷാശൈലിയിൽ ഉണ്ടാകുന്നത്. അധിവസിക്കുന്ന പ്രാന്തപ്രദേശങ്ങളിൽനിന്ന് വ്യക്തി ഇതരദേശങ്ങളിലേക്ക് പോകുന്തോറും കേന്ദ്രമേഖലയിൽനിന്ന് അകന്നുപോകുന്ന ഭാഷാശൈലി സ്വീകരിക്കുന്നത് കാണാം. ഒരു ഭാഷണസമൂഹം പ്രാദേശികഭേദങ്ങളിലൂടെ രൂപപ്പെടുമ്പോഴും അതിനുള്ളിൽ കലർപ്പുകൾ സൃഷ്ടിക്കാൻ സാധ്യമാണ് എന്ന ആശയത്തെയാണ് ഇത് ഉൾക്കൊള്ളുന്നത്. സാമൂഹികമായ കലർപ്പുകളിലൂടെ അത് നിരന്തരം പുതുക്കിക്കൊണ്ടിരിക്കുന്നു എന്നതാണ് പൊതുവായ സവിശേഷത. ❑

# ഓണാട്ടുഭാഷയുടെ കിലുക്കങ്ങൾ





## മലയാള സിനിമ ആദ്യമായി സംസാരിച്ചത് ഓണാട്ടുകര ഭാഷയായിരുന്നു

സി. റഹിം /മാധ്യമപ്രവർത്തകൻ

മധ്യകാല കേരളത്തിലെ ഓടനാട് നാട്ടുരാജ്യത്തെയാണ് ഓണാട്ടുകരയെന്ന് പൊതുവെ വിളിക്കുന്നത്. തിരുവിതാംകൂറിന്റെ ഏതാണ്ട് മധ്യഭാഗത്തുണ്ടായിരുന്ന പഴയ കായംകുളം രാജ്യത്തെ രണശൂരൻമാരുടെ ദേശമാണിത്. മാർത്താണ്ഡവർമ്മയുടെ തിരുവിതാംകൂർ ഏകീകരണത്തോടെ കായംകുളം രാജ്യമില്ലാതെയായി.

ഓണാട്ടുകരയുടെ എലുക പറയുകയാണെങ്കിൽ കന്നേറ്റി (കരുനാഗപ്പള്ളി തെക്ക്) മുതൽ നിരണം (കണ്ണശ്ശന്റെ നാട്) വരെയാണ് ഓണാട്ടുകരയെന്ന് എസ്. ഗുപ്തൻ നായർ 'ഓണാട്ടുകര ഭാഷ'യെന്ന തന്റെ ലേഖനത്തിൽ പറയുന്നുണ്ട്. ഇപ്പോഴത്തെ നില പരിശോധിച്ചാൽ ആലപ്പുഴ, കൊല്ലം ജില്ലകളുടെ മധ്യഭാഗത്തായി വ്യാപിച്ചുകിടക്കുന്ന പ്രദേശത്തെയാണ് ഓണാട്ടുകരയെന്ന് വിളിക്കുന്നത്. മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളും കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിലെ ചില പ്രദേശങ്ങളും ഓണാട്ടുകരയിൽ ഉൾപ്പെടും. യഥാർഥത്തിൽ ഓണാട്ടുകരയെന്ന പേരിലൊരു പ്രദേശമെവിടെയുമില്ല. കായലുകളും പുഴകളും തോടുകളും കുളങ്ങളും പുഞ്ചകളുമൊക്കെ സമൃദ്ധമായുണ്ടായിരുന്ന ഇവിടെ ഓടങ്ങൾ (വള്ളം) ധാരാളമായി ഉണ്ടായിരുന്നു. ഓടങ്ങളുടെ നടാണ് ഓണാട്ടുകരയായതെന്ന് ഒരു പക്ഷം. ഓടൽ (കല്ലൻമുള) ധാരാളമായുണ്ടായിരുന്ന നാടെന്ന അർഥത്തിൽ ഓടൽ -നാട്ടുകര എന്നു വിളിച്ചത് ഓണാട്ടുകരയായതാണെന്ന് മറ്റൊരു പക്ഷം.

പശിമയാർന്ന വെളുത്ത തീരദേശമണ്ണാണ് ഓണാട്ടുകരയു

> ധാരാളം കലാകാരൻമാരും എഴുത്തുകാരുമുള്ള പ്രദേശമെന്ന നിലയിൽ മലയാളഭാഷയെ ആഴത്തിൽ സ്വാധീനിച്ച ദേശം കൂടിയാണിത്

ടെ പൊതുപ്രത്യേകത. ഒരുകാലത്ത് കാവും കുളവും ഏറ്റവും കൂടുതലുണ്ടായിരുന്ന നാടായിരുന്നു. കേരളത്തിലെ 13 കാർഷിക കാലാവസ്ഥാ മേഖലകളിൽ ഒന്നാണിത്. ഇരുപ്പൂനെല്ലും ഒരുപ്പൂ എള്ളും ഇടവിളയായി മുതിരയും പയറും കിഴങ്ങുവർഗങ്ങളുമൊക്കെ കൃഷിചെയ്തിരുന്ന കാർഷിക സമൃദ്ധമായ പ്രദേശമായതിനാൽ ഓണമൂട്ടുകരയെന്ന് പേര് വീണെന്നും അതാണ് പിന്നീട് ഓണാട്ടുകരയായതെന്നും പറയപ്പെടുന്നുണ്ട്. പുരയിടം (അയ്യം), തറ, കണ്ടം (നിലം), പുഞ്ച, കുളം എന്നിങ്ങനെയഞ്ചായി വിഭജിച്ചതാണ് ഓണാട്ടുകരയുടെ ഭൂപ്രകൃതി. എന്തായാലും പ്രകൃതി കനിഞ്ഞനുഗ്രഹിച്ച സമ്പൽസമൃദ്ധിയുള്ള ഓണാട്ടുകര പ്രത്യേകമായ സാംസ്കാരികഭൂമികയാണ്. കെട്ടുൽസവങ്ങളുടെ നാടാണിത്. ഇവിടുത്തെ എള്ള് വളരെ മേൻമയുള്ളതാണ്. ഇത് ഭൗമസൂചിക പട്ടികയിൽ ഇടം പിടിച്ചിട്ടുണ്ട്. മാവേലിക്കര ചീനിയും (കപ്പ) പ്രസിദ്ധമാണ്.

### ഓണാട്ടുകര ഭാഷയ്ക്കും ഏറെ പ്രത്യേകതയുണ്ട്

ധാരാളം കലാകാരൻമാരും എഴുത്തുകാരുമുള്ള പ്രദേശമെന്ന നിലയിൽ മലയാളഭാഷയെ ആഴത്തിൽ സ്വാധീനിച്ച ദേശം കൂടിയാണിത്. മലയാള സിനിമ ആദ്യമായി സംസാരിച്ചത് ഓണാട്ടുകര ഭാഷയായിരുന്നു. മുതുകുളം രാഘവൻ പിള്ളയായിരുന്നു ആദ്യ തിരക്കഥാകൃത്ത്. പാറപ്പുറവും പത്മരാജനും തോപ്പിൽ ഭാസിയും അടൂർ ഗോപാലകൃഷണനും തുടങ്ങി ചലച്ചിത്രരംഗത്ത് അദ്ദേഹത്തിന് പിൻമുറക്കാർ ഏറെയുണ്ട്.

ജാതി തിരിച്ചും മതം തിരിച്ചും ചില്ലറ വ്യത്യാസങ്ങൾ ഭാഷാപ്രയോഗങ്ങളിൽ കാണാം. തൊഴിലും പ്രകൃതിയും സാമൂഹികസ്ഥിതിയുമൊക്കെ ഭാഷയെ സ്വാധീനിക്കും. ഓരോവീടിനും സ്വന്തമായി ഭാഷയുണ്ടെന്നാണെന്റെ വിചാരം. ഭക്ഷണത്തിന്റെ രുചിയിലും ഈ വ്യത്യാസം പ്രകടമാണ്. ഓണാട്ടുകരയിലെ ഹിന്ദു സമുദായക്കാരും അതിലെ വിവിധജാതികളിൽപ്പെട്ടവരും മുസ്‌ളിങ്ങളും ക്രിസ്ത്യാനികളു മൊക്കെ സംസാരിക്കുന്നത് ഒരേ ഭാഷ തന്നെയാണ്. എന്നാൽ അച്ഛനെ മുസ്‌ളീങ്ങൾ വാപ്പയെന്നും അമ്മയെ ഉമ്മയെന്നും വിളിക്കുന്നുണ്ടാകും. ക്രിസ്ത്യാനികൾ അപ്പച്ചനെന്നും അമ്മച്ചിയെന്നും വിളിക്കും.

ഓണാട്ടുകരയിലെ പടനിലങ്ങളോട് ചേർന്ന് താമസിക്കുന്ന പഴയ കുതിരപ്പടയാളി കളായ റാവുത്തരൻമാർ തമിഴ് കലർന്ന അവരുടെ തനത് ഭാഷ വിട്ട് ഓണാട്ടുഭാഷയിലേക്ക് എന്നേ മാർഗം കൂടിക്കഴിഞ്ഞു. അപൂർവമായ ചില കേന്ദ്രങ്ങളിലാണ് ഇപ്പോഴും അവരുടെ തനത് ഭാഷയുടെ കിലുക്കം കേൾക്കാനാവുക. പരമ്പരാഗതമായി അച്ഛനെ അത്തയെന്നും (തുർക്കി വാക്കാണിത്) അമ്മയെ അമ്മയെന്നുമാണ് റാവുത്തരൻമാർ വിളിക്കുക. ഹിന്ദുസമുദായക്കാർ അമ്മേയെന്നാണ് ഓണാട്ടുകരയിൽ വിളിക്കുക. അക്ക, അണ്ണൻ, അമ്മച്ചിയമ്മ, അത്തിത്ത, അത്തമ്മ, തങ്കച്ചി, നന്നാ, നന്നി, മാമ, ദാദാ, മച്ചാൻ, മാമി, അപ്പച്ചി എന്നിങ്ങനെപോകുന്നു റാവുത്തരൻമാരുടെ ബന്ധുവിളി. കേരളത്തിലെ മറ്റുഭാഗത്തുള്ള റാവുത്തരൻമാരിൽനിന്ന് ഓണാട്ടുകരയിലെ റാവുത്തരൻമാരുടെ ഭാഷയും വേറിട്ടുനിൽക്കുന്നു. 'എന്തോ' എന്നാണ് ഓണാട്ടുകരക്കാർ പൊതുവെ വിളികേൾക്കുന്നത്. എന്നാൽ മുസ്‌ളിങ്ങൾ 'ഓ..'എന്നാണ് വിളികേൾക്കുന്നത്. ഓണാട്ടുകരയിലെ വിവിധ ജാതി, മതവിഭാഗങ്ങളുടെ ഭാഷയുടെ സൂക്ഷ്മവ്യതിയാനങ്ങളും പഠിക്കപ്പെടേണ്ടതാണ്. എന്നാൽ പൊതുഭാഷയെന്ന നിലയിൽ മറ്റെല്ലാ വ്യത്യാസങ്ങൾക്കും മുകളിലായി ഓണാട്ടുകര ഭാഷയാണ് ഇവിടത്തെ എല്ലാ ജനവിഭാഗങ്ങളിലും ആധിപത്യം നേടിയിട്ടുള്ളത്.

### പറച്ചിലിലെ ബഹുമാനവും വിനയവും

'നാണുച്ചാരേ'- എന്ന് ഒരാളെ വിളിച്ചാൽ അൽപ്പം ബഹുമാനം നൽകിയാണ് അദ്ദേഹത്തെ വിളിക്കുന്നതെന്ന് ഓർക്കണം. 'അങ്ങുന്നേ' യെന്നത് ആശ്രിതർ ജൻമിയേയും മറ്റും വിളിക്കുന്നതാണ്. ഓണാട്ടുകരയിൽ മുത്തച്ഛനും മുത്തശ്ശിയുമില്ല. അപ്പൂപ്പനും അമ്മൂമ്മയുമേയുള്ളൂ. ജ്യേഷ്ഠസഹോദരൻ ഇവിടെ കൊച്ചാട്ടനാണ്. അനുജത്തിയാണെങ്കിലും ചേട്ടത്തിയാണെങ്കിലും ഓണാട്ടുകാർക്ക് പെങ്ങളാണ്. കൂടുതൽ പെങ്ങൻമാരുണ്ടെങ്കിൽ ഇളയ പെങ്ങളെന്നും മൂത്ത പെങ്ങളെന്നും വിളിക്കും. പിള്ളേർ ഓണാട്ടുകരക്കാർക്ക് പിള്ളാരാണ്. ചിലപ്പോൾ പുള്ളാരുമാകും. ഒത്തിരി (തോനെ)യെന്നാൽ കൂടുതൽ (വളരെ), ഇച്ചിരിയെന്നാൽ കുറച്ച്. എരിത്തിൽ (തൊഴുത്ത്), കാളൻമാര് (കാളകൾ), കന്നാലി (കന്നുകാലി) മുഞ്ഞി, മോന്ത (മുഖം) എന്നിങ്ങനെയാണ് മറ്റു ചില പ്രയോഗങ്ങൾ.

ഓണാട്ടുകരക്കാരുടെ സംസാരത്തിലെ വിനയം വളരെ പ്രസിദ്ധമാണ്. വന്നു, പോയി എന്നു പറയുന്നതിന് പകരം വന്നേ, പോയേ എന്നേ ഓണാട്ടുകരക്കാര് പറയൂ. കണ്ടേ, പറഞ്ഞാട്ടേ, ഇല്ലേ, ആന്നേ എന്നിങ്ങനെ പോകുന്നു സംസാരശൈലി. ഇങ്ങനെ സംസാരിച്ചു കേൾക്കുമ്പോൾ തന്നെ ഓണാട്ടുകരക്കാരാണെന്ന് ഉറപ്പിക്കാം. പ്രായത്തിൽ മൂത്ത സ്ത്രീകളെ 'ഇച്ചേയിയേ' എന്നു വിളിക്കും. തേങ്ങ ചെരകിയെന്നതിന് തേങ്ങ തിരുമ്മിയെന്നാണ് പറയുക. പടനിലം പടനെലമാണ്.

കന്നേലെ എന്നാൽ കന്നിമൂല.തലയിണക്ക് തലയാണയെന്നേ പറയൂ. വെറ്റേമ്മാൻ എന്നാൽ മുറുക്കാൻ. പരിപാലം കഴിഞ്ഞോയെന്ന് ചോദിച്ചാൽ പാചകം കഴിഞ്ഞോയെന്നാണ് അർഥം. 'എന്ത്വാ..' എന്നുചോദിച്ചാൽ എന്താണെന്നാണ്. ആ കൊച്ചിന് കറി പിടിച്ചിരിക്കുകയാണെന്ന് പറഞ്ഞാൽ പിത്തം പിടിച്ചെന്നാണ് അർഥം. ഇട്ടമാണെന്ന് പറഞ്ഞാൽ ഇഷ്ടമാണെന്ന്. അടുപ്പിൽ തീകത്തിക്കാനുള്ള വകയ്ക്കാണ് പൊത്താനെന്ന് പറയുന്നത്. പഞ്ഞമാസമെന്ന് പറഞ്ഞാൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള മാസം. 'പഞ്ഞം' ലജ്ജാകരം എന്ന അർഥത്തിലും ഓണാട്ടുകരയിൽ ഉപയോഗിക്കാറുണ്ട്. 'പൈതലൻമാർ' എന്നാൽ ചെറുപ്പക്കാർ. കരിപ്പുകട്ടി ഓണാട്ടുകരക്കാർക്ക് 'കരിപ്പോട്ടി'യാണ്.

> ഓണാട്ടുകരക്കാരുടെ
> സംസാരത്തിലെ
> വിനയം വളരെ
> പ്രസിദ്ധമാണ്

തോർത്തിന് 'നനപ്പൂണ്ട്' എന്നു പറയും. കാശാമ്പത്തല് കാശാവിന്റെ കമ്പാണ്. 'മൂത്തത്' മുതിർന്നത്, 'എളമീന്ന്' തറവാട്ടിലെ രണ്ടാമൻ. പറമ്പിനെ അയ്യമെന്നാണ് വിളിക്കുക. പറമ്പിന്റെ അതിരായി മണ്ണുകൊണ്ട് വൃത്തിയായി കെട്ടിയുയർത്തുന്ന ഭിത്തിയാണ് കയ്യാല.

അസ്ത്രമെന്നാൽ ചേനയും കാച്ചിലും ചേമ്പുമൊക്കെ ചേർത്ത് കോരിക്കുടിക്കാവുന്ന പരുവത്തിലുണ്ടാക്കുന്ന കറിയാണ്. കഞ്ഞിയും അസ്ത്രവുമാണ് പഴയകാലത്തെ പൊതുഭക്ഷണം. പോലുതേക്ക് എന്നാൽ പകലത്തേക്കുള്ള ആഹാരം. വയ്യ എന്നതിന് 'ഒക്കത്തില്ല' എന്നാണ് പറയുക. പുല്ലിന് 'പോച്ച'യെന്നും പറയും. ഇവിടത്തെ അമ്പലങ്ങളോട് ചേർന്നുള്ള ഒരാചാരമാണ് പറയെഴുന്നെള്ളത്ത്. വ്യത്യസ്ത ശൈലിയിലുള്ള പറയെഴുന്നള്ളിപ്പുകൾ ഓണാട്ടുകര ഭാഗത്ത് നിലവിലുണ്ട്. മെയ്‌വട്ടക്കുടയെന്നാൽ അലങ്കാരക്കുട. ഒരുകാലത്ത് ബുദ്ധ, ജൈനമത സ്വാധിനം നിലനിന്നിരുന്ന പ്രദേശമാണ് ഓണാട്ടുകര. ഇവിടെനിന്ന് ബുദ്ധപ്രതിമകൾ കണ്ടെടുത്തിട്ടുണ്ട്. പള്ളി, കുളങ്ങര, കാവ്, കുളം തുടങ്ങിയ നാമങ്ങൾ മിക്ക പ്രദേശങ്ങളുമായി ചേർന്നുകാണാം.

കുംഭം, മീനം മാസങ്ങളിൽ കൊയ്ത്തുത്സവത്തിന്റെ ഭാഗമായി കുതിര, തേര്, കാളകെട്ട് ഉത്സവങ്ങൾ മിക്ക അമ്പലങ്ങളോടും ചേർന്നു നടത്താറുണ്ട്. പക്ഷികളുടെ ഗ്രാമമെന്ന നിലയിൽ അറിയപ്പെടുന്ന നൂറനാട് നന്ദികേശ പൈതൃകഗ്രാമം കൂടിയാണ്. ചെട്ടികുളങ്ങര ക്ഷേത്രത്തിലെ കെട്ടുത്സവം യുനസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. എട്ടു പടനിലങ്ങളാണ് പ്രധാനമായും ഓണാട്ടുകരയിലുള്ളത്. ഇതിൽ ഓച്ചിറ പടനിലമാണ് ഏറെ പ്രസിദ്ധം. ജാതി, മത വ്യത്യാസമില്ലാതെ എല്ലാവരുടെയും കൂട്ടായ ഉത്സവമാണിത്. ❑



# നമ്മളിത്തിപ്പോരം എന്തരെന്ന് പറഞ്ഞാ നിങ്ങക്കൊക്കെ അയ്യം അല്ല്യേ...



**പലമൊഴിപ്പൊലിമ ഏറ്റവും കൂടുതലുള്ള ജില്ലയാണ് കേരളത്തിന്റെ തെക്കേ അറ്റത്തുള്ള തിരുവനന്തപുരം**

എൻ.എസ്. സുമേഷ് കൃഷ്ണൻ /കവിയും അധ്യാപകനും

ലിഖിതരൂപം എന്നതുപോലെ തന്നെ പ്രധാനമാണ് ഭാഷയുടെ മൊഴിവഴക്കവും. കേരളത്തിലെ വിവിധ ജില്ലകളിലുള്ളവരുടെ മൊഴികളിൽ ഒഴുക്കിന്റെ ഈണതാള വ്യതിയാനങ്ങളുണ്ട്. ചില ജില്ലകളിൽ ഒറ്റമൊഴിത്താളമേ കാണുകയുള്ളൂ. ചിലയിടങ്ങളിൽ അത് പലതാണ്. ഈ പലമൊഴിപ്പൊലിമ ഏറ്റവും കൂടുതലുള്ള ജില്ലയാണ് കേരളത്തിന്റെ തെക്കേ അറ്റത്തുള്ള തിരുവനന്തപുരം. തിരുവനന്തപുരത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെയുള്ള ജനത സംസാരിക്കുന്നത് ഒരേ ഈണത്തിലും താളത്തിലുമല്ല. ആചാരങ്ങളുടെയും തൊഴിലിന്റെയും വിദ്യാഭ്യാസത്തിന്റെയും രീതികൾക്കനുസൃതമായും തദ്ദേശീയമായി ഉണ്ടായിട്ടുള്ള പാട്ടുകൾ, ചൊല്ലുവഴികൾ എന്നിവയുടെ അടിസ്ഥാനത്തിലും ഈ ഭേദം ഉണ്ടാകാം.

## 'താറിത്താറി നിക്കാതെടാ പന്നപ്പയലേ'

മുകളിൽ എഴുതിയിരിക്കുന്ന ഈ വാക്യത്തിൽ തിരുവനന്തപുരത്തിന്റെ അങ്ങേത്തലയ്ക്കലും ഇങ്ങേത്തലയ്ക്കിലും ഉള്ള ഭാഷാരീതികളെ ചേർത്ത് ബന്ധിച്ചിരിക്കു



കയാണ്. ഇതിൽ 'താറിത്താറി നിൽക്കുക' എന്നത് ആറ്റിങ്ങൽ, വർക്കല, ചിറയിൻകീഴ് ഭാഗത്തെ പ്രയോഗമാണ്. അമാന്തിച്ച് സമയം കളയുന്നതിനെയാണിത് സൂചിപ്പിക്കുന്നത്. സ്ഥിരതയില്ലായ്മയുടെ സൂചനയായും ഇത് പറയാറുണ്ട്. കരമന മുതൽ പാറശ്ശാല വരെയുള്ളവർ ഇതേ അർത്ഥം ധ്വനിപ്പിക്കാൻ 'അയയിലിട്ട താറുപോലെ' എന്നായിരിക്കും പ്രയോഗിക്കുക. 'പന്നപ്പയലേ' എന്ന പ്രയോഗം തെക്കൻ തിരുവനന്തപുരത്തിന്റേതാണ്. ഇവിടെ 'പന്ന' എന്നത് മോശപ്പെട്ടവൻ എന്ന അർഥത്തിലല്ല. വാത്സല്യഭാഷയിലാണ് ഉപയോഗിക്കുന്നത്. എന്നാൽ 'അവനൊര് പന്നപയല്' എന്ന് പറയുമ്പോൾ അവിടെ മോശക്കാരൻ എന്ന ധ്വനിയാണ് ഉണ്ടാകുന്നത്. വിവാഹപ്രായമെത്തിയിട്ടും വിവാഹിതനാകാത്ത ചെറുപ്പക്കാരനെ 'പയൽ' എന്നും അങ്ങനെയുള്ള പെൺകുട്ടിയെ 'കൊമ്പൽ' എന്നുമാണ് വിളിച്ചിരുന്നത്. കല്യാണത്തിന് മുമ്പ് തലമുടി രണ്ടുവശത്തായി മെടഞ്ഞ് കൊമ്പുപോലെ കെട്ടിയിടുന്നവൾ കല്യാണത്തോടെ ആ തലമുടി ഒറ്റയായി അഴിച്ചിട്ട് 'കുഴലി' ആയി മാറുന്നു.

'കണ്ടണിപറഞ്ഞെങ്കിലും കൊമരഴിക്കണം'

മറ്റൊരു പ്രയോഗമാണിത്. 'കണ്ടണി' എന്നത് 'കുണ്ഡലിനി' എന്നതിന്റെ തന്നാട്ടുമൊഴിയാണ്. കള്ളം പറഞ്ഞിട്ടാണെങ്കിലും വേണ്ടില്ല ഒരു പെൺകുട്ടിയുടെ കല്യാണം നടക്കണം എന്നാണ് ഈ പ്രയോഗത്തിന്റെ അർഥം. കണ്ടണിമങ്കയും കോരസ്വാമിയും എന്നാണ് തെക്കൻ പറയുന്നതെങ്കിലും കുണ്ഡലിനി മങ്കയും കുമാരസ്വാമിയും (മുരുകൻ) എന്നാണ് താല്പര്യം. കുണ്ടലിനി ജ്ഞാനവിജ്ഞാനവുമായും ആത്മീയലയവുമായും ബ്രഹ്മാനന്ദവുമായും സർഗപ്രതിഭയുമായിട്ടൊക്കെ ബന്ധമുള്ള ഒരു പ്രയോഗമാണ്.

വികൃതികാട്ടുന്ന കുട്ടികളെക്കുറിച്ച് ആ ചെറുക്കൻ പയങ്കര കണ്ടണി എന്നാണ് തെക്കൻ മൊഴിയിൽ പറയാറ്. കുണ്ഡലിനി പ്രവർത്തിക്കുന്ന കുട്ടി പ്രതിഭയായിരിക്കും. പക്ഷേ ബാലപ്രായത്തിൽ അത് കുസൃതി ആയിട്ടായിരിക്കും വെളിപ്പെടുക. വടക്കൻ ജില്ലക്കാർ ഇതിനെ കുറുമ്പ് എന്ന് പറയും. കുറുമ്പ ഭഗവതി ചെയ്യിക്കുന്നത് എന്ന അർത്ഥത്തിലാണ് ഇങ്ങനെ പറയുന്നത്. ഇത്തരത്തിൽ അനേകം പ്രയോഗങ്ങൾ ഉണ്ടിവിടെ. 'എള്ളെിാണങ്ങണത് എണ്ണയ്ക്ക്...' യത്നിച്ചാൽ എന്തെങ്കിലും ഫലമുണ്ടാകുമെങ്കിലും സാരമില്ല യത്നിക്കാം എന്നാണ് ഈ പ്രയോഗത്തിനർത്ഥം. 'പുളിയൊണങ്ങിയാ കൊവ്ത്തരയ്ക്കാം പുളിയങ്ങ ഒണങ്ങിയാലാ' സമ്പന്നമായ ഒരുവന് അല്പം വീഴ്ച വന്നാലും മറ്റേതെങ്കിലും വിധത്തിൽ അത് പരിഹരിക്കപ്പെടാം. എന്നാൽ ദരിദ്രൻ വീണു പോയാൽ വീണത് തന്നെ. ഇതിനെ കുടുംബകാര്യങ്ങളുമായി ബന്ധപ്പെടുത്തിയും ചില സന്ദർഭങ്ങളിൽ ഉപയോഗിക്കാറുണ്ട്. അപ്പോൾ അർഥത്തിന് നേരിയ ചില വ്യത്യാസങ്ങൾ വരും എന്നു മാത്രം. ഇത്തരത്തിൽ മൊഴിയിൽ മാത്രമല്ല എഴുത്തിലും നാട്ടുമൊഴി അസ്സലായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. കവിതയിലും കഥയിലും നോവലിലുമൊക്കെ ഇത് ഒഴുകിപ്പരന്ന് കിടക്കുന്നു.



## മക്കളും മൊണ്ണയനും അലവലയും ആണാപ്പെറന്നാനും

ഭാഷാഭഗവത്ഗീതയിൽ മലയിൻകീഴ് മാധവകവിയുടെ പ്രയോഗം 'അലവലയാകിതുകിൽ' എന്നാണ്. അലവല എന്നതിന് അദ്ദേഹം നൽകുന്ന അർഥം വൃത്തിയില്ലാത്തത്, ഉപയോഗശൂന്യം എന്നൊക്കെയാണ്. സത്സ്വഭാവിയല്ലാത്തവനെക്കുറിച്ച് പറയാറുള്ളത് അതൊര് അലവലാതി എന്നാണ്. സി.വി രാമൻപിള്ളയുടെ ചന്ത്രക്കാരൻ പറയുന്നുണ്ടല്ലോ 'ഇരുളാ വിഴ്ങ്ങ് ഈ മൊണ്ണയനെ'-ഇവിടെ മൊണ്ണയൻ എന്നതിന് ആരാലും കീഴ്പ്പെടുത്താനാവാത്തവൻ, ആത്മധൈര്യമുള്ളവൻ, ആരെയും കൂസാത്തവൻ, എന്തിനും പോന്നവൻ എന്നൊക്കെയാണ് അർത്ഥം. കഥയിൽ എസ്.വി വേണുഗോപാലൻനായരാണ് ഏറ്റവും ആകർഷകമായി ഈ മൊഴിച്ചന്തത്തെ തിളക്കിത്തന്നത്. 'നിൽക്ക് നിൽക്ക് എന്ന് പറഞ്ഞിട്ടും അയാൾ നിന്നിടം ആണത്തമുള്ളവൻ' എന്നല്ല വേണുഗോപാലൻനായരുടെ കഥാപാത്രം പറയുന്നത്. 'നില്ല്പിള്ളേന്ന് ഞാനൊരു നൂറുവട്ടം വിളിച്ചില്ല. അയാള് നിന്നില്ല'. ആണാപ്പെറന്നാൻ, തന്തയ്ക്ക് പെറന്നവൻ. ഇത്തരത്തിൽ വേണുഗോപാലൻ നായരുടെ ഇരുപത്തൊന്നോളം കഥകൾ നോക്കിയാൽ അനവധി പ്രയോഗങ്ങൾ തെക്കൻ നാട്ടുമൊഴികൾ കണ്ടെത്താനാവും. പിന്നീട് വന്ന കഥാകൃത്തുക്കളിൽ വി.എൻ പ്രദീപും അജിത്ത് വി.എസും ആണ് ഈ മൊഴിച്ചന്തത്തെ ഭംഗിയായി അവതരിപ്പിച്ച് കണ്ടിട്ടുള്ളത്. ജി.വിവേകാനന്ദൻ രചിച്ച കൃതികളിലും തെക്കൻ ഭാഷയുണ്ട്.

കവിതയിലും ഇത് ധാരാളമായി വിളഞ്ഞു. ഭാഷാഭഗവത്ഗീതയിൽ എന്നപോലെ തന്നെ എഴുത്തച്ഛൻ




> **തിരുവനന്തപുരത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെയുള്ളവർ സംസാരിക്കുന്നത് ഒരേ ഈണത്തിലും താളത്തിലുമല്ല**

നടത്തിയ ഒരു പ്രയോഗം ഉണ്ട് . 'വല്ലജാതിയും' അത് തെക്കന്റെ 'വല്ലച്ചാതിയും' ആണ്. 'എങ്ങനെയെങ്കിലും' എന്ന് പറയുന്നതിന് തുല്യമാണീ പ്രയോഗം. അതുപോലെ അടുപ്പമുള്ളവരെ കൊണ്ട് സത്യം ചെയ്യുന്ന ശീലമുള്ളത് തെക്കനാണ്. 'നിന്നാണേ കേൾപ്പിച്ചതില്ലാരെയും ജീവനാഥേ' എന്ന് എഴുത്തച്ഛന്റെ ശിവൻ പാർവതിയോട് 'ഉമാമഹേശ്വരസംവാദത്തിൽ' പറയുന്നുണ്ട്. എഴുത്തച്ഛൻ, നമ്പ്യാർ തുടങ്ങിയ കവികൾ പദ്മനാഭപുരത്ത് തേവാര ക്കെട്ട് സരസ്വതിയെ വ്രതമെടുത്ത് ഭജിച്ചുപോന്നിരുന്നു. എന്നൊരു കേൾവി പരക്കുന്നു എന്നുള്ളത് കൊണ്ട് അത്തരം യാത്രകളിൽ എപ്പൊഴോ കിട്ടിയതാകാം ഈ വാക്കുകൾ. നമ്പ്യാർ ഉപയോഗിച്ചത് 'തള്ളയ്ക്കിട്ടൊരു തല്ലുവരുമ്പോൾ പിള്ളയെടുത്ത് തടുക്കേയുള്ളൂ. ഇവിടെ 'തള്ള'- 'പിള്ള' എന്നീ പ്രയോഗങ്ങൾ തിരുവനന്തപുര ത്തിന്റെ വിശേഷിച്ചും തെക്കൻ കേരളത്തിന്റെ സ്വത്താണ്.

വി.മധുസൂദനൻ നായരുടെ കവിതകളിൽ നിരവധി നാട്ടുമൊഴിയടയാളങ്ങൾ ഏറിയും കുറഞ്ഞും ഒളിഞ്ഞും തെളിഞ്ഞും കിടപ്പുണ്ട്. 'കന്നിയൊരുത്തിതൻ കൈപ്പിള്ള ക്കിത്തിരി കഞ്ഞിത്തെളിതേടിച്ചുറ്റമ്പോൾ' (മായിയമ്മ) ഈ വരികളിലെ കൈപ്പിള്ള, കഞ്ഞിത്തെളി തുടങ്ങിയ പ്രയോഗങ്ങൾ ശ്രദ്ധേയമാണ്. 'അച്ഛൻ പിറന്ന വീട്' എന്ന കൃതിയിൽ നിരവധി നാട്ടുപ്രയോഗങ്ങൾ ഉണ്ട്. അദ്ദേഹ ത്തിന് ശേഷം വന്ന തിരുവനന്തപുരത്തുകാരായ കവികളിൽ പലരും അവരവരുടെ ദേശസംസ്കൃതികൾ അടയാളപ്പെടുത്തി. സർഗാത്മകസാഹിത്യത്തിലും നിത്യജീവിതത്തിലും തിരുവനന്തപുരം ഭാഷ എന്നും സൗന്ദര്യത്വമായിത്തന്നെ നിലനിൽക്കുന്നു. ചില ചലച്ചിത്ര ങ്ങളിൽ വല്ലാതെ വക്രീകരിച്ച് ഉപയോഗിച്ചു എന്നതൊഴി ച്ചാൽ നമ്മുടെ നാട്ടുമൊഴിക്ക് ഒരു പ്രശ്നവും ഇല്ല. സുരാജ് വെഞ്ഞാറമൂട് ഹാപ്പി ഹസ്ബന്റ്സ് എന്ന സിനിമയിൽ പറഞ്ഞതുപോലെ 'നമ്മളിത്തിപ്പോരം എന്തരെന്ന് പറഞ്ഞാ നെനക്കൊക്കെ അയ്യം അല്ല്യേ..' എന്ന് തിരിച്ച് കയർക്കേണ്ട സ്ഥിതിയാണ്. തിരുവനന്തപുരത്തുകാരന്റെ അയ്യം മോശം എന്നാണ്. അല്ലാതെ എറണാകുളത്തുകാര ന്റെ അയ്യം അല്ല. തിരുവനന്തപുരത്തുകാർ മീനറുക്കും, എറണാകുളം മുതൽ വടക്കോട്ട് മീൻ നന്നാക്കും. കാര്യം ഒന്നുതന്നെ. ❑

# മലയാളങ്ങളിലെ ഇ. മലയാളം



## സൈബർ മലയാളം മറ്റൊരു ഭാഷാഭേദമായി മാറിക്കഴിഞ്ഞു

റെപ്സി മറിയം മാത്യു /അധ്യാപിക, മലയാളവിഭാഗം, എസ്.ബി.കോളേജ് ചങ്ങനാശ്ശേരി

ടെലിവിഷൻ മലയാളം, കായികമലയാളം, ജ്യോതിഷമലയാളം, ശാസ്ത്രമലയാളം, സമരമലയാളം, വാഹനമലയാളം, പരസ്യമലയാളം, ആരോഗ്യമലയാളം, ഇന്റർനെറ്റ് മലയാളം എന്നിങ്ങനെ മലയാളഭാഷയ്ക്കു രൂപഭേദങ്ങൾ ഏറിയപ്പോഴാണ് മലയാളം മലയാളങ്ങളായി പെരുകുകയാണെന്ന് ഡോ. സ്കറിയാ സക്കറിയ നിരീക്ഷിച്ചത് (2015: 87). ഒരു ഭാഷയ്ക്കുള്ളിൽ ഉച്ചാരണം, വ്യാകരണം, പദം, അർഥം എന്നീ തലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന വ്യതിരിക്തതകളാണ് ഭാഷാഭേദങ്ങൾ. പ്രദേശം, ജാതി, മതം, ഗോത്രം, ലിംഗം, പ്രായം, തൊഴിൽ, സമ്പത്ത് തുടങ്ങിയ സാമൂഹികചരങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ മലയാളത്തിനു ഭാഷാഭേദങ്ങളുണ്ട്. ഇതിലേക്ക് ആധുനിക ഇടങ്ങളിലെയും നവീന വ്യവഹാരങ്ങളിലെയും മലയാളഭേദങ്ങളെയും ഉൾപ്പെടുത്തി മലയാളങ്ങൾ എന്ന സങ്കൽപനം അവതരിപ്പിക്കുകയാണ് സ്കറിയ സക്കറിയ ചെയ്തത്. അദ്ദേഹം ഈ നിരീക്ഷണം മുന്നോട്ടുവയ്ക്കുമ്പോൾ തന്നെ സൈബർ മലയാളം തിരിച്ചറിയപ്പെടുകയും നിരവധി ഗവേഷണങ്ങൾക്കു വിധേയമാവുകയും ചെയ്തിരുന്നു. മലയാളത്തിന്റെ ഈ ഇ-ഭേദത്തെക്കുറിച്ച് മലയാളഭാഷകസമൂഹവും ഇതിനോടകം ബോധ്യം നേടിയിട്ടുണ്ട്. ഇന്റർനെറ്റ് മലയാളമെന്നോ ഇലക്ട്രോണിക് മലയാളമെന്നോ ഇ. മലയാളത്തെ വിവക്ഷിക്കാവുന്നതാണ്. സൈബർ മലയാളമെന്നാണ് ഈ ഭാഷാഭേദം പരക്കെ വ്യവഹരിക്കപ്പെടുന്നത്.

ഇ-മലയാളം അഥവാ സൈബർ മലയാളം എന്ന മലയാള ഭാഷാഭേദം, ഭാഷാഭേദമായി അംഗീകാരം നേടണമെങ്കിൽ പ്രാഥമികമായി രണ്ടു പരികല്പനകൾ അംഗീകരിക്കപ്പെടേണ്ടതുണ്ട്. ഒന്ന്, സൈബർ ഇടം എന്ന ഇടം. രണ്ട്, ഇ. മലയാളം എന്ന വാമൊഴി. സൈബർ ഇടം ഇന്ന് പൊതുവിടങ്ങളിൽ ഒന്നായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. എങ്കിലും അതിന്റെ ചരിത്രം കുറച്ചൊന്നു പരിശോധിക്കേണ്ടതുണ്ട്. 1986ൽ ജാരൺ ലേനിയർ ഇന്റർനെറ്റ് ഇടത്തിന്റെ സാങ്കേതികപരിസരത്തെയും അതിന്റെ യാഥാർഥ്യത്തെയും വിശേഷിപ്പിക്കാനായി ഉപയോഗിച്ച് virtual reality അഥവാ പ്രതീതി യാഥാർഥ്യം എന്ന പദം പിന്നീട് സൈബർ ഇടത്തെ വ്യവഹാരങ്ങളെ മുഴുവൻ നിർവചിക്കാനും വിശേഷിപ്പിക്കാനും ഉപയോഗിച്ചുപോന്നു. അതിയാഥാർഥ്യത്തിന്റെ ഇടത്തെക്കുറിക്കാനാണ് സൈബർ സ്പേസ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്. അമേരിക്കൻ ശാസ്ത്രനോവലിസ്റ്റായ വില്ല്യം ഗിബ്സന്റെ







ഡേവിഡ് ക്രിസ്റ്റൽ

Burning Chrome (1982) എന്ന ചെറുകഥയിലാണ് ഈ പദം ആദ്യമായി ഉപയോഗിച്ചത്. ഗിബ്സന്റെ തന്നെ സയൻസ് ഫിക്ഷൻ നോവലായ ന്യൂറോമാൻസറി (1984) ലൂടെ ഈ പദം ജനകീയമായി. ഇന്റർനെറ്റിലെ അദൃശ്യസ്ഥലത്തെ സൂചിപ്പിക്കാനാണ് ഇത്തവണ ഗിബ്സൻ സൈബർ സ്പേസ് എന്നു പ്രയോഗിച്ചത്. അദൃശ്യ ഇടം, യാഥാർഥ്യമെന്നു ദ്യോതിപ്പിക്കുന്ന അതിയാഥാർഥ്യം ഇന്റർനെറ്റിനെയും അതൊരുക്കുന്ന പ്രവൃത്തി-അനുഭവ മണ്ഡലങ്ങളെയും ദീർഘകാലം ഈയൊരു പരിപ്രേക്ഷ്യത്തിലായിരുന്നു ലോകം നോക്കിക്കണ്ടത്. 'സമാന്തര ആഗോളസ്ഥല'മെന്നും 'സാങ്കേതികസ്ഥല'മെന്നും വിശേഷിപ്പിക്കാനും ചില ശ്രമങ്ങളുണ്ടായി.

## സൈബർ വാമൊഴിയും വരമൊഴിയും

ഭാഷയുടെ പ്രത്യക്ഷീകരണങ്ങളിൽ ഏറ്റവും ചലനാത്മകമായ വരമൊഴിയാണ് ഇ. മലയാളം എന്ന പരികല്പനയാണ് രണ്ടാമതായി തെളിയിക്കേണ്ടത്. സൈബർ ഇടത്ത് മനുഷ്യർ, സാങ്കേതികമായി ഉപയോക്താക്കൾ ആശയ വിനിമയാർഥം സൈബർ മൊഴി അഥവാ സൈബർ വ്യവഹാരം എന്നു വിശേഷിപ്പിക്കാവുന്ന വ്യവഹാരംതന്നെ ഉരുവപ്പെടുത്തുന്നുണ്ട്. സൈബർ മൊഴിയുടെ പ്രത്യക്ഷ പ്രകടനങ്ങളെ സൈബർ വാമൊഴി, സൈബർ വരമൊഴി എന്നിങ്ങനെ തിരിയ്ക്കാവുന്നതാണ്. സൈബർ ഭാഷയ്ക്ക് ലിഖിത/ദൃശ്യരൂപമാണുള്ളതെങ്കിലും ഘടനാപരമായും സത്താപരമായും അതിനു വാമൊഴിയോടാണ് ചാർച്ച. സൈബർ ഇടത്ത് ഇടപെടുന്ന മനുഷ്യർ, വ്യക്തിയിൽനിന്നു വ്യക്തിയിലേക്ക് ഭാഷയിലൂടെ നടത്തുന്ന ആശയവിനിമയങ്ങളെ സൈബർ വാമൊഴി അഥവാ ഇ- ഭാഷയായി പരിഗണിക്കാം. സമൂഹമാധ്യമങ്ങളായ ഫെയ്സ്ബുക്ക്, വാട്സാപ്, യൂട്യൂബ്, ഇൻസ്റ്റഗ്രാം തുടങ്ങിയവയിലെ ഭാഷാവിനിമയങ്ങളാണവ. വെബ്സൈറ്റുകൾ, സെർച്ച് എൻജിനുകൾ തുടങ്ങിയവയിൽ പ്രയോഗിക്കപ്പെടുന്ന ഭാഷ മാനകഭാഷയുടെ സവിശേഷതകളെ പ്രദർശിപ്പിക്കുന്നതിനാൽ അതിനെ സൈബർ വരമൊഴി എന്നു വിശേഷിപ്പിക്കുന്നതാണ് ഉചിതം.

സൈബർ ഇടത്ത് ഇടപെടുന്ന മനുഷ്യർ തമ്മിലുള്ള ആശയവിനിമയങ്ങളെ ചാറ്റ്, കമന്റ്, റിപ്ലൈ, മെസേജ് എന്നീ സംജ്ഞകൾകൊണ്ടാണ് പ്രധാനമായും അടയാളപ്പെടുത്തുന്നത്. ഇവയിൽ ആദ്യത്തെ മൂന്നും പറച്ചിൽ(കേൾവി) എന്ന പ്രക്രിയയുമായി ബന്ധപ്പെട്ട അർഥത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്; എഴുത്ത്-വായന(കാഴ്ച) എന്നതിനെ അല്ല. ട്വിറ്ററിലെ ആശയവിനിമയത്തിനു ട്വീറ്റ് എന്നാണ് പറയുന്നത്. അതിനും ശബ്ദവുമായാണ് ബന്ധം. ഇവയെ അതിനാൽ സൈബർ വാമൊഴി എന്നു വിളിയ്ക്കാം. എഴുത്ത്-വായന-കാഴ്ച എന്നിവയുമായി ബന്ധപ്പെടുന്ന ആശയങ്ങളും സാധ്യതകളും സൈബർ ഇടം, പോസ്റ്റ്, വ്യൂ മോർ കമന്റ്സ്, മെസേജ് എന്നിങ്ങനെ ഒരുക്കുന്നുണ്ടെങ്കിലും ചാറ്റ് എന്ന സവിശേഷതയാണ് ഈ മാധ്യമങ്ങളുടെ പ്രഥമവും പ്രധാനവുമായ പ്രത്യേകത. ഇന്റർനെറ്റ് ഭാഷയെക്കുറിക്കാൻ വ്യാപകമായി ഉപയോഗിച്ചുപോരുന്ന പദങ്ങളായ ഇന്റർനെറ്റ് സ്ലാങ്, നെറ്റ്സ്പീക്, സൈബർ സ്ലാങ്

തുടങ്ങിയ പദങ്ങളെല്ലാം പറച്ചിലുമായി ബന്ധപ്പെട്ടതാണെന്നതും ഇവിടെ പ്രസക്തമാണ്.

സാങ്കേതികതയുമായി ബന്ധപ്പെട്ട ചിന്തിക്കുമ്പോഴും സൈബർ ഇടത്തെ ആശയവിനിമയത്തിന്റെ അടിസ്ഥാനം വരമൊഴിയല്ല, വാമൊഴിയാണെന്നു കാണാം. മനുഷ്യവംശത്തിന്റെ ആശയവിനിമയചരിത്രം പരിശോധിച്ചാൽ ഇത് വ്യക്തമാകും. ദൂരവും കാലവും ആശയവിനിമയത്തിന് തടസ്സം സൃഷ്ടിച്ചപ്പോളാണ് വാമൊഴിയ്ക്ക് ബദൽ സംവിധാനം വേണ്ടിവന്നത്. അഭിമുഖമായി സംസാരിച്ചിരുന്ന മനുഷ്യരുടെ ആശയവിനിമയത്തിന് ദൂരം തടസ്സമായി. ദൂരത്തെയും സമയത്തെയും വരുതിയിലാക്കുവാനുള്ള ശ്രമത്തിന്റെ ആദ്യഫലമായിരുന്നു സന്ദേശമയയ്ക്കൽ.

സംഭാഷണസൗകര്യം മാത്രം പ്രദാനം ചെയ്തിരുന്ന സ്ഥാവരമായ ടെലിഫോണുകളെ ജംഗമസ്വഭാവിയായ കോഡ്‌ലെസ് ഫോണുകളുടെ സ്ഥാനം പിന്നീട് രൂപവും സേവനങ്ങളും പരിഷ്കരിച്ച സെല്ലുലാർ/മൊബൈൽഫോണുകളും നേടിയെടുത്തു. ആശയവിനിമയം പറച്ചിൽ എന്നതിൽനിന്നും എഴുത്ത്-വായന എന്ന നിലയിലേക്ക് മൊബൈൽഫോൺ കാലത്ത് വളർന്നു. ഇവയെയെല്ലാം പിന്തള്ളി ആശയവിനിമയരംഗത്ത് ആവിഷ്കരിയ്ക്കപ്പെട്ട സംവിധാനമാണ് ചാറ്റിങ്ങ്. ഇ-മെയിൽ സംവിധാനം വരമൊഴിയോടു ചേർന്നുനിന്നപ്പോൾ പിന്നീടുവന്ന എസ്എംഎസ് സംവിധാനം വരമൊഴിയുടെ മുറുക്കത്തെ ചുരുക്കരൂപങ്ങൾ കൊണ്ട് ചെറുക്കാൻ ശ്രമിച്ചു. ഇന്റർനെറ്റ് ഭാഷാശാസ്ത്രജ്ഞനായ ഡേവിഡ് ക്രിസ്റ്റലിന്റെ ഒരു കൃതിയുടെ പേരുതന്നെ Txtng: the Gr8 Db8 എന്നാണെന്നത് ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ചാറ്റ് സംവിധാനങ്ങൾ സംഭാഷണത്തിനാണ് പ്രാധാന്യം നൽകിയത് എന്നതിന് ചാറ്റ് എന്ന പദസ്വീകരണം തെളിവാണ്.

ഇ. മലയാളികൾ ഇന്റർനെറ്റിൽ സജീവമായി ഇടപെട്ടുതുടങ്ങിയത് ആദ്യം ഫെയ്സ്ബുക്കിലും പിന്നീട് യൂട്യൂബ്, വാട്സാപ് എന്നിവിടങ്ങളിലുമായിരുന്നു. ഇവയിലെ ആശയവിനിമയം ചാറ്റ്, കമന്റ്, മെസേജിങ്ങ് തുടങ്ങിയ പേരുകളിൽ സംഭാഷണസാധ്യതകളാണ് ഒരുക്കിയത്. പുതുതലമുറയുടെ ഇടപെടലുകളാൽ സജീവമായ ഇൻസ്റ്റഗ്രാം, ഉപയോക്താക്കൾക്ക് നൽകുന്ന വിവിധ സേവനങ്ങളിൽ ഭാഷയ്ക്ക് ഇടം ലഭിക്കുന്ന സാഹചര്യങ്ങൾ മെസ്സേജിങ്ങും പോസ്റ്റിന്റെ ക്യാപ്ഷനുമാണ്. ഈ രണ്ട് ഇടങ്ങളും പ്രത്യക്ഷത്തിൽ എഴുത്തിന്റെ ഇടങ്ങളെന്ന

> **സൈബർ ഇടത്തെ ആശയവിനിമയത്തിന്റെ അടിസ്ഥാനം വരമൊഴിയല്ല, വാമൊഴിയാണ്**



തോന്നൽ നൽകുമ്പോഴും അവിടങ്ങളിലെ ഭാഷാപ്രയോഗം വരമൊഴിയുടെ മാനദണ്ഡങ്ങളോട് ഒത്തുപോകുന്നവയല്ലെന്നു മാത്രമല്ല വരമൊഴിക്ക് പ്രസക്തമായ വ്യാകരണ നിയമങ്ങളെ ലംഘിക്കുന്നവയോ അവഗണിക്കുന്നതോ ആണെന്നും കാണാം.

ഇന്റർനെറ്റ് ഉപയോക്താതാക്കളുടെ ഒന്നും രണ്ടും തലമുറയെ അടയാളപ്പെടുത്താൻ ഇൻസ്റ്റഗ്രാം ഉപയോക്താക്കളായ മൂന്നാം തലമുറ ഇ. മലയാളഭാഷകർ ഉപയോഗിക്കുന്ന 'വസന്തം അമ്മാവൻ/അമ്മായി' എന്നത് ഇ. മലയാളത്തിൽമാത്രം കാണാൻ കഴിയുന്ന പ്രയോഗമല്ല. ഇ. തമിഴ്ഭാഷകരുടെ പുതുതലമുറ സമാനാർഥത്തിൽ 'ബൂമർ അങ്കിൾ/ആന്റി' എന്നു പ്രയോഗിച്ചു കണ്ടിട്ടുണ്ട്. ഇന്റർനെറ്റ് ഭാഷാഭേദം എല്ലാ ഭാഷകൾക്കും ഉണ്ടെന്നു സാരം.

ഇൻസ്റ്റഗ്രാം, യൂട്യൂബ് തുടങ്ങിയ സൈബർ ഇടങ്ങൾ ദൃശ്യവും ശ്രവ്യവുമായ ഉള്ളടക്കങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഇടങ്ങളായതിനാൽ അവിടങ്ങളിൽ പ്രയോഗിക്കപ്പെടുന്ന ഭാഷ വാമൊഴിതന്നെയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. റീൽസ്, ഷോർട്ട്സ്, വീഡിയോ എന്നീ പേരുകളിലാണ് യഥാക്രമം ഇൻസ്റ്റഗ്രാം, യൂട്യൂബ്, ഫെയ്സ്ബുക്ക് തുടങ്ങിയ സമൂഹമാധ്യമങ്ങൾ വീഡിയോ ഉള്ളടക്കങ്ങളെ വ്യവഹരിക്കുന്നത്. സൈബർ ഇടമെന്ന സമാന്തരലോകത്തെ ഉപയോക്താക്കളാകുന്ന മനുഷ്യർ ആശയവിനിമയം നടത്തുന്ന ഭാഷ അതിനാൽ സൈബർഭാഷയും ഇന്റർനെറ്റ് ഉപയോക്താക്കൾ സൈബർ ഭാഷകസമൂഹവും ആകുന്നു. മലയാളികളായ ഇന്റർനെറ്റ് ഉപയോക്താക്കൾ ഇടപെടുന്ന സൈബർഇടത്തെ സൈബർമലയാള ഇടമെന്നും അവരുടെ ആശയവിനിമയത്തെ സൈബർമലയാള വാമൊഴിയെന്നും മനസ്സിലാക്കാം. ഈ സൈബർ മലയാള വാമൊഴി, മലയാളഭാഷയുടെ ഭാഷാഭേദമാണെന്നതിനാൽ സൈബർ മലയാളം അഥവാ ഇ. മലയാളം എന്നു വ്യവഹരിക്കാം. ❑

# സിനിമയിലെ പല മലയാളങ്ങൾ



**സിനിമയിലെ പ്രാദേശികഭാഷകളുടെ മാറ്റമെന്നത് അതുവരെ അടയാളപ്പെടുത്താത്ത ജനതകളുടെ ജീവിതാവിഷ്ക്കാരം കൂടിയാണ്.**

**ഡോ. രാജേഷ് എം.ആർ.** /അസിസ്റ്റന്റ് പ്രൊഫസർ, കേരളവർമ്മ കോളേജ്, തൃശ്ശൂർ




ആധുനികതയുടെ അച്ചടികേന്ദ്രിതമായ മാനകമലയാളത്തിൽ നിന്ന് ആധുനികാനന്തര ഡിജിറ്റൽ കാലഘട്ടത്തിന്റെ ദൃശ്യാധിഷ്ഠിത പല മലയാളങ്ങളിലേക്ക് സംസ്കാരം പോയിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് മലയാളസിനിമകൾ പ്രാദേശികഭാഷകളെ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നത്. വാമൊഴിയുടേയും കേൾവിയുടേയും പുതുസംസ്കാരത്തിൽ സാമ്പ്രദായികഭാഷയ്ക്ക് ഉണ്ടായിരുന്ന അധികാരവും പദവിയും നഷ്ടപ്പെടുകയും ഭാഷാവൈവിധ്യത്തിന്റെ അനേക സ്ഥലരാശികളും ഭൂമിശാസ്ത്രപരിസരങ്ങളും കടന്നുവരികയുംചെയ്തു. മുഖ്യധാരാസമൂഹത്തിന്റെ സംസ്കാരങ്ങൾ മാത്രം അവതരിപ്പിച്ചു കൊണ്ടിരുന്ന മലയാളസിനിമ മറ്റു ദേശങ്ങളേയും ഭൂഭാഗങ്ങളേയും വിഭാഗങ്ങളേയും ചിത്രീകരിച്ചുതുടങ്ങി. തിരുവിതാംകൂർ മുതൽ വടക്കൻമലബാർ വരെയുള്ള പ്രാദേശികഭാഷകൾ ഇന്ന് സമകാലിക മലയാളസിനിമയിൽ കണ്ടുവരുന്നുണ്ട്. മലയാളത്തിലെ പ്രാദേശിക ഭാഷാഭേദങ്ങളൊക്കെ സിനിമയിലുപയോഗിക്കുമ്പോൾ എല്ലാ മലയാളികൾക്കും അത് മനസ്സിലാവണമെന്നില്ല.

മലയാളസിനിമ ആദ്യകാലങ്ങളിൽ അച്ചടികേന്ദ്രിതമായ മാനകഭാഷയാണ്

ഉപയോഗിച്ചിരുന്നത്. നാടകത്തിന്റെ അവതരണഭാഷയിലൂടെ കേരളത്തിലെ പൊതുസമൂഹത്തെ സംബോധനചെയ്യുന്ന ഇത്തരം സിനിമകൾ പാർശ്വവൽക്കൃതജനതയേയും സംസ്കാരത്തേയും അവതരിപ്പിക്കുന്നില്ലായെന്നും പരിഗണിക്കുന്നില്ലായെന്നും തിരിച്ചറിഞ്ഞുതുടങ്ങി. ഇത്തരം തിരിച്ചറിവുകളുടെ പരിണതഫലമായും വൈവിധ്യങ്ങളായ സാംസ്കാരിക ജീവിതത്തെ ആവിഷ്ക്കരിക്കുവാനുള്ള താല്പര്യങ്ങളുമാണ് പ്രാദേശികഭാഷാവൈവിധ്യങ്ങളിലേക്ക് സിനിമ സഞ്ചരിക്കുവാൻ കാരണമായത്. സ്റ്റുഡിയോയിൽ ചിത്രീകരിച്ചുകൊണ്ടിരുന്ന മലയാളസിനിമ ജീവിതയാഥാർഥ്യങ്ങളെ റിയലിസ്റ്റായി ചിത്രീകരിക്കുന്നതിനായി വിവിധ ഭൂമിശാസ്ത്രപരിസരങ്ങളിലേക്ക് കടന്നുചെന്നു.

തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ ഭാഷകളാണ് ഒരു കാലത്ത് മലയാളസിനിമയിൽ കൂടുതലായി ഉപയോഗിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി സിനിമകളിൽ വൈവിധ്യമേറിയ പല പ്രാദേശികഭാഷകളും ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. ഇടുക്കി, മലപ്പുറം, കാസർകോട് ഭാഷാവൈവിധ്യങ്ങളും ഇന്ന് മലയാളസിനിമയിൽ ഇടംപിടിച്ചിരിക്കുന്നു. ഒരുകാലത്ത് കുട്ടനാട്, വള്ളുവനാട് ഭാഷകൾ നിറഞ്ഞുനിന്നിരുന്ന മലയാള സിനിമ എം.ടി വാസുദേവൻനായരുടെ തിരക്കഥകളുടെ സാമൂഹികപശ്ചാത്തലത്തിലൂടെ വള്ളുവനാടൻ ഭാഷ വളരെയധികം കൊണ്ടാടി. പത്മരാജൻ സിനിമകളിലൂടെ ഓണാട്ടുകരയുടെ മലയാളം ശ്രദ്ധേയമായി. ഐ.വിശശി - ടി.ദാമോദരൻ കൂട്ടുകെട്ടിലൂടെ മലബാർ മലയാളവും സിനിമകളിൽ കൂടുതലായി കടന്നുവന്നു. വളരെ കൃത്രിമമായി നിർമ്മിക്കപ്പെട്ടെന്നു തോന്നുന്നവിധത്തിൽ സിനിമയിലെ ഗ്രാമ്യഭാഷയായി വള്ളുവനാടൻഭാഷ കുറച്ചുവർഷം സിനിമകളിൽ ആഘോഷിച്ചു.

## ഭാഷയും സംസ്കാര പ്രതിനിധാനവും

സിനിമയിലെ സംഭാഷണഭാഷയെന്നത് കേവലം ആശയാവിഷ്കാരത്തിനു വേണ്ടി മാത്രമുള്ളതല്ല, അതൊരു സംസ്കാരത്തെ ആവിഷ്കരിക്കുന്നതും പ്രതിനിധാന സ്വഭാവമുള്ളതുമാണ്. 2010 നു ശേഷം വരുന്ന മലയാളസിനിമകൾ നഗര-ഗ്രാമ റിയലിസ്റ്റിക് പ്രമേയങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു. ഒരു പ്രദേശത്തെ മുൻനിർത്തിയുള്ള കഥാഘടനയായതിനാൽ ആ ദേശത്തെ ഭാഷയും സിനിമകൾ ഉപയോഗിച്ചുതുടങ്ങി. സമൂഹത്തിന്റെ അടിത്തട്ടിലുള്ളതും മധ്യവർഗത്തിലുള്ളതുമായ കഥാപാത്രങ്ങൾ വരുന്നതോടെ സിനിമയുടെ സംഭാഷണഭാഷയും മാറിത്തുടങ്ങി. സിനിമയിലെ പ്രാദേശികഭാഷകളുടെ മാറ്റമെന്നത് അതുവരെ അടയാളപ്പെടുത്താത്ത ജനതകളുടെ ജീവിതാവിഷ്ക്കാരം കൂടിയാണ്.

ദിലീഷ് പോത്തന്റെ 'തൊണ്ടിമുതലും ദൃക്സാക്ഷിയും', സെന്ന ഹെഗ്ഡേയുടെ 'തിങ്കളാഴ്ച നിശ്ചയം', രതീഷ് ബാലകൃഷ്ണൻ പൊതുവാളിന്റെ 'ന്നാ താൻ കേസ് കൊട്', സുധീഷ് ഗോപിനാഥിന്റെ 'മദനോത്സവം' എന്നിങ്ങനെയുള്ള നിരവധി സിനിമകൾ കാസർകോട് പശ്ചാത്തലമാക്കിയുള്ളതാണ്. റിട്ടയേഡ് കള്ളനായ കൊഴുമ്മൽ രാജീവന് നാട്ടിലെ ഉത്സവദിവസം അയാൾ അഴിച്ചുവച്ച 'കള്ളൻപട്ടം' വീണ്ടും ചാർത്തിക്കിട്ടുന്നു. തന്റെ നിരപരാധിത്വം തെളിയിക്കാൻ അയാൾ കോടതിയിൽ സ്വയം വാദിച്ച് നടത്തുന്ന ശ്രമങ്ങളാണ് 'ന്നാ താൻ കേസ് കൊട്' എന്നപൊളിറ്റിക്കൽ സറ്റയർ ചിത്രത്തിന്റെ ഇതിവൃത്തം. കാസർകോടിന്റെ ഗ്രാമീണഭംഗിയും

> സമൂഹത്തിന്റെ അടിത്തട്ടിലുള്ളതും മധ്യവർഗത്തിലുള്ളതുമായ കഥാപാത്രങ്ങൾ വരുന്നതോടെ സിനിമയുടെ സംഭാഷണഭാഷയും മാറിത്തുടങ്ങി











മനുഷ്യരും ജീവിതവും ഉത്സവവും തെയ്യവും പ്രാദേശിക ഭാഷാമാധുര്യവും സംസ്കാരവും  ഈ സിനിമയിൽ കടന്നുവരുന്നുണ്ട്. ഓട്ടോ കുത്താൻവന്നു എന്നതാണ് വണ്ടി ഇടിക്കാൻ വന്നു എന്നതിന് ഈ സിനിമയിൽ പറയുന്നത്. പ്രാദേശികഭാഷ ഉപയോഗിക്കുന്നതു വഴി ആ ദേശത്തേയും സംസ്കാരത്തേയുമെല്ലാം സിനിമ പ്രയോജനപ്പെടുത്തുന്നു.

വടക്കൻ മലബാറിലെ തെയ്യം ഉൾപ്പെടെയുള്ള കലാരൂപങ്ങളെ കേന്ദ്രമാക്കിയുള്ള പുലിജന്മം, ചായില്യം ഉൾപ്പെടെയുള്ള സമാന്തരസിനിമകൾ പ്രാദേശികതയെയും ഭാഷയെയും ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ ഭാഷയും സംസ്കാരവുമെല്ലാം പ്രമേയത്തോട് കൂടുതൽ ചേർന്ന് നിൽക്കുന്ന തരത്തിൽ മലബാറിന്റെ ഭാഷ സംസാരിക്കുന്ന സിനിമകളാണ് ജിയോ ബേബിയുടെ 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ', 'ഫ്രീഡം ഫൈറ്റ്', മുസ്തഫയുടെ 'കപ്പേള', ഷഹാദ് നിലമ്പൂരിന്റെ 'പ്രകാശൻ പറക്കട്ടെ' തുടങ്ങിയവ. ഷാനവാസ് കെ ബാവക്കുട്ടിയുടെ 'കിസ്മത്ത്' പൊന്നാനി പശ്ചാത്തലത്തിൽ ചിത്രീകരിക്കപ്പെട്ടതാണ്. സക്കറിയയുടെ 'സുഡാനി ഫ്രം നൈജീരിയ'-യാണ് മലപ്പുറം ഭാഷയെ മികച്ച രീതിയിൽ ഉപയോഗപ്പെടുത്തിയ സമീപകാലചിത്രം. മുഹ്സിൻ പരാരിയുടെ 'കെഎൽ 10', ഖാലിദ്റഹ്മാന്റെ 'തല്ലുമാല' എന്നിവ മലപ്പുറത്തിന്റെ പ്രാദേശികത ഉൾക്കൊണ്ട് നിർമ്മിക്കപ്പെട്ടവയാണ്. മലപ്പുറം-തൃശ്ശൂർ ജില്ലാ അതിർത്തിയിലെ  ചെറുപ്പക്കാരുടെ വാമൊഴിപ്രയോഗങ്ങൾ

തല്ലുമാലയിൽ കാണാവുന്നതാണ്. സ്കൂൾ - ഇസ്കൂൾ, മുകളിലേക്ക് - മോള്ക്ക്, നിനക്ക് - അനക്ക്, അവൾക്ക് - ഓൾക്ക്, മണവാളൻ - പുത്യാപ്ലാ, കരയുക - നോലോള്ക്യാ, ചങ്ങാതി- ചെങ്ങായി എന്നിങ്ങനെയുള്ള നിരവധി വാമൊഴികൾ ഈ ദേശത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ സൂചിപ്പിക്കുവാനായി ഈ സിനിമകളിൽ ഉപയോഗിച്ചിട്ടുണ്ട്.

പത്മകുമാറിന്റെ ജോസഫ്, മാർട്ടിൻ പ്രക്കാട്ടിന്റെ ചാർലി, ആഷിഖ് അബുവിന്റെ ഇടുക്കിഗോൾഡ്, അമൽനീരദിന്റെ വരത്തൻ, ദിലീഷ് പോത്തന്റെ മഹേഷിന്റെ പ്രതികാരം എന്നിങ്ങനെ നിരവധി സിനിമകളിൽ ഇടുക്കി ചിത്രീകരിക്കുന്നുണ്ട്. തേക്കടിയും മൂന്നാറുമൊക്കെ സിനിമയിൽ കണ്ട് പരിചയിച്ച ഇടുക്കിയിലെ സ്ഥലങ്ങളാണെങ്കിൽ ഇപ്പോൾ പശ്ചാത്തലമാകുന്നത് അത്രയൊന്നും പരിചിതമല്ലാത്ത ഇടങ്ങളാണ്. കോട്ടയം, ഇടുക്കി ജില്ലകളിലെ പല ആളുകളും 'ഭ്' യ്ക്ക് 'ഫ' എന്നാണ് ഉച്ചരിക്കുന്നത്. കുടിയേറ്റക്കാരുടെ ജീവിതം, കർഷകരുടെപ്രശ്നങ്ങൾ,  പ്രവാസജീവിതം, ഗോത്രസംസ്കാരം,  എന്നിങ്ങനെയുള്ള നിരവധികാഴ്ചകൾ ഇടുക്കിപശ്ചാത്തലമായുള്ള സിനിമകളിൽ കടന്നുവരുന്നുണ്ട്.

സിനിമകളിലെ പ്രാദേശികഭാഷകളെക്കുറിച്ചുള്ള അന്വേഷണം പ്രാദേശികചരിത്രത്തിന്റെ സൂക്ഷ്മചരിത്രത്തിലേക്ക് നമ്മെ നയിക്കും. നാട്, സമുദായം, ആചാരം, ജാതി എന്നിങ്ങനെയുള്ള നിരവധി സൂക്ഷ്മഘടകങ്ങളിലൂടെ താഴെത്തട്ടിൽനിന്ന് ഉപരിലോകത്തിലേക്ക് നോക്കുന്ന നോട്ടമായി ഇത്തരം അന്വേഷണങ്ങൾ മാറും. പുതിയ നിരവധി പ്രദേശങ്ങളുടെ ദൃശ്യപ്പെടലുകൾ കേരളമെന്ന ദേശത്തിന്റെ വൈവിധ്യങ്ങളുടെ ചേർത്തുപിടിക്കലാണെന്നാണ് തിരിച്ചറിയേണ്ടത്. സമകാലിക മലയാളസിനിമകളിലെ ഇത്തരം മാറ്റങ്ങൾ ജനാധിപത്യത്തിന്റെ, ബഹുസംസ്കാരത്തിന്റെ ദൃശ്യപ്പെടലാണെന്ന് മനസ്സിലാക്കാം. ❑

# മാധ്യമഭാഷയുടെ രൂപാന്തരീകരണം

**സമൂഹമാധ്യമങ്ങളുടെ ഭാഷയും ഘടനയും പരമ്പരാഗത മാധ്യമഭാഷയെ സ്വാധീനിക്കാൻ തുടങ്ങിയിരിക്കുന്നു.**



എസ്.ആർ സഞ്ജീവ് /അസി. പ്രൊഫസർ, ജേർണലിസം ആൻഡ് മാസ് കമ്യൂണിക്കേഷൻ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം

വ്യവഹാര ഭാഷ അനൗപചാരികമാണ്, മാധ്യമഭാഷയാകട്ടെ ശൈലീകൃതവും. മാധ്യമങ്ങൾ ബഹുജനങ്ങളോടാണ് വിനിമയം ചെയ്യുന്നത്. വിനിമയം ചെയ്യപ്പെടുന്നത് സാമൂഹ്യപ്രസക്തമായ വിവരങ്ങളാണ്. ഈ പ്രക്രിയയ്ക്ക് ഭാഷ കൊണ്ട് പൊതുവായ ചട്ടക്കൂടൊരുക്കുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത്. അവതരണശൈലിയെക്കാൾ വസ്തുതകൾക്കാണിവിടെ പ്രാധാന്യം. സംഭവങ്ങളുടെ വാങ്മയചിത്രം സാഹിത്യഗുണമുള്ള നരേറ്റീവുകളുടെ പിൻബലത്തോടെ അവതരിപ്പിക്കൽ ദൈനംദിന വാർത്താവ്യവഹാരത്തിൽ ആവശ്യമില്ല. മാധ്യമപ്രവർത്തനത്തിൽ സർഗാത്മക എഴുത്തിന്റെ ആവശ്യമില്ല. ദിവസേനയുള്ള റിപ്പോർട്ടിംഗിൽ നിറമുള്ളതും ഭാവനയുള്ള ഭാഷാപ്രയോഗങ്ങളും വസ്തുതകളെ ലഘൂകരിക്കും. പുതിയ വിവരങ്ങൾ, മറ്റാരും കാണാത്ത ആംഗിൾ തുടങ്ങിയവയിലാണ് മാധ്യമപ്രവർത്തനത്തിലെ സർഗാത്മകതയിരിക്കുന്നത്. അവിടെ ഭാഷയ്ക്ക് രണ്ടാം സ്ഥാനമേയുള്ളൂ.

## അച്ചടിമാധ്യമം-ശൈലിയുടെ പരിമിതികൾ

വർത്തമാന പത്രങ്ങളിലെ ഹാർഡ് ന്യൂസ് സംഭവങ്ങളുടെ നിർവികാരമായ അവതരണമാണെങ്കിലും അവയിൽ പക്ഷപാതിത്വം ആരോപിക്കപ്പെടാറുണ്ട്. എങ്കിലും അച്ചടിക്ക് സ്ഥിരത എന്ന ഗുണമുണ്ട്. വർത്തമാന പത്രങ്ങളുടെ സംഭവകഥനം മനസ്സിൽ പുനരാഖ്യാനം ചെയ്യാൻ വായനക്കാർ സന്നദ്ധരാണ്. വസ്തുതാവതരണം എന്ന ഒറ്റ ലക്ഷ്യം മാത്രമാകുമ്പോൾ അച്ചടിമാധ്യമത്തിലെ ഭാഷ അങ്ങേയറ്റം ശൈലീകൃതമാകുന്നു. സംഭവങ്ങൾ വാർത്തയെഴുത്തിന്റെ ഭാഷയെ നിയന്ത്രിക്കാറുണ്ട്. ആറ് ചോദ്യങ്ങളിൽ ഏതു ചോദ്യത്തിനാണ് ഊന്നലെന്നതും ഭാഷയെ മാറ്റിമറിക്കാറുണ്ട്. ജീവിതഗന്ധിയായ വിഷയങ്ങൾ വരുമ്പോൾ വാർത്തയുടെ ഭാഷ സ്വാഭാവികമായി തന്നെ വികാരപരമാകാറുണ്ട്.

ഫീച്ചറെഴുത്തിൽ എങ്ങനെ, എന്തുകൊണ്ട് എന്ന ചോദ്യങ്ങൾ കൂടുതൽ മിഴിവോടെ പുറത്തേക്കു വരുന്നതായി കാണാം. അവിടെ വാർത്തയെഴുത്തുകാരന്റെ നിരീക്ഷണപാടവത്തിനും അനുഭവത്തിനും നിഗമനത്തി





നം പരിഗണനയുണ്ട്. വൈയക്തികത അഥവാ സബ്ജ ക്റ്റിവിറ്റി കടന്നുവരുന്ന ഇത്തരം സന്ദർഭങ്ങളിൽ അച്ചടി മാധ്യമത്തിലെ എഴുത്തുഭാഷ പുതുജീവൻ കൈവരിക്കുന്നു. ഇതരമാധ്യമങ്ങളുടെ സ്വാധീനം ഇന്നത്തെ അച്ചടിമാധ്യ മത്തിന്റെ വാർത്തയെഴുത്തിന്റെ ശൈലി രൂപാന്തരപ്പെടുത്തുന്നതായാണ് അനുഭവം. ദീർഘസം ഭാഷണങ്ങളും ദീർഘലേഖനങ്ങളും അലങ്കാരബദ്ധമായ ഹാർഡ് ന്യൂസ് റിപ്പോർട്ടിംഗും ഇന്നത്തെ അച്ചടിമാധ്യ മത്തിന് അന്യമല്ല.

## ദൃശ്യമാധ്യമങ്ങളിലെ ദൃശ്യതാരാഹിത്യം

ഇന്ത്യൻ ടെലിവിഷൻ, മാധ്യമരൂപമെന്ന നിലയ്ക്ക് ടെലിവിഷനുള്ള ശക്തി മറന്നുപോവുകയും അത് സംസാരി ക്കുന്ന തലകളുടെ ഒരു പെട്ടി മാത്രമായി ചുരുക്കുകയും ചെയ്തതോടെ ടെലിവിഷൻ മാധ്യമവ്യവഹാരത്തിൽ സംസാരഭാഷയുടെ പ്രയോഗവും പ്രയോഗവൈകല്യവും മാത്രമാണ് ചർച്ച ചെയ്യപ്പെടുന്നത്. ദൃശ്യത എന്ന ഗുണം പരിഗണിക്കാതെ ടെലിവിഷൻ ഭാഷയെ വിശദീകരിക്കാ നാവില്ല. ദൃശ്യങ്ങൾ പറയുന്ന കഥയിൽ വിട്ടുപോയ ഭാഗം പൂരിപ്പിക്കൽ മാത്രമാണ് എഴുത്തുഭാഷയുടെ കടമ.

ശൈലീകൃതമായ അച്ചടിമാധ്യമഭാഷ വായിക്കുന്നതാ വണം ടെലിവിഷൻ ദൃശ്യഭാഷ എന്ന പഴയ സ്കൂളിൽ നിന്നാണ് ടെലിവിഷൻ ഭാഷയിലെ വൈകല്യങ്ങളുടെ കുത്തൊഴുക്കിന്റെ പട്ടിക പുറത്തേയ്ക്കുവരുന്നത്. ഇവിടെ മനസ്സിലാക്കേണ്ടത് വീട്ടകത്തിന്റെ സ്വകാര്യതയിൽ ടെലിവിഷൻ വാർത്ത കാണുന്ന പ്രേക്ഷകനോട് വാർത്താ വതാരകൻ നടത്തുന്ന നേരിട്ടുള്ള വിനിമയത്തിലൂടെയാണ് വാർത്തയുടെ റിപ്പോർട്ടിംഗ് നടക്കുന്നത് എന്ന കാര്യമാണ്. അവതാരകന്റെ നേരിട്ടുള്ള സാന്നിധ്യം വാക്കുകൾ കൊണ്ടുള്ള വിനിമയം മാത്രമല്ല സാധ്യമാക്കുന്നത്. അംഗചലനം, മുഖഭാവം എന്നു വേണ്ട, ശരീരഭാഷയുടെ സാധ്യതകൾ കൂടി വാർത്താവതാരകൻ ഈ വിനിമയ ത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. അതുകൊണ്ടുതന്നെ അത് ഏറെക്കുറെ അനൗപചാരികമാകുന്നു. അനൗപചാ രികമായ വിനിമയഭാഷ കൂടുതൽ സംവേദനക്ഷമമാണ്. ഒരു പ്രദേശത്തിനു മുഴുവൻ സ്വീകാര്യമായ, കൃത്രിമമല്ലാത്ത, അനൗപചാരികമായ ഭാഷാചട്ടക്കൂട് ടെലിവിഷൻ നിർമ്മി ച്ചെടുക്കേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ തുടർന്നുവരികയാണ്.

## സമൂഹമാധ്യമം-സംവാദം ഹൃദയത്തോട്

ആനുകാലിക രാഷ്ട്രീയത്തിന്റെ പൊതുജനാഭിപ്രായ രൂപീകരണത്തിലും പൊതുമുന്നേറ്റങ്ങളിലും സമൂഹമാധ്യമ ങ്ങൾ വിപ്ലവകരമായ ഇടപെടലുകളാണ് നടത്തുന്നത്. പരമ്പരാഗത മാധ്യമങ്ങൾക്ക് പലപ്പോഴും കാലാളിന്റെ റോളേയുള്ളു. സമൂഹമാധ്യമത്തിന്റെ ഈ മുന്നേറ്റത്തിൻ കാരണമെന്തെന്നറിയണമെങ്കിൽ അവയുടെ സംവേദന സ്വഭാവം കൃത്യമായി മനസ്സിലാക്കേണ്ടതുണ്ട്. അച്ചടി, ദൃശ, ശ്രവ്യ മാധ്യമങ്ങളുടെ സംഗമമാണ് സമൂഹമാധ്യമങ്ങളിൽ നടക്കുന്നത്. സമൂഹമാധ്യമ ഉപഭോഗത്തിന്റെ പ്രധാന ഉപകരണം സ്മാർട് ഫോണുകളായി മാറിക്കഴിഞ്ഞു. ശൈലീബദ്ധമായ അച്ചടിമാധ്യമച്ചിട്ടയെ മറികടക്കുന്ന, കൂടുതൽ സംവേദനക്ഷമമായ ഭാഷയാണ് സമൂഹമാധ്യമം നിങ്ങളിൽനിന്ന് പുറത്തെടുക്കുന്നത്. ഇവിടെ മാധ്യമഭാഷയു ടെ സ്രഷ്ടാവ് നിങ്ങളാണ്. നിങ്ങൾ ഒരേസമയം മാധ്യമപ്ര വർത്തകനും മാധ്യമ ഉപഭോക്താവുമാകുന്നു.

## സമൂഹമാധ്യമവും പൊതുമണ്ഡലവും

സമൂഹമാധ്യമങ്ങളിൽ യുക്തിസഹം എന്ന വാക്കിന് എത്രമാത്രം പ്രസക്തിയുണ്ടെന്ന കാര്യം ചിന്താവിഷയ മാണ്. നൈമിഷികമായ വികാരപ്രകടനങ്ങൾ പലപ്പോഴും യുക്തിസഹമായ പ്രതികരണങ്ങളെ ഇല്ലാതാക്കുന്നു. അതുകൊണ്ടാണ് വർഗ്ഗീയസംഘർഷങ്ങളെ ഭയന്ന് സമൂഹമാധ്യമങ്ങളെ നിരോധിക്കേണ്ടി വരുന്നത്. സമൂഹമാ ധ്യമങ്ങളുടെ ഭാഷയും ഘടനയും പരമ്പരാഗത മാധ്യമഭാ ഷയെ സ്വാധീനിക്കാൻ തുടങ്ങിയിരിക്കുന്നു. അച്ചടിമാധ്യമം ദീർഘപാഠം അഥവാ ലോംഗ്ഫോം നറേറ്റീവിന്റെയും വൈയക്തികതയുടെയും ദൃശ്യതയുടെയും സാധ്യതകൾ തേടുകയാണ്. ദൃശ്യമാധ്യമങ്ങൾ ദൃശ്യഭാഷയേയും ശരീരഭാ ഷയേയും പിന്തുടർന്ന് പുതിയ സംവേദനതലങ്ങൾ തേടുക യാണ്. ഇവ രണ്ടും ഡിജിറ്റൽ മാധ്യമങ്ങളുടെ കേന്ദ്രസ്ഥാ നത്ത് സ്വയം പ്രതിഷ്ഠിക്കാൻ ശ്രമിക്കുകയാണ്. ഡിജിറ്റൽ ലോകത്തെ ആശയവിനിമയം സാമൂഹ്യ, രാഷ്ട്രീയ ബന്ധ ങ്ങളെ പൊളിച്ചെഴുതിക്കൊണ്ടിരിക്കുകയാണ്. സാമൂഹിക മാധ്യമ ഉപഭോക്താക്കൾ അവയെ സ്വജീവിതത്തിലേയ്ക്ക് എത്രമാത്രം സ്വീകരിക്കുമെന്നതിനെ ആശ്രയിച്ചായിരിക്കും ഭാവിരാഷ്ട്രീയവും സാമൂഹികജീവിതവും രൂപപ്പെടുക. ❑

കടപ്പാട് : ഭാഷാസാഹിതി

# വഴിമാറുന്ന വാക്കുകൾ

**ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവും വിവേചനപരവുമായ പദങ്ങളും പ്രയോഗങ്ങളും ഭരണഭാഷയിൽനിന്ന് ഒഴിവാക്കാനാണ് സംസ്ഥാനസർക്കാർ ശ്രമിക്കുന്നത്.**

**ഡോ. ആർ. ശിവകുമാർ** /ഭാഷാ വിദഗ്ധൻ, ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗികഭാഷ) വകുപ്പ്

വ്യക്തിയുടെയും സമൂഹത്തിന്റെയും സ്വത്വത്തിന്റെ അടയാളമായ മാതൃഭാഷ മാനുഷികാനുഭവങ്ങളുടെ പങ്കുവയ്ക്കൽ, ചിന്താധാരകളുടെ വിനിമയം തുടങ്ങി മനുഷ്യന്റെ പ്രധാനപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉപാധിയാണ്. വ്യക്തിയുടെ ചിന്തകളും സങ്കല്പങ്ങളും ആവിഷ്കരിക്കുന്നതിനുള്ള മാധ്യമം മാതൃഭാഷയാണ്. ആശയവിനിമയത്തിലൂടെയാണ് വ്യക്തിബന്ധങ്ങളും സാമൂഹികബന്ധങ്ങളും രൂപപ്പെടുന്നത്. സാമൂഹിക പരിവർത്തനങ്ങൾ ഭാഷോപയോഗത്തിലെ പരിവർത്തനങ്ങൾക്കും കാരണമാകുന്നു.

ഒരു ഭൂവിഭാഗത്തിന്റെ രാഷ്ട്രീയചരിത്രവും ഭാഷയും തമ്മിലുള്ള ബന്ധം പരസ്പരപൂരകമാണ്. ഇന്ത്യയിൽ അധിനിവേശശക്തികളുടെ കടന്നുകയറ്റമാണ് ഭാഷയിലും സംസ്കാരത്തിലും വ്യതിയാനങ്ങൾ സൃഷ്ടിച്ചത്. സാമ്രാജ്യത്വശക്തികൾ കോളനിവൽക്കരണത്തിലൂടെ ഭാഷാപരമായ അടിമത്തമാണ് സൃഷ്ടിക്കുന്നത്. നവീനവിദ്യാഭ്യാസത്തിന്റെ മറവിലാണ് അടിമരാഷ്ട്രങ്ങളുടെമേൽ സാമ്രാജ്യത്വശക്തികൾ അവരുടെ സംസ്കാരവും ഭാഷയും വ്യാപിപ്പിച്ചത്.

അധിനിവേശശക്തികൾ ഓരോ രാജ്യത്തുമുള്ള പ്രദേശവാസികളുടെ മനസ്സിൽ അവരുടെ ഭാഷ കീഴാളഭാഷയാണെന്നും, അവികസിതമായ അതിനെ നാട്ടുഭാഷ എന്നുമാത്രം വിളിക്കാവുന്നതും അതിന്റെ സാഹിത്യം പ്രാകൃതമാണെന്നുമുള്ള ധാരണ വളർത്തിയെടുത്തു എന്നുള്ളത് വിചിത്രമായ സംഗതിയാണ്.[1]

> ജനങ്ങളുടെ ആവശ്യങ്ങൾ നടപ്പാക്കിക്കിട്ടുന്നതിന് ഉദ്യോഗസ്ഥരോട് 'താഴ്മയായി' അപേക്ഷിക്കേണ്ട ആവശ്യമില്ല,

## നാട്ടുവാഴിത്തവും ആചാരഭാഷയും

അധികാരിവർഗവും അടിയാളവർഗവും രണ്ടായി നിലകൊണ്ട സാമൂഹികശ്രേണീകരണത്തെ ഭാഷയിൽ അഭിവ്യക്തമാക്കുന്നത് ആചാരഭാഷയാണ്. ഫ്യൂഡൽ കാലഘട്ടത്തിലെ വ്യവഹാരഭാഷയിൽ ഇതു ദൃഢമായിരുന്നു. മേലാളരും കീഴാളരും രണ്ടായി നിലനിന്ന കോളനിവാഴ്ചക്കാലം വരെ ഈ ഭാഷാരീതി തുടർന്നു. ജാതീയവും സാമൂഹികവുമായ അസമത്വങ്ങൾ നിറഞ്ഞുനിന്ന സമൂഹത്തിന്റെ ഭാഷയിലെ അടയാളങ്ങളാണ് ആചാരപദങ്ങൾ. 'പ്രഭുത്വത്തിനോടും അധികാരത്തിനോടും അതിയായ ആദരം കാണിക്കുന്നതിനോടൊപ്പം, വക്താവിന്റെ ആശ്രിതഭാവം വ്യക്തമാക്കാനായിരുന്നു ഈ ഭാഷ ഉപയോഗിച്ചിരുന്നത്.'[2] രാജാവിനെ തിരുമേനി, തിരുമനസ്സ്, തിരുവടികൾ, തിരുനാൾ എന്നിങ്ങനെയാണ് വിളിച്ചിരുന്നത്. രാജാവിന്റെ മനസ്സ് തിരുവുള്ളം തിരുവുള്ളമുണ്ടാകുക എന്നുപറഞ്ഞാൽ തീരുമാനിക്കുക എന്നർത്ഥം. തിരുനാഴി രാജാവിന്റെ മോതിരവും അമൃതേത്ത് രാജാവിന്റെ ഭക്ഷണവുമാണ്.[3] അവസ്ഥ-സ്ഥാനമാനം, ഉണർത്തിക്കുക-അറിയിക്കുക, കേൾപ്പിക്കുക-ആജ്ഞാപിക്കുക, തൂല്യംചാർത്തുക-രാജാവ് ഒപ്പുവയ്ക്കുക എന്നിങ്ങനെ ആചാരപദങ്ങൾ ധാരാളമുണ്ട്. രാജാവിന്റേത് അമൃതേത്താണെങ്കിൽ അടിയാളരുടേത് കരിക്കാടിയാണ്. രാജാവ് തിരുമുത്തുവിളക്കുമ്പോൾ അതേ സാമൂഹിക വ്യവസ്ഥിതിയിൽ അതേ തലത്തിൽപ്പെടാത്തവർ പല്ലുതേയ്ക്കുക/ഉമിക്കരിയുരയ്ക്കുകയാണു ചെയ്യുന്നത്. തമ്പുരാക്കന്മാരുടെ കുളിക്കും ഭക്ഷണത്തിനും ഉറക്കത്തിനും ശ്രേഷ്ഠതയുണ്ടായിരുന്നതിനാൽ അവ നീരാട്ടും അമൃതേത്തും പള്ളിയുറക്കവുമായി. ഭൃത്യന്മാർക്ക് നിലംപൊത്താനേ അവകാശമുണ്ടായിരുന്നുള്ളൂ. എടപ്രഭുക്കന്മാരുടെ കുളി കുളംകലക്കലാണെങ്കിൽ കീഴാളരുടേത് ചേറുനനയ്ക്കലാണ്.[4]

വലിയവനും എളിയവനും തമ്മിലുള്ള ബന്ധത്തിനകത്താണ് ആചാരപദങ്ങളുടെ നില. വർഗം, ജാതി, ലിംഗം തുടങ്ങിയ സാമൂഹികഭേദങ്ങൾ (social variables) ആചാരഭാഷയിൽ കാണാം. അടിയാളവർഗത്തിന്റെ അംഗീകരിക്കപ്പെടേണ്ട പ്രവൃത്തികൾ പോലും,



ആചാരഭാഷയിലെ പദപ്രയോഗത്തിലൂടെ ഇകഴ്ത്ത പ്പെടുന്നു. പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിൽ മേലാള-കീഴാളഭേദമെന്യേ വിദ്യാഭ്യാസം ലഭ്യമായി. സാധാരണക്കാരന്റെ ഭാഷയ്ക്കു മെച്ചപ്പെട്ട സ്ഥാനം കൈവന്നു. വിദ്യാഭ്യാസം നേടിയവർക്ക് നീതിനിർവഹണ ത്തിനും കരം വസൂലാക്കലിനും അധികാരം ലഭിച്ചു. സമൂഹത്തിൽ മേലാള-കീഴാള അന്തരം കുറയുകയും ആചാരഭാഷയുടെ പ്രസക്തി നഷ്ടപ്പെടുകയും ചെയ്തു. കോളനിവാഴ്ചയ്ക്കുശേഷം ജനാധിപത്യഭരണ സംവിധാനം നിലവിൽ വന്നപ്പോൾ ഭരണരംഗത്ത് അധികാരശ്രേണി (hierarchy)യുമായി ബന്ധപ്പെട്ട പദപ്രയോഗ രീതികളുണ്ടെ ങ്കിലും ആചാരഭാഷ ഇല്ലാതായി.[5]

## താഴ്മയായി അപേക്ഷിക്കേണ്ടതില്ല

'നിരവധി മനുഷ്യരെ അപകൃഷ്ടരും അപ്രസക്തരുമാ ക്കുന്ന പല മാനദണ്ഡങ്ങളും പൊളിച്ചെഴുതുകയും ശ്രേണീ കരണങ്ങളെ നിരാകരിക്കുകയും ചെയ്യുന്ന ജനാധിപത്യ സംസ്കാരം'[6] ഭരണഭാഷയിലും രൂപപ്പെടേണ്ടതുണ്ട്. ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവും വിവേച നപരവുമായ പദങ്ങളും പ്രയോഗങ്ങളും ഭരണസംവിധാന ത്തിൽനിന്ന് തിരസ്കരിക്കേണ്ടിവരുന്നത് ഈ സാഹചര്യ ത്തിലാണ്. ജനങ്ങളുടെ ആവശ്യങ്ങൾ നടപ്പാക്കിക്കിട്ടുന്നതിന് ഉദ്യോഗസ്ഥരോട് 'താഴ്മയായി' അപേക്ഷിക്കേണ്ട ആവശ്യമില്ല, പകരം 'അപേക്ഷിക്കുന്നു/ അഭ്യർഥിക്കുന്നു' എന്നുപയോഗിക്കണമെന്ന് വകുപ്പ് തലവന്മാർക്ക് കേരള സർക്കാർ നിർദേശം നൽകിയിട്ടു ണ്ട്. ഹരിജൻ, ഗിരിജൻ, ദളിത് എന്നീ പദങ്ങൾ ഭരണഘട നാ വിരുദ്ധമായതിനാൽ അതിനുപകരം കത്തിടപാടുകളി ലും പ്രസിദ്ധീകരണങ്ങളിലും പട്ടികജാതി, പട്ടികഗോത്രവർഗം എന്നീ പദങ്ങൾ മാത്രമേ ഉപയോഗി ക്കാൻ പാടുള്ളൂ. കീഴാളർ എന്ന പദം ഒഴിവാക്കണമെന്നും നിർദേശമുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളെ ഭിന്നലിം ഗം, മൂന്നാംലിംഗം, ഭിന്നലൈംഗികം എന്നിങ്ങനെ അഭിസം ബോധന ചെയ്യാനും പാടില്ല. തത്തുല്യമായ പദം ലഭിക്കുന്ന തുവരെ 'ട്രാൻസ്ജെൻഡർ' എന്നുപയോഗിക്കണമെന്ന ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

വികലാംഗർക്കുപകരം വ്യക്തികളുടെ ഇതരകഴിവുക ളെ അംഗീകരിക്കുന്ന വിധത്തിൽ 'ഭിന്നശേഷിക്കാരായ വ്യക്തികൾ' ((persons with disabilities) എന്നെഴുതുന്ന രീതിയാണ് ഇന്ന് ഭരണരംഗത്തുള്ളത്. ഭിന്നശേഷിക്കാരു ടെ അവകാശ ആക്ട്,2016 (The Rights of Persons with Disabilities Act, 2016), ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മിഷണറേറ്റ് (The State CommissionerateFor Persons With Disabilities)എന്നി ങ്ങനെയാണ് രേഖപ്പെടുത്തുന്നത്. അംഗപരിമിത ർ(physically challenged), കാഴ്ചപരിമിതിയുള്ളവർ (visually impaired), മാനസിക വെല്ലുവിളി നേരിടുന്നവ ർ(mentally challenged) എന്നിങ്ങനെ പ്രയോഗതലത്തിൽ മാറിവന്ന പദങ്ങൾ ധാരാളമുണ്ട്.

കേരളത്തിലെ ഭരണരംഗത്തെ കത്തിടപാടുകളിൽ 'സർ'/'മാഡം' എന്ന് അഭിസംബോധന ചെയ്യണമെന്നാ ണ് വ്യവസ്ഥ. ജനങ്ങൾ 'സർ'/'മാഡം' എന്നാണ് ഉദ്യോഗ സ്ഥരെ അഭിസംബോധന ചെയ്യുന്നത്. തിരിച്ച് ജനങ്ങളെ യും അതേപടി അഭിസംബോധന ചെയ്യേണ്ട ഉത്തരവാദിത്വം ഉദ്യോഗസ്ഥർക്കുണ്ടെന്ന വിസ്മരിക്കരുത്. 'കാലതാമസം മാപ്പാക്കുന്നതിന്' എന്നതിനുപകരം 'കാലതാമസം പരിഗണിക്കാതെ അപേക്ഷയിൽ തീരുമാന മെടുക്കുന്നതിന്' എന്ന് ഉപയോഗിക്കണമെന്നാണ് നിർദേശം. അതുപ്രകാരം മാപ്പ്, മാപ്പപേക്ഷ, മാപ്പാക്കണം തുടങ്ങിയ വാക്കുകൾ അപേക്ഷാഫാറങ്ങളിൽനിന്ന് നീക്കം ചെയ്യുന്നതാണ്. അപേക്ഷാഫാറങ്ങൾ ലിംഗനിഷ്പക്ഷത (gender neutral)യുള്ളതാക്കാൻ നിർദേശം നൽകിയിട്ടു ണ്ട്. ഹർജികളിലും ഉത്തരവുകളിലും വിധിന്യായങ്ങളിലും ലിംഗ അസമത്വം പ്രകടമാക്കുന്ന, പ്രത്യേകിച്ച് സ്ത്രീകളുമായി ബന്ധപ്പെട്ട പതിവുപ്രയോഗങ്ങൾ പരിഷ്കരിക്കുന്നതിന് കൈപ്പുസ്തകം പ്രസിദ്ധീകരിച്ച സുപ്രീംകോടതിയുടെ ഇടപെടൽ കാലത്തിന്റെ അനിവാര്യതയാണ്.

നമ്മുടെ ഭാഷാബോധ്യങ്ങളിൽ മാറ്റം വേണ്ട മേഖലകൾ ധാരാളമുണ്ട്. ജനാധിപത്യ സംവിധാനത്തിൽ അത് അത്യന്താപേക്ഷിതവുമാണ്. 'വിഭാഗീയതയുടെ പക്ഷങ്ങൾക്ക് കീഴ്പ്പെടാത്തതും സ്വാതന്ത്ര്യത്തിന്റെയും പരസ്പരാംഗീകാരത്തിന്റെയും ചൈതന്യം പേറുന്നതുമായ ഭാഷണശീലങ്ങൾ ചിട്ടപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും'[7] ശ്രദ്ധ കൊടുത്താലേ ജനാധിപത്യ ത്തിന്റെ ശരിയായ അന്തഃസത്ത ഉയർത്തിപ്പിടിക്കാനാകൂ.


**കുറിപ്പുകൾ**

1. BhishamSahni, Literature and Society, Afro-Asian Writers Association, 1989
2. ഉഷാ നമ്പൂതിരിപ്പാട്, ഡോ., സാമൂഹികഭാഷാ വിജ്ഞാനം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994
3. ജോസഫ്, പി.എം., മലയാളത്തിലെ പരകീയപദങ്ങൾ, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015
4. കുമാരൻ വയലേരി, ഡോ., ഭാഷയും സമൂഹവും, കോഴിക്കോട്:പാപ്പിയോൺ, 2004
5. ശിവകുമാർ, ആർ., ഡോ., ഭാഷാവികസനത്തിന്റെ ജനാധിപത്യവഴികൾ, തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2022

6/7 സീമാജെറോം, ഡോ., 'വിഭാഗീയതയുടെഭാഷാബോധ്യങ്ങൾ' സർക്കുലർ നം.172/എ.ആർ 13(2)/2022/പി&എ.ആർ.ഡി തീയതി 7.11. 2022

# ഭരണഭാഷാനയവും സാക്ഷാൽക്കാരവും

**ഭരണരംഗത്ത് മലയാളത്തിന്റെ പദവിയും പ്രാധാന്യവും ഉറപ്പുവരുത്താൻ ശക്തമായ നടപടികളാണ് കേരളസർക്കാർ സ്വീകരിച്ചുവരുന്നത്.**

**കൃഷ്ണകുമാർ വി.ആർ.** /ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്



ജനാധിപത്യസംവിധാനത്തിൽ ജനങ്ങളുമായുള്ള ആശയ വിനിമയം മാതൃഭാഷയിലായിരിക്കണം. അതുകൊണ്ടു തന്നെ കേരളത്തിലെ ഭരണനടപടികൾ മലയാളത്തിലായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഭരണരംഗത്ത് മലയാളത്തിന്റെ പദവിയും പ്രാധാന്യവും ഉറപ്പുവരുത്താൻ ശക്തമായ നടപടികളാണ് കേരളസർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തിലെ ഭരണഭാഷ മലയാളമാക്കുന്നതിനു വേണ്ടി ആദ്യം യത്നിച്ചത് ഇ.എം.എസ് സർക്കാരാണ്. ഭരണഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച പഠനം നടത്തുന്നതിനു വേണ്ടി ഇ.എം.എസ് സർക്കാർ 1957 ൽ കോമാട്ടിൽ അച്യുതമേനോന്റെ അധ്യക്ഷതയിലുള്ള ഒരു കമ്മറ്റിയെ നിയോഗിച്ചു."ജനങ്ങൾക്കു വേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം ഏതു വിഷയം അധികരിച്ചുള്ളതായാലും ജനങ്ങളുടെ ഭാഷയിൽത്തന്നെ വേണമെന്നുള്ളത് നിർവിവാദമായ സംഗതിയാണ്' എന്നാണ് കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റി അഭിപ്രായപ്പെട്ടത്. ആ കമ്മിറ്റി 1958 ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്.

1969 ജനുവരി 10 നാണ് കേരള ഔദ്യോഗിക ഭാഷകൾ ആക്ട് നിലവിൽ വന്നത്. ഇതനുസരിച്ച് സംസ്ഥാനത്തിന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട ഭാഷകൾ മലയാളവും ഇംഗ്ലീഷുമാണ്. ഒരു വകുപ്പിൽ മലയാളം ഭരണഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്ന വകുപ്പ് കൂട്ടിച്ചേർത്തുകൊണ്ട് പ്രസ്തുത ആക്ട് 1973 ൽ ഭേദഗതി ചെയ്തു. 2014 ഡിസംബർ 31 വരെ 77 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും 96 അർധസർക്കാർ, സ്വയംഭരണ, പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കണം എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് നാളിതുവരെ മലയാളം ഭരണഭാഷയാക്കിയിട്ടില്ലാത്ത വകുപ്പുകളിലും സ്ഥാപനങ്ങളിലും ഇനി രൂപവൽക്കരിക്കുന്ന വകുപ്പുകളിലും സ്ഥാപനങ്ങളിലും കൂടി മേൽപ്പറഞ്ഞ വ്യവസ്ഥ

ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇംഗ്ലീഷിന്റെ ഉപയോഗവും ഇംഗ്ലീഷിലുള്ള കത്തിടപാടുകളും അനിവാര്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ സാഹചര്യങ്ങളിൽ ഇംഗ്ലീഷ് ഉപയോഗിക്കാമെന്ന് വ്യക്തത വരുത്തി 2015 ൽ ഉത്തരവ് പുറപ്പെടുവിച്ചു.

## പ്രധാനപ്പെട്ട ഉത്തരവുകൾ

ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ വകുപ്പിലെ ചട്ടങ്ങൾ, കോഡുകൾ, മാന്വലുകൾ, ഫോറങ്ങൾ തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകൾ തന്നെ പരിഭാഷപ്പെടുത്തി ഔദ്യോഗികഭാഷാവകുപ്പിന്റെ പരിശോധനയ്ക്ക് നൽകണം. ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി വിവിധ തലങ്ങളിൽ ഔദ്യോഗികഭാഷാസമിതികൾ രൂപവൽക്കരിക്കണം, മന്ത്രിസഭാ യോഗത്തിലേക്കുള്ള കുറിപ്പുകളും മന്ത്രിസഭാ തീരുമാനങ്ങളും മലയാളത്തിലായിരിക്കണം, സർക്കാർ ഓഫീസുകളിൽ ഉപയോഗിക്കുന്ന ഫോറങ്ങൾ ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശം നിലനിർത്തി ദ്വിഭാഷയിൽ അച്ചടിക്കണം തുടങ്ങി നിർദേശങ്ങൾ നിരവധിയുണ്ട്.

> **ഭരണരംഗത്ത് മലയാളത്തിന്റെ പദവിയും പ്രാധാന്യവും ഉറപ്പുവരുത്താൻ ശക്തമായ നടപടികളാണ് കേരളസർക്കാർ സ്വീകരിച്ചുവരുന്നത്.**

കേരള പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന എല്ലാ എഴുത്തുപരീക്ഷകളിലും ഭാഷാന്യൂനപക്ഷങ്ങൾക്ക് നിലവിലെ അവകാശം നിലനിറുത്തി ഒരു പേപ്പർ മലയാളത്തിൽത്തന്നെ ആയിരിക്കേണ്ടതാണ്. സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും വെബ്സൈറ്റുകളിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കേണ്ടതാണ്. ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ വർഷവും നവംബർ ഒന്നിന് സ്കൂളുകളിൽ മലയാളഭാഷാപ്രതിജ്ഞയും ഓഫീസുകളിൽ ഭരണഭാഷാപ്രതിജ്ഞയും എടുക്കേണ്ടതാണ്.

സാങ്കേതികയോഗ്യതകൾ ആവശ്യമില്ലാത്ത ബിരുദതലം വരെയുള്ള എല്ലാ പരീക്ഷകളും മലയാളമാധ്യമത്തിൽ നടത്തുന്നതിനും എഴുത്തുപരീക്ഷകളിൽ ഉദ്യോഗാർഥികൾക്ക് മലയാളമാധ്യമത്തിൽക്കൂടി പരീക്ഷ എഴുതാൻ അനുവാദം നൽകുന്നതിനും കേരള പബ്ലിക് സർവീസ് കമ്മിഷൻ തീരുമാനിച്ചത് ഔദ്യോഗികഭാഷാവകുപ്പിന്റെ നിതാന്തപരിശ്രമത്തിനൊടുവിലാണ്.

കേരളസർക്കാരിനായി ഔദ്യോഗികഭാഷാവകുപ്പ് 'ഭരണമലയാളം' എന്ന പേരിൽ ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ മലയാളത്തിന്റെ ഉപയോഗം ഭരണതലത്തിലൂടെ എല്ലാ മേഖലകളിലും സാർവത്രികമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

## കോടതിഭാഷ

ഹൈക്കോടതി ഉൾപ്പെടെയുള്ള എല്ലാ കോടതികളിലെയും വ്യവഹാരഭാഷയും ഭരണഭാഷയും മലയാളമാക്കുന്നതിനുള്ള നിർദേശങ്ങൾ ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ കമ്മിറ്റി സർക്കാരിന് സമർപ്പിച്ചത് 1987-ലാണ്.

മുൻസിഫ്-മജിസ്ട്രേറ്റ് കോടതികളിലെ നടപടികളും ജില്ലാക്കോടതികളിലേക്ക് അപ്പീൽ/റിവിഷൻ അധികാരം ഉള്ളതുമായ കേസുകളിലെ വിധിന്യായങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുക, ജഡ്ജിമാർക്ക് വിധിന്യായങ്ങൾ




മലയാളത്തിൽ എഴുതുന്നതിനുള്ള പരിശീലനം നൽകുക, കോടതികളിൽ ആവശ്യമായ പരിഭാഷകരുടെ തസ്തിക സൃഷ്ടിക്കുക തുടങ്ങിയ പരിപാടികൾ നടപ്പിലാക്കിക്കൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഭാഷാഭിവൃദ്ധിയെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ ലിപികൾക്കും ഏകീകൃത എഴുത്തുരീതിക്കും മുഖ്യപങ്കുണ്ട്. മലയാളഭാഷയുടെ സർവതോമുഖമായ പുരോഗതിക്ക് നമ്മുടെ സമൂഹത്തിൽ ഭരണം, വിദ്യഭ്യാസം, അച്ചടി-ദൃശ്യമാധ്യമങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും ഒരേ വിധത്തിലുള്ള എഴുത്തുരീതിയും അച്ചടിരീതിയും പിന്തുടരേണ്ടത് അനിവാര്യമാണ്. മലയാളഭാഷയിൽ ഏകീകൃത ഭാഷാരചനാസമ്പ്രദായം രൂപപ്പെടുത്തുന്നതിനും 1971 ലിപിപരിഷ്കരണ ഉത്തരവ് പുനഃപരിശോധിക്കുന്നതിനും മലയാളഭാഷയിൽ പുതിയ വാക്കുകൾ കണ്ടെത്തി അംഗീകരിക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഭാഷാമാർഗ നിർദേശക വിദഗ്ധസമിതി 2021 ൽ രൂപവൽക്കരിച്ചു. ഈ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും തുടർന്ന് മാനകീകരിച്ച ലിപിയും ഭാഷാപ്രയോഗരീതിയും എല്ലാ മേഖലകളിലും പ്രാബല്യത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ❑

# ഭാഷാപഠനം വിവിധ സർവകലാശാലകളിൽ

കേവലം ഒരു സംവേദനോപാധി എന്നതിനപ്പുറം ഭാഷയുടെയും സാഹിത്യത്തിന്റെയും വ്യത്യസ്തതലങ്ങളെ കണ്ടെത്തുവാനും ഗവേഷണാത്മകമായി ഉപയോഗപ്പെടുത്തുവാനും ലക്ഷ്യമിട്ടാണ് ബിരുദ -ബിരുദാനന്തര-ഗവേഷണ മേഖലകളിൽ ഭാഷാപഠനകോഴ്സുകൾ കേരളത്തിലെ സർവകലാശാലകൾ നടത്തുന്നത്.

മലയാളഭാഷ, താരതമ്യസാഹിത്യം, മലയാളവിമർശനം, സംസ്കാര-പൈതൃകം, ദക്ഷിണേന്ത്യൻ ഭാഷകളുടെ ലിപി പരിണാമം, ഗോത്രഭാഷകൾ, പ്രാദേശിക ഭാഷകൾ, മലയാള കവിത, ചെറുകഥ, നോവൽ, കേരളീയ നവോത്ഥാനം, ചരിത്രം, കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യം, പരിഭാഷ,ഡിജിറ്റൽ ലൈബ്രറി, പുരാരേഖകൾ, മ്യൂസിയം എന്നിങ്ങനെ സമസ്ത മേഖലകളിലും അറിവുൽപാദനത്തിന് ഉതകുന്നതരം കോഴ്സുകളും ഗവേഷണങ്ങളുമാണ് സർവകലാശാലകൾ നടത്തുന്നത്.

കേരളത്തിലെ സർവകലാശാലകളി ലെ മലയാളഭാഷ, സാഹിത്യം, സംസ്കാരം ബിരുദ- ബിരുദാനന്തര ബിരുദ -ഗവേഷണ കോഴ്സുകൾ അറിയാം

## കണ്ണൂർ യൂണിവേഴ്സിറ്റി



- ബി.എ. മലയാളം
- എം.എ.മലയാളം
- പിഎച്ച്ഡി -മലയാളം
- പിഎച്ച്ഡി -മലയാളം (ഭാഷയും സാഹിത്യവും)

## മഹാത്മാഗാന്ധി സർവകലാശാല



- ബി.എ മലയാളം മോഡൽ (ഭാഷയും സാഹിത്യവും )
- ബി.എ മലയാളം മോഡൽ (വോക്. കോപ്പി എഡിറ്റിംഗ്)
- ബി.എ മലയാളം മോഡൽ (വോക്. കോപ്പി റൈറ്റിംഗ്)
- ബി.എ മലയാളം മോഡൽ ലാംഗ്വേജ് & ലിറ്ററേച്ചർ (വോക്. കോപ്പി റൈറ്റിംഗ്)
- എം.എ മലയാളം

## ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി



- എം.എ.മലയാളം
- എംഫിൽ -മലയാളം
- പിഎച്ച്ഡി -മലയാളം

## കേരള സർവകലാശാല



- ബിഎ മലയാളം
- ബിഎ മലയാളം മാസ് കമ്മ്യൂണിക്കേഷൻ
- എംഎ മലയാളം (സാഹിത്യം)
- എം.എ മലയാള ഭാഷയും സാഹിത്യവും - ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം (CSS)
- എം.എ.മലയാളസാഹിത്യം കേരളപഠനം മാധ്യമപഠനം- സി.എസ്.എസ്
- എം.എ.മലയാളം (കേരള സ്റ്റഡീസ് ആൻഡ് മീഡിയ സ്റ്റഡീസ്)-സി.എസ്.എസ്
- എം.എ മലയാള ഭാഷയും സാഹിത്യവും
- എംഫിൽ -മലയാളം
- പി.എച്ച്.ഡി-കേരള പഠനം
- പി.എച്ച്.ഡി-മലയാളം

## കാലിക്കറ്റ് സർവകലാശാല



- ബി.എ മലയാളം (ഭാഷയും സാഹിത്യവും)
- ബി.എ മലയാളം & സോഷ്യോളജി (ഡബിൾ മെയിൻ)
- എം.എ മലയാളം ( ഭാഷയും സാഹിത്യവും)
- എം.എ മലയാളം വിത്ത് ജേർണലിസം (ഇന്റഗ്രേറ്റഡ്)
- എം.എ മലയാളം

## ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി (SGOU)



- ബിഎ മലയാളം (ഭാഷയും സാഹിത്യവും)
- എംഎ മലയാളം (ഭാഷയും സാഹിത്യവും)

## തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല



- എം.എ. മലയാളം (സാഹിത്യപഠനം)
- എം.എ. മലയാളം (സാഹിത്യരചന)
- എം.എ. മലയാളം (സംസ്കാര പൈതൃകം )

**തയ്യാറാക്കിയത്: രേഷ്മ കൃഷ്ണൻ. ആർ**

# മലയാള സിനിമയുടെ അവസ്ഥ ശുഭസൂചകമാണ്

**ജെ.സി ഡാനിയേൽ പുരസ്കാര ജേതാവും മലയാള സിനിമയുടെ ഖ്യാതി അന്തർദേശീയ തലങ്ങളിൽ എത്തിക്കുകയും ചെയ്ത ശ്രദ്ധേയ സംവിധായകൻ ടി.വി ചന്ദ്രൻ മലയാളസിനിമയുടെ നാൾവഴികളെയും നേട്ടങ്ങളെയും കുറിച്ച് സംസാരിക്കുന്നു.**

ടി.വി ചന്ദ്രൻ/എൻ.പി മുരളീകൃഷ്ണൻ




## വേറിട്ടുനിർത്തിയത് സാഹിത്യത്തിന്റെ സ്വാധീനം

മലയാള സിനിമയ്ക്ക് സാഹിത്യത്തിന്റെ വലിയ പിൻബലമുണ്ട്. ഇതു തന്നെയാണ് മലയാള സിനിമയെ വ്യത്യസ്തമാക്കി നിർത്തിയത്. 1950 കൾ മുതൽ മലയാള സിനിമയിൽ സാഹിത്യത്തിന്റെ സ്വാധീനം ഉണ്ടായിരുന്നു. അതിനു മുമ്പ് ഹിന്ദിയും തമിഴുമെല്ലാം പോലെ തന്നെയായിരുന്നു മലയാള സിനിമയും. നീലക്കുയിൽ മുതൽ ചെമ്മീൻ വരെയുള്ള നമ്മുടെ ശ്രദ്ധേയ സിനിമകൾക്കെല്ലാം സാഹിത്യത്തിന്റെ അടുത്ത പിൻബലമുണ്ടായിരുന്നു. സാഹിത്യസൃഷ്ടികളുമായുള്ള അടുത്ത ബന്ധമാണ് മലയാളസിനിമയെ അന്യഭാഷാസിനിമകളിൽ നിന്ന് വേറിട്ടു നിർത്തിയത്. തമിഴ് മുതലായ ഭാഷകളിലൊന്നും അന്ന് സാഹിത്യകൃതികൾ സിനിമയ്ക്ക് വേണ്ടി അധികം ഉപയോഗപ്പെടുത്തിയിട്ടില്ല. നമ്മുടെ നാട്ടിൽ ഇതിൽനിന്നും വ്യത്യസ്തമായിരുന്നു സ്ഥിതി.

## ദിശ മാറ്റിയ രാമു കാര്യാട്ട്

രാമു കാര്യാട്ട് ഒക്കെ വരുമ്പോഴാണ് മലയാള സിനിമയ്ക്ക് ഒരു ഗൗരവമുള്ള മാറ്റം വരുന്നത്. മലയാളത്തിലെ ആദ്യത്തെ ഗൗരവമുള്ള സിനിമയായി കണക്കാക്കാവുന്നത് നീലക്കുയിൽ ആണ്. അതിനുമുമ്പുള്ളതെല്ലാം തമിഴ് അനുകരണങ്ങളാണ്. അവയെല്ലാം വെറും പേശും നാടകങ്ങളാണ്. അന്ന് മറ്റ് എന്റർടെയ്ൻമെന്റ് ഒന്നും ഇല്ലാത്തതുകൊണ്ട് ഇടയ്ക്ക് മലയാളം സംസാരിക്കുന്ന ഒരു സിനിമ വരുന്നത് പുതുമയായിരുന്നു. അതു കാണാൻ ആളുകൾ തയ്യാറാവുകയും ചെയ്തു.

പി. ഭാസ്കരനും കാര്യാട്ടും ചേർന്ന് നീലക്കുയിൽ ഒരുക്കുമ്പോഴാണ് ഇതിന് ഒരു മാറ്റം വരുന്നത്. അങ്ങനെയാണ് നീലക്കുയിൽ ഗൗരവമുള്ള സിനിമയായി മാറുന്നത്.

പിന്നീട് കാര്യാട്ട് ഒരുക്കിയ തോപ്പിൽഭാസിയുടെ മുടിയനായ പുത്രൻ മറ്റൊരു ഗൗരവമുള്ള സിനിമയാണ്. തകഴിയുടെ രണ്ടിടങ്ങഴിയാണ് ആ കാലഘട്ടത്തിൽ സാഹിത്യത്തിൽ നിന്നുണ്ടായ മറ്റൊരു സിനിമ. എന്നാൽ തകഴിയുടെ നോവലിന്റെ ചലച്ചിത്രാവിഷ്കാരം എന്നതൊഴിച്ച് നിർത്തിയാൽ രണ്ടിടങ്ങഴിയുടെ ഫിലിമിങ് രീതിയൊക്കെ പാട്ടും ബഹളമൊക്കെയായി പഴയ തമിഴ് സിനിമയുടേതു തന്നെയായിരുന്നു. ഇതിന് മാറ്റം വരുന്നത് കാര്യാട്ടിന്റെ മുടിയനായ പുത്രനിലാണ്.

സാഹിത്യ സൃഷ്ടികളിൽ നിന്നുള്ള വേറെയും ശ്രമങ്ങളുണ്ടായെങ്കിലും മലയാള സിനിമയ്ക്ക് ഒരു വലുപ്പം കിട്ടുന്നത് കാര്യാട്ടിന്റെ ചെമ്മീനിലൂടെയാണ്. ചെമ്മീന് സ്വർണമെഡൽ കിട്ടുന്നതോടെയാണ് മലയാള സിനിമ പുറത്ത് അറിയപ്പെടുന്നത്. ഇങ്ങനെയൊരു സിനിമാ ഇൻഡസ്ട്രി ഉണ്ടെന്ന് അതിലൂടെ പലരും അറിഞ്ഞു. അതിനു മുമ്പ് മറ്റ് സിനിമാ ഇൻഡസ്ട്രികളെപ്പോലെ അതതു പ്രദേശത്ത് തന്നെ ഒതുങ്ങി നിൽക്കുന്നതായിരുന്നു മലയാളവും. പിന്നീട് കുറേ സാഹിത്യ സൃഷ്ടികൾ സിനിമകൾക്ക് വിഷയമായി. 1970 കൾ വരെ ഈ പ്രവണത തുടർന്നു പോന്നു. അന്നെല്ലാം മറ്റു ഭാഷകളിലെല്ലാം അതതു ഭാഷാ സിനിമകൾ തന്നെ കാണുന്ന രീതിയാണ് ഉണ്ടായിരുന്നത്. മലയാള സിനിമയുടെ കാര്യവും അങ്ങനെ തന്നെ. മലയാളം വിശേഷിച്ച് ആരും കാണുന്നില്ല. ചെമ്മീൻ പോലും കേരളത്തിനു പുറത്ത് അധികം പേർ കണ്ടെന്ന് ഉറപ്പു പറയാനാകില്ല.

## ഓളവും തീരവും ലക്ഷണമൊത്ത ആദ്യ മലയാള സിനിമ

എം.ടിയെ പോലൊരു തിരക്കഥാകാരനും പി.എൻ മേനോനെ പോലൊരു സംവിധായകനുമാണ് മലയാള സിനിമയ്ക്ക് ശരിയായ ദിശാബോധം നൽകിയവർ. പി.എൻ മേനോന്റെ ഓളവും തീരവും ആണ് ലക്ഷണമൊത്ത ആദ്യ മലയാളസിനിമയെന്നു പറയാവുന്നത്. കെ.എസ് സേതുമാധവന്റെ സിനിമകളെല്ലാം സാഹിത്യസൃഷ്ടികളെ അവലംബിച്ച് ഉണ്ടായി എന്നതിനപ്പുറം സിനിമയുടെ ഉത്തമലക്ഷണങ്ങൾ ഉള്ളവയായിരുന്നില്ല. സാഹിത്യ രചനകളെ അവലംബിച്ചുള്ളതായതിനാൽ മികച്ച കഥാപാത്രസൃഷ്ടികളുണ്ടായിരുന്നു അവയിലെല്ലാം. സത്യനെയും കൊട്ടാരക്കരയേയും പി.ജെ ആന്റണിയെയും പോലുള്ള നടൻമാരുടെ മികച്ച പ്രകടനവും ഈ സിനിമകൾക്ക് ഗുണം ചെയ്തു. എന്നാൽ ഉത്തമസൃഷ്ടി എന്ന നിലയിൽ മലയാള സിനിമയ്ക്ക് പുതുധാര തുറന്നിടുന്നത് പി.എൻ മേനോനായിരുന്നു. ഓളവും തീരവും പോലെ ശ്രദ്ധിക്കപ്പെട്ടില്ലെങ്കിലും മേനോന്റെ മാപ്പുസാക്ഷിയൊക്കെ അത്തരത്തിൽ പ്രധാനപ്പെട്ട സിനിമയാണ്. പി.എൻ മേനോനെ തുടർന്നാണ് അടൂർ ഗോപാലകൃഷ്ണന്റെയും അരവിന്ദന്റെയും കെ.പി കുമാരന്റെയുമൊക്കെ വരവ്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വേറെയും ചെറുപ്പക്കാർ മലയാള സിനിമയിലേക്ക് വന്നു. അതിൽ എല്ലാവരും വിജയിച്ചെന്ന് പറയാനാകില്ല. എങ്കിലും അവർ മലയാള സിനിമയിൽ വ്യത്യസ്തതകൊണ്ടുവന്നവരാണ്.

1970 കൾ അത്തരത്തിൽ മലയാള സിനിമയ്ക്ക് വ്യത്യസ്തത കൊണ്ടുവന്ന ഒരു കാലമാണ്. ഒരുപാട് ചെറുപ്പക്കാർ സിനിമയിലേക്ക് വരികയും സിനിമ കുറേക്കൂടി ഗൗരവമുള്ള ഒരു കലാരൂപമാണെന്ന ധാരണ ജനങ്ങളിലേക്കും എത്തിക്കാൻ സാധിച്ച ഒരു കാലമായിരുന്നു. സംവിധായകരെ പോലെ സാങ്കേതികപരമായും മലയാള സിനിമയ്ക്ക് വേറിട്ടൊരു ഔന്നത്യം ഈ കാലത്തുണ്ടായി. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂ



ടി.വി ചന്ദ്രൻ

ട്ടിൽ നിന്ന് ബാലു മഹേന്ദ്ര, അഡയാർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് മങ്കട രവിവർമ്മ എന്നിവർ ക്യാമറയിലും പുനെ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എഡിറ്റിങ്ങ് പരിശീലിച്ച് രവിയും മലയാള സിനിമയിലെത്തി. എഡിറ്റർ എന്ന പദവി മലയാള സിനിമ അറിഞ്ഞു തുടങ്ങിയത് രവിയിലൂടെയാണ്. അതിനു മുമ്പ് സിനിമയുടെ എഡിറ്റിങ്ങിനെ കുറിച്ച് നമ്മൾ അത്ര ശ്രദ്ധാലുക്കളായി രുന്നില്ല. ആ കാലത്തുണ്ടായ വേറിട്ട സിനിമകളുടെയെല്ലാം എഡിറ്റർ രവിയായിരുന്നു. ഇതിനെ തുടർന്ന് പി. രാമൻ നായർ വന്നു. സൗണ്ട് റെക്കോർഡിങ്ങിൽ ദേവദാസ് കടന്നുവന്നത് ഇതുപോലെ വിപ്ലവകരമായ മാറ്റത്തിന് തുടക്കമിട്ടു കൊണ്ടായിരുന്നു. അടൂരിന്റെ സ്വയംവരത്തിൽ പശ്ചാത്തല സംഗീതം ഉണ്ടായിരുന്നില്ല. ദേവദാസ് ആണ് സ്വയംവരത്തിന്റെ സൗണ്ട് റെക്കോർഡ് ചെയ്തത്. അന്ന് അത് വലിയൊരു പരീക്ഷണവും പുതുമയുമായിരുന്നു. ദേവദാസിന്റെ പിൻഗാമികളായി കൃഷ്ണനുണ്ണിയും ഹരികുമാറുമൊക്കെ വന്നു. ഇൻസ്റ്റിറ്റ്യൂട്ട് ക്യാമറാമാൻമാരുടെ തുടർച്ചകളാണ് മധു അമ്പാട്ടിലും വേണുവിലുമൊക്കെ മലയാള സിനിമ കണ്ടത്. ആ കാലത്തു തന്നെ പി എ ബക്കറിന്റെ വളരെ ശക്തമായ രാഷ്ട്രീയ സിനിമകളുണ്ടായി.

എഴുപതുകളിൽ തുടങ്ങിയ ഈ മാറ്റം മലയാളത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. ഇന്ത്യൻ സിനിമയിലാകെ ഈ മാറ്റം പ്രകടമാണ്. ശ്യാം ബെനഗൽ, മണി കൗൾ, കുമാർ സാഹ്നി, നസറുദ്ദീൻ ഷാ തുടങ്ങിയ വരൊക്കെ സിനിമയിലെ പല മേഖലകളിൽ ഈ പരീക്ഷണത്തിന്റെയും പുതുധാരയുടെയും ഭാഗമാണ്.

## മാനവികതയും സാങ്കേതികതയും ഒത്തുചേർന്ന കെ.ജി ജോർജ്

മലയാളത്തിൽ ഏറ്റവുമധികം ശ്രദ്ധിക്കപ്പെടേണ്ടിയിരുന്ന സംവിധായകൻ കെജി ജോർജ് ആണ്. ആ കാലത്ത് അത്ര അംഗീകാരങ്ങളൊന്നും കിട്ടിയില്ലെങ്കിലും ഇപ്പോൾ ജോർജ് ഏറെ അംഗീകരിക്കപ്പെട്ടു ന്നു. രാമു കാര്യാട്ടിന്റെ മാനവികതയും



പൊന്തൻമാട



പാഠം ഒന്ന് ഒരു വിലാപം























കഥാവശേഷൻ



ഡാനി

പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ടെക്നിക്കാലിറ്റിയും ചേർന്നയാളാണ് ജോർജ്. ഇതാണ് മറ്റ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകാരിൽ നിന്ന് ജോർജിനെ വേറിട്ടു നിർത്തുന്നത്. മറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകാരൊക്കെ ഒരു ഡിപ്ലോമസി തലത്തിലേക്ക് പോയപ്പോൾ ജോർജ് അതിനെ വെളിയിലുള്ള മനുഷ്യരുമായി ബന്ധപ്പെടുത്തി. അങ്ങനെയാണ് യവനിക പോലെ നാടക കലാകാരൻമാരായും ലേഖയുടെ മരണം പോലെ സിനിമാ കലാകാരൻമാരെയും കോലങ്ങൾ പോലെ ഒരു ഗ്രാമത്തിന്റെ കഥയും ഇരകൾ പോലെ ഏറ്റവും മഹത്തായ ഒരു സിനിമയുമൊക്കെ രൂപപ്പെടുന്നത്. അങ്ങനെ എപ്പോഴും ചെറിയ ഫ്രെയിമിനു വെളിയിലേക്ക് മനുഷ്യരുമായി അടുപ്പിക്കാൻ ജോർജിന് സാധിച്ചു. ജോർജ് ആദ്യമായി വർക്ക് ചെയ്യുന്നത് രാമു കാര്യാട്ടിന്റെ നെല്ലിലാണ്. അങ്ങനെ കാര്യാട്ടിലെ മാനുഷികാംശവും ജോർജിലെ സാങ്കേതികതയും ചേർന്നപ്പോഴാണ് ഏറ്റവും മനോഹരമായ സിനിമകളുണ്ടായത്.

## 1980 കളിലെ തുടർച്ച

1970 കൾ വരെ തുടർന്ന സാഹിത്യവുമായുള്ള മലയാള സിനിമയുടെ ബന്ധം മറ്റൊരു തലത്തിലെത്തുന്നത് 1980 കളിൽ പത്മരാജനിലൂടെയാണ്. സാഹിത്യവുമായുള്ള വേറിട്ട ഒരു ഇഴച്ചേർച്ച സിനിമയിൽ കൊണ്ടുവന്നയാളാണ് പത്മരാജൻ. അദ്ദേഹത്തിന്റെ സിനിമകളിലും കഥാപാത്രങ്ങളിലും ഈ സവിശേഷത കാണാം. ഭരതൻ വന്നതോടെ കുറേക്കൂടി വിഷ്വൽ സ്വഭാവമുള്ള സിനിമകൾ വന്നു. ഐ.വി ശശിയും ജോഷിയും പോലെയുള്ള സംവിധായകരുടെ സാന്നിധ്യം 1980-കളിൽ വാണിജ്യപരമായി മലയാള സിനിമയിൽ കുറേക്കൂടി ഉണർവുണ്ടായി. എന്നാൽക്കൂടി വാണിജ്യപരമായി താരതമ്യം ചെയ്യുമ്പോൾ തമിഴ് ഉൾപ്പെടെയുള്ള സിനിമാ ഇൻഡസ്ട്രികളുടെ താഴെ



യവനിക



ഒരേ തൂവൽപക്ഷികൾ



ഇരകൾ

ത്തന്നെയായിരുന്നു മലയാളം. എന്നാൽ ദേശീയ, അന്തർദേശീയ തലത്തിൽ മലയാള സിനിമയ്ക്ക് വേണ്ടത്ര അംഗീകാരങ്ങൾ ലഭിച്ചുവെന്നു തന്നെയാണ് കരുതുന്ന ത്. മലയാളസിനിമ ചെയ്തുവച്ച കാര്യങ്ങൾ അംഗീകരി ക്കപ്പെട്ടിട്ടുണ്ട്.

## ഇഷ്ടസിനിമകൾ

കെ.പി കുമാരന്റെ അതിഥി, കെ.ജി ജോർജിന്റെ ഇരകൾ, പവിത്രന്റെ യാരോ ഒരാൾ, രവീന്ദ്രന്റെ ഒരേ തൂവൽപക്ഷികൾ ഇവയൊക്കെയാണ് വ്യക്തിപരമായി ഇഷ്ടപ്പെട്ട മലയാള സിനിമകൾ.

പുതിയ കാലത്തെ പ്രതീക്ഷകൾ

പുതിയ കാലത്തെ സിനിമകളിൽ ലിജോ ജോസ് പെല്ലിശ്ശേരിയുടെ സിനിമകൾ വളരെ ഇഷ്ടമാണ്. അതുപോലെ ദിലീഷ് പോത്തന്റെ സിനിമകൾ. മലയാള ത്തിലെ പുതുതലമുറയിലെ പ്രധാന ചലച്ചിത്രകാരന്മാരാ

> ഒരുപാട് പുതിയ ചെറുപ്പക്കാർ വരുന്നു. പരീക്ഷണങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ടു തന്നെ മലയാള സിനിമയുടെ അവസ്ഥ ശുഭസൂചകമാണ്

യി എനിക്ക് തോന്നുന്നതും ഇവരെയാണ്. ശ്യം പുഷ്കരൻ മികച്ച തിരക്കഥാകൃത്താണ്. മലയാളത്തിൽ ഒരുപാട് സിനിമകൾ ഉണ്ടാകുന്നുണ്ട്. ഒരുപാട് പുതിയ ചെറുപ്പക്കാർ വരുന്നു. പരീക്ഷണങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ടു തന്നെ മലയാള സിനിമയുടെ അവസ്ഥ ശുഭസൂചകമാണ്. എപ്പോഴും മലയാള സിനിമയിൽ ഈ പ്രവണത ഉണ്ട്. ഇത്തവണ ഐഎഫ്എഫ്കെയിൽ കാണിക്കുന്ന മലയാളം സിനിമ ടുഡേ വിഭാഗം ശ്രദ്ധിച്ചു. അതിൽ ഭൂരിഭാഗം സംവിധായകരുടെയും പേര് പോലും ഞാൻ കേട്ടിട്ടില്ല. അത്രയധികം പുതിയ സംവിധായകർ വരുന്നു. ഇതെല്ലാം വലിയ കാര്യമല്ലേ. ഡിജിറ്റൽ സംവിധാനം വന്നതോടെ കുറേക്കൂടി ഡമോക്രാറ്റിക് ആയ സിനിമാ നിർമ്മാണം സാധ്യമായി. എന്നാൽ അവയെല്ലാം സിനിമ യുടെ ക്വാളിറ്റി മെയിന്റെയിൻ ചെയ്യുന്നു എന്ന് പറയാനാകി ല്ല. എങ്കിലും കഴിവുള്ള ധാരാളം ചെറുപ്പക്കാരുണ്ട് എന്നു തന്നെ പറയേണ്ടി വരും. മറ്റ് ഭാഷകളിൽ ഇല്ലാത്ത പരീക്ഷണങ്ങൾ നടത്തുന്ന ഫിലിം മേക്കേഴ്സ് ഉണ്ട്. മലയാളത്തിൽ ഒരുപാട് സിനിമകൾ ഉണ്ടാകുന്നുണ്ട്. എന്നാൽ സിനിമകളുടെ എണ്ണം അത്ര ആശാസ്യ കരമായ കാര്യമല്ല.



## വി.കെ.എന്നും ബഷീറും

വി.കെ.എന്നിനെയും വൈക്കം മുഹമ്മദ് ബഷീറിനെ യും പോലെയുള്ളവർ ജനിച്ച നാട്ടിൽ ജീവിക്കാനായി എന്നതാണ് മലയാളി എന്ന നിലയിൽ തോന്നുന്ന ഏറ്റവും അഭിമാനകരമായ കാര്യം. ❑



കേരളം സുരക്ഷിതം \ കേരളം അഭിമാനം
നല്ല നാടിന്റെ നന്മകൾ കാണാൻ
സമകാലിക
ജനപഥം
KERALA CALLING
പ്രത്യേക
വരിസംഖ്യാ
ക്യാംപെയ്ൻ
സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ
സമകാലിക ജനപഥത്തിന്റെയും
കേരള കോളിങ്ങിന്റെയും വാർഷിക
വരിക്കാരാവാൻ ഇപ്പോൾ സുവർണാവസരം...
ഒരുവർഷത്തേക്ക് കേരളകോളിങ്ങിനും
ജനപഥത്തിനും
240 രൂപ
വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്
ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക...
0471-2517036
iocirculation@gmail.com
കൂടാതെ www.etreasury.kerala.gov.in
എന്ന വെബ്സൈറ്റിലൂടെയും പണമയയ്ക്കാം

License to post Without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: 01.11.2023
KERMAL2014/58028 Price: 12.00
Reg. No. KL/TV(N)660/2022-2024

കേരളീയം
Keraleeyam

കേരള സർക്കാർ



# കേരളീയത്തിന് ഞാനുമുണ്ട്. നിങ്ങളുണ്ടാവില്ലേ?

## കേരളീയം 2023

നവംബർ 1 മുതൽ 7 വരെ
തിരുവനന്തപുരം

- കവടിയാർ മുതൽ കിഴക്കേകോട്ട വരെ 40 ലേറെ വേദികൾ
- കേരളീയ കലാരൂപങ്ങളുടെ അവതരണം
- കേരളത്തിന്റെ വളർച്ച പ്രതിഫലിയ്ക്കുന്ന പ്രദർശനങ്ങൾ
- ദീപാലങ്കാരങ്ങൾ, ഭക്ഷ്യമേളകൾ, ചലച്ചിത്രോത്സവം, പുഷ്പമേള
- വിപണനമേള, ബിസിനസ് മീറ്റുകൾ

ഏവർക്കും സ്വാഗതം!

കൂടുതൽ വിവരങ്ങൾക്കായി സന്ദർശിക്കൂ:
keraleeyam.kerala.gov.in

ഇൻഫർമേഷൻ &
പബ്ലിക് റിലേഷൻസ് വകുപ്പ്

സിതാര കൃഷ്ണകുമാർ
(ഗായിക)

stark.in

Printed and Published by T.V. Subhash IAS, Director, Information Public Relations Departmenton behalf of Government of Kerala and Printed at Akshara Offset ,Thiruvananthapuram, Kerala. Published from Information Public Relations Department, Govt.of Kerala, Government Secretariat, Thiruvananthapuram-695001 Editor: T.V. Subhash IAS